2025 JULY 20

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## വിശ്വാസദീപ്തി നിറവിൽ ഫാമിലി – യൂത്ത് കോൺഫറൻസ്



## ഡോ. എം. അനിരുദ്ധൻ

## ഫൊക്കാന സ്ഥാപകനു വിട






AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org

# അമേരിക്കൻ മലങ്കര അതിഭദ്രാസന 36–ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് ഉദ്ഘാടനം ശ്രദ്ധേയമായി





ജോർജ് കറുത്തേടത്ത്

വാഷിംഗ്ടൺ ഡിസിയിലെ ഹിൽട്ടൺ വാഷിംഗ്ടൺ ഡ്യൂലെസ് എയർ പോർട്ട് ഹോട്ടലിൽ വെച്ചു നടത്തുന്ന അമേരിക്കൻ മലങ്കര അതിഭദ്രാസന യൂത്ത് ആന്റ് ഫാമിലി കോൺഫറൻസിന്റെ ഉദ്ഘാടന കർമ്മം ജൂലായ് 17(വ്യാഴം) രാവിലെ 9.30ന് നടത്തപ്പെട്ടു. ചീഫ് ഗസ്റ്റ് ഡോ.സാറാ നൈറ്റ്, അഭിവന്ദ്യ മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ മോർ ജോസഫ് ബാലി മെത്രാപോലീത്താ, റവ.ഫാ.ഏലിജാ എസ്താഫാനോസ് എന്നീ വിശിഷ്ടവ്യക്തികൾക്ക് പുറമെ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വന്ദ്യ വൈദീകർ, നൂറു കണക്കിന് വിശ്വാസികളും

ഈ ധന്യ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.

ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് കാതോലിക്കാ ബാവായുടെ ആശംസാ സന്ദേശം അഭിവന്ദ്യ അന്തീമോസ് മെത്രാപോലീത്താ സദസ്സിൽ വായിച്ചു.

വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും. യോഹന്നാൻ 11.40' എന്ന ചിന്താ വിഷയത്തെ അടിസ്ഥാനമാക്കി, കുടുംബമേളയിൽ പഠനക്ലാസ്സുകളും ചർച്ചകളും ക്രമീകരിച്ചിട്ടുണ്ട്.

റവ. ഫാ.ജെറി ജേക്കബ്(ഭദ്രാസന സെക്രട്ടറി) സ്വാഗതം ആശംസിച്ചു. മൂന്നര പതിറ്റാണ്ടിലധികം പിന്നിട്ട ഈ ഭദ്രാസനത്തിന്റെ പടിപടിയാള്ളു വളർച്ചയുടെ വിവിധഘട്ടങ്ങളെ കുറിച്ച് ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്താ വിവരിച്ചു. അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കാനഡ റീജിയൻ, പ്രത്യേക ഭദ്രാസനമായി ഉയർത്തുന്നതിനുള്ള ശുപാർശ പരിശുദ്ധ പാത്രിയർക്കീസ് ബാവാക്ക് സമർപ്പിക്കുമെന്ന് അഭിവന്ദ്യ മെത്രാപോലീത്താ അറിയിച്ചു.

തുടർന്ന് 'മലങ്കരദീപം 2025' ന്റെ പ്രകാശനകർമ്മം നടന്നു. വളരെ ഭംഗിയായി ഈ വർഷത്തെ മലങ്കര ദീപം പ്രസിദ്ധീകരിക്കുവാൻ തക്കവണ്ണം സഹകരിച്ച ഏവർക്കും ചീഫ് എഡിറ്റർ ബെൽമ സെഖറിയ നന്ദി പറഞ്ഞു.

ഫാ. കുരിയാക്കോസ് പുതുപ്പാടി(ലിറിക്സ്)

തോമസ് വാരപെട്ടി- മ്യൂസിക്

എൽദോസ് പാലക്കാടൻ-വോക്കൽ

വി.ജെ. പ്രദീഷ്-ഓർക്കസ്ട്രേഷൻ

എന്നിവർ ചേർന്ന് തയ്യാറാക്കിയ 'നോർത്ത് അമേരിക്കൻ അതിഭദ്രാസന മക്കൾ' എന്ന ഗാനത്തിന്റെ സമർപ്പണവും നടന്നു. നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികാഘോഷത്തിന്റെ ചരിത്ര പ്രാധാന്യത്തെ സംബന്ധിച്ച് റവ.ഫാ. പോൾ തോട്ടക്കാട്ട് വിവരിച്ചു.



# ഡോ. എം. അനിരുദ്ധന് അശ്രുപൂജ

## പ്രവാസി സമൂഹം തേങ്ങി



ചിക്കാഗോ : ഫൊക്കാന സ്ഥാപക പ്രസിഡന്റും വ്യവസായിയുമായ ഡോ. എം അനിരുദ്ധൻ അന്തരിച്ചു. മൂന്ന് തവണ ഫൊക്കാന പ്രസിഡന്റ് ആയി സേവനമനുഷ്ടിച്ചു. ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റുകൂടിയാണ് ഡോ. അനിരുദ്ധൻ.

നോർക്ക, മാതൃഭൂമി എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗമായിരുന്നു.

ചേർത്തല സ്വദേശി നിഷയാണ് ഭാര്യ. മക്കൾ ഡോ. അനൂപും അരുണും. അരുൺ അച്ഛനൊപ്പം ബിസിനസിൽ പങ്കാളിയാണ്.

ഓച്ചിറ സ്വദേശിയായ അനിരുദ്ധൻ കൊല്ലം എസ്.എൻ. കോളേജിൽ നിന്ന് മാസ്റ്റർ ബിരുദം നേടി. രസതന്ത്രത്തിൽ ഗവേഷണത്തിനായാണ് 1973-ൽ അമേരിക്കയിലെത്തിയത് . ടെക്സസിലെ എ. ആൻഡ് എം. സർവകലാശാലയിൽ ആണവ രസതന്ത്രം (ന്യൂക്ലിയർ കെമിസ്ട്രി) അധ്യാപകനായിരിക്കെ ന്യൂട്രീഷ്യൻ മേഖലയിലേക്ക് തിരിഞ്ഞു. പിന്നീട് ഈ വിഷയത്തിലും പിഎച്ച്.ഡി. എടുത്തു.

തുടർന്ന് ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര ഉത്പാദകരായ സാൻഡോസിന്റെ ഗവേഷണവിഭാഗം തലവനായി 10 വർഷം തുടർന്നു. കുട്ടികൾക്കായുള്ള പോഷകങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏറെ വർഷം ഗവേഷണം നടത്തി. പിന്നീടാണ് സ്വന്തമായി വ്യവസായ ശൃംഖല വികസിപ്പിച്ചെടുക്കുന്നത്.

സാൻഡോസിന് വേണ്ടി, അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷ്യൻ ഉത്പന്നം ഐസോ സ്റ്റാർ വികസിപ്പിച്ചെടുത്തത് അനിരുദ്ധൻ അടങ്ങുന്ന സംഘമായിരുന്നു.

പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1983-ൽ കെ.ആർ. നാരായണൻ അംബാസഡറായിരിക്കെ, അദ്ദേഹത്തിന്റെ സഹായത്തോടെ വടക്കൻ അമേരിക്കയിലെ മലയാളി കൂട്ടായ്മയായ 'ഫൊക്കാന'യ്ക്ക് രൂപം നൽകിയത് ഡോ. അനിരുദ്ധനാണ്. രണ്ട് പതിറ്റാണ്ടോളം നേതൃനിരയിൽ തുടർന്നു.

നിരവധി ഭക്ഷ്യോത്പാദന കമ്പനികളുടെ കൺസൽട്ടന്റായിരുന്ന അദ്ദേഹം അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്.ഡി.എ.) ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമായിരുന്നു. യു.എസ്.എ.യിലെ നാഷണൽ ഫുഡ് പ്രൊസസേഴ്സ് അസോസിയേഷൻ മികച്ച ആർ. ആൻഡ് ഡി. ശാസ്ത്രജ്ഞനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു.

ഡോ. അനിരുദ്ധന്റെ ആകസ്മികമായ വേർപാടിൽ ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ അനുശോചനം അറിയിച്ചു .

മുൻ ഫൊക്കാന പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ വാഷിംഗ്ടൺ കൺവൻഷനിൽ വച്ച് ഇപ്രകാരം അനുസ്മരിക്കുകയുണ്ടായി. '1983-ൽ അമേരിക്കയിലെ മലയാളികളെ ഒന്നിപ്പിക്കാനായി ഒരു ചെറുപ്പക്കാരൻ മുന്നോട്ടുവന്നു. ഡോ. അനിരുദ്ധൻ.. അദ്ദേഹം ഇന്ന് ഇവിടെയില്ല. ഫൊക്കാനയുടെ പിതാവും, സ്ഥാപകനുമായിരുന്നു അദ്ദേഹം. നമ്മുടെ വേരുകൾ നാം ഒരിക്കലും മറക്കാൻ പാടില്ല. ആ മനുഷ്യൻ ചോരനീരാക്കിയാണ് ഫൊക്കാന എന്ന പ്രതീക്ഷയ്ക്ക് പിന്നാലെ സഞ്ചരിച്ചത്. ഈ സംഘടനയുടെ രൂപീകരണത്തിന്റെ ക്രെഡിറ്റ് അദ്ദേഹത്തിന് നൽകാം. ...



emalayalee.com


India Press Club of North America
IPCNA
India Press Club of North America
SHERATON
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# സ്ഥാപക നേതാവ് ഡോ. എം അനിരുദ്ധന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് : ഫൊക്കാനയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയ വ്യക്തികളിൽ പ്രമുഖനും ഫൊക്കാനയുടെ പ്രസിഡന്റും ആയിരുന്ന ഡോ. എം അനിരുദ്ധന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം. മൂന്ന് തവണ ഫൊക്കാന പ്രസിഡന്റ് ആയി സേവനമനുഷ്ഠിച്ച ഡോ. അനിരുദ്ധൻ ഫൊക്കാനയുടെ എക്കാലത്തേയും മികച്ച പ്രസിഡന്റാണ് . ഫൊക്കാനയെ അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സംഘടനയാക്കുന്നതിലും, ജനകിയമാക്കുന്നതിലും ശ്രീ അനിരുദ്ധൻ വഹിച്ച പങ്ക് വളരെ വലുതാണ്. 1983 ൽ ആദ്യ പ്രസിഡന്റ് ആയ ഡോ. എം അനിരുദ്ധൻ അന്നുമുതൽ മുതൽ 2024 സജിമോൻ ആന്റണി പ്രസിഡന്റ് ആയി നേതൃത്വം ഏൽക്കുമ്പോഴും ഫൊക്കാനയുടെ തലതൊട്ടപ്പനായി നിലകൊണ്ട അദ്ദേഹത്തിന്റെ നേതൃത്വപാടവം ഫൊക്കാനക്ക് എന്നും ഒരു മുതൽക്കൂട്ട് ആയിരുന്നു .


അമേരിക്കയിൽ പലസ്ഥലത്തായി രൂപം കൊണ്ട സാംസ്കാരിക സംഘടനകളെ ഒരു നൂലിഴയിൽ കോർത്ത് മനോഹരമായ മാല തീർക്കാം എന്ന ആശയം മുന്നോട്ട് വെച്ചത് ഡോ. എം അനിരുദ്ധനാണ്. അന്നത്തെ ഇൻഡ്യൻ അംബാസഡർ കെ.ആർ.നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരളാ അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) എന്ന സംഘടന സ്ഥാപിതമായി. അന്നുമുതൽ ഫൊക്കാനയുടെ തേരാളിയായി അദ്ദേഹം നിലകൊണ്ടു.

ഫൊക്കാന അമേരിക്കയിൽ മാത്രമല്ല കേരളത്തിലും ഒരു ശക്തിയായി വളരണമെന്നും അവിടെത്തെ രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ ഫൊക്കാന എന്താണ് എന്ന് അറിയണമെന്നും അതുപോലെ അവിടെത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാനും വേണ്ടി ഫൊക്കാനയെ കേരളത്തിൽ അവതരിപ്പിച്ച് ‘ ഫൊക്കാന കേരള പ്രവേശം ‘ 2001 ൽ ആദ്യമായി കേരളാ കൺവൻഷൻ സംഘടിപ്പിച്ചതും ശ്രീ അനിരുദ്ധനാണ്. അദ്ദേത്തിന്റെ കഴിവും പ്രരിശ്രമവുമാണ് ഫൊക്കാനയെ ലോത്തിലേക്കും ഏറ്റവും വലിയ പ്രവാസി സംഘടനയാക്കി മാറ്റിയെടുത്തത്.

ഡോ. എം അനിരുദ്ധൻ ഫൊക്കാനക്ക് നൽകിയ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാൻ കഴിയുന്നതല്ല. നാല്പത്തിരണ്ടു വർഷക്കാലം ഞങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും , ഞങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തന്നു പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണം വിശ്വസിക്കാൻ കഴിയുന്നില്ലന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഫൊക്കാന എക്സിക്യൂട്ടീവിന് വേണ്ടി പ്രസിഡന്റ് സജിമോൻ ആന്റണി ,സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ ,എക്സി .വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള , ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് , നാഷണൽ കമ്മിറ്റി മെംബേർസ് , ട്രസ്റ്റീ ബോർഡ് മെംബേർസ് എന്നിവരും അനുശോചനം രേഖപ്പെടുത്തി.

ഫൊക്കാന മുൻ പ്രസിഡന്റുമാരായ മന്മഥൻ നായർ, പാർത്ഥസാരഥി പിള്ള, പോൾ കറുകപ്പള്ളിൽ , ജി കെ പിള്ള , ജോൺ പി ജോൺ, തമ്പി ചാക്കോ, മാധവൻ നായർ , ജോർജി വർഗീസ് , ബാബു സ്റ്റീഫൻ എന്നിവരും ഡോ. എം അനിരുദ്ധന്റെ നിര്യാണത്തിൽ അഗാധ ദുഃഖം രേഹപ്പെടുത്തി, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കുന്നതായും അറിയിച്ചു.




Joyalukkas
SUMMER CASHBACK FESTIVAL
Make this summer even brighter with our limited time offers
GET A $75 CASH VOUCHER
WITH EVERY $1,000 PURCHASE OF DIAMOND JEWELRY
GET A $25 CASH VOUCHER
WITH EVERY $1,000 PURCHASE OF PRECIOUS STONE JEWELRY
T&C Apply
0% DEDUCTIONS ON OLD GOLD EXCHANGE.
JUNE 14 TO JULY 27 2025
Shop Today & Get Rewarded!
www.joyalukkas.com
Joyalukkas
World's favourite jeweller
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992

# ഡോ. എം. അനിരുദ്ധന്റെ വിയോഗത്തിൽ നോർക്ക റൂട്ട്സ് ജീവനക്കാർ അനുശോചിച്ചു.






ശാസ്ത്ര പ്രതിഭയ്ക്കൊപ്പം പ്രവാസി സംഘടനാ സംസ്കാരത്തിനു തുടക്കമിട്ട വ്യക്തിത്വം: പി. ശ്രീരാമകൃഷ്ണൻ നോർക്ക റൂട്ട്സ് ഡയറക്ടറും ലോക കേരള സഭ അംഗവും വ്യവസായിയും ശാസ്ത്ര ഗവേഷകനും വടക്കേ അമേരിക്കയിലെ മലയാളികളുടെ സംഘടനയായ ഫൊക്കാനയുടെ പ്രഥമ പ്രസിഡന്റുമായ ഡോ. എം. അനിരുദ്ധന്റെ നിര്യാണത്തിൽ നോർക്ക റൂട്ട്സ് ജീവനക്കാർ അനുശോചിച്ചു. നോർക്ക സെന്ററിൽ നടന്ന അനുശോചന യോഗത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അനുശോചന പ്രമേയം വായിച്ചു.

അധ്യാപകനായും ശാസ്ത്ര ഗവേഷകനായും സംരംഭകനായും സംഘാടകനായും അദ്ദേഹത്തിന് ഒരു പോലെ ശോഭിക്കാനായെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അനുസ്മരിച്ചു. അമേരിക്കയിലെ പ്രവാസികേരളീയർക്കിടയിൽ സംഘടനാ സംസ്കാരം വളർത്തുന്നതിൽ നേതൃത്വപരമായ പങ്കാണ് 1983 ൽ ഫൊക്കാനയ്ക്ക് രൂപം നൽകിയതിലൂടെ ഡോ. എം. അനിരുദ്ധൻ നടത്തിയത്. അന്നത്തെ സാഹചര്യത്തിൽ അസാധ്യമെന്ന് കരുതിയിടത്താണ് അദ്ദേഹം വിജയിച്ചതും പിന്നീട് പ്രവാസികേരളീയർക്കാകെ പ്രചോദനമായതും. കേരളത്തിന്റെ എല്ലാ ആവശ്യങ്ങൾക്കുമൊപ്പം ഒരു അംബാസിഡറെ പോലെ നിശബ്ദനായി അദ്ദേഹം പ്രവർത്തിച്ചു.

നേതൃസ്ഥാനത്ത് നിൽക്കുമ്പോഴും എപ്പോഴും തിരശ്ശീലയ്ക്കു പിറകിൽ നിശബ്ദനായി നിൽക്കാനായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതെന്നും ഡോ. എം. അനിരുദ്ധന്റെ സ്മരണകൾക്കു മുന്നിൽ ആദരമർപ്പിച്ച് പി. ശ്രീരാമകൃഷ്ണൻ ഓർമ്മിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടേയും സുഹൃത്തുക്കളുടേയും ദുഖത്തിൽ പങ്കുചേരുന്നതായും പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. അമേരിക്കയിൽ ടെക്സാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ന്യൂക്ലിയർ കെമിസ്ട്രി, ന്യൂട്രിഷ്യൻ മേഖലകളിലാണ് അദ്ദേഹത്തിന് പി.എച്ച്.ഡി ലഭിച്ചിട്ടുളത്.

സ്പോർട്സ് ന്യൂട്രീഷ്യൻ മേഖലയിലെ നിരവധി സംഭാവനകൾ നൽകിയ വ്യക്തിത്വമായിരുന്നു ഡോ. എം. അനിരുദ്ധനെന്ന് അജിത് കോളശ്ശേരി അനുസ്മരിച്ചു. ബഹുമുഖ മേഖലകളിൽ പ്രതിഭ തെളിയിച്ച അദ്ദഹം എന്നും ഒരു ചെറു പുഞ്ചിരിയോടെ സൗമ്യമായിട്ടാണ് ഏവരോടും ഇടപെട്ടിരുന്നതെന്നും അദ്ദേഹം ഓർമ്മിച്ചു. അനുശോചന യോഗത്തിൽ നോർക്ക സെന്ററിലെ നോർക്ക റൂട്ട്സ് ലോക കേരള സഭ ജീവനക്കാരും മറ്റ് സെന്ററുകളിലെ ജീവനക്കാർ ഓൺലൈനായും സംബന്ധിച്ചു.

# ഹൃദയംകൊണ്ട് സംസാരിച്ച സുഹൃത്ത്: തോമസ് തോമസ്; സമൂഹ നന്മ ലക്ഷ്യമിട്ട വ്യക്തി: ജോർജ് കോശി



ഹൃദയംകൊണ്ട് സംസാരിച്ചിരുന്ന അപൂർവ്വം വ്യക്തിത്വങ്ങളിൽ ഒരാൾ എന്ന നിലയിലാണ് ഡോ. എം.അനിരുദ്ധനെ ഞാൻ ഓർക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ, അത് ശബ്ദസന്ദേശമായാലും ടെക്സ്റ്റ് മെസേജ് ആയാലും മറുതലയ്ക്കലുള്ള ആളോടുള്ള സ്നേഹവും കരുതലും അതിൽ നിറഞ്ഞുതുളുമ്പിനിന്നിരുന്നു.

ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് അരനൂറ്റാണ്ടിന്റെ പഴക്കമുണ്ട്.1973 –74 കാലഘട്ടത്തിലാണ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. 1983 ൽ ഫൊക്കാനയ്ക്ക് രൂപംകൊടുക്കുമ്പോഴാണ് അനിരുദ്ധനുമായി സഹകരിച്ച് പ്രവർത്തിക്കാൻ അവസരമുണ്ടായത്. ആളുകളെ വിലയിരുത്താനും മാറിനിന്ന് വിലയിരുത്താനുമുള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്തുപറയേണ്ടതാണ്.

തോമാച്ചൻ എന്നാണ് അദ്ദേഹമെന്നെ വിളിച്ചിരുന്നത്. അന്തരിച്ച മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ അംബാസഡർ സ്ഥാനമൊഴിഞ്ഞ് തിരിച്ചുപോകുമ്പോൾ വിടവാങ്ങൽ ചടങ്ങിൽ ഞാൻ നടത്തിയ പ്രസംഗം അദ്ദേഹം ശ്രദ്ധിച്ചിരുന്നതായി ഒരിക്കൽ പറഞ്ഞു. എന്റെ ശൈലി ആകർഷണീയമായി തോന്നിയെന്നും തുടർന്നും ഒന്നിച്ച് പ്രവർത്തിക്കാൻ താല്പര്യമുണ്ടെന്നും അനിരുദ്ധൻ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫൊക്കാനയുടെ ആദ്യ ഇലക്ഷനിൽ ഞാൻ മത്സരിക്കാൻ തീരുമാനിച്ചത്.

അതിൽ പ്രഥമ ട്രഷററായി തിരഞ്ഞെടുക്കപ്പെടാൻ എനിക്ക് ഭാഗ്യമുണ്ടായി. അനിരുദ്ധനെ പോലുള്ള ആദ്യകാല അമേരിക്കൻ മലയാളികളുടെ അധ്വാനമാണ് ഫൊക്കാനയെ രൂപപ്പെടുത്തിയെടുത്തത്. രാഷ്ട്രീയത്തിന് അതീതമായി സംഘടന നിലയുറപ്പിച്ചതിൽ അദ്ദേഹത്തിനുള്ള പങ്ക് ചെറുതല്ല.

കേരളത്തിൽ മന്ത്രിസഭകൾ മാറിമാറി വരുമ്പോഴും സർക്കാരുമായി ഫൊക്കാന ഒരേരീതിയിൽ ഊഷ്മളബന്ധം നിലനിർത്തിയത് ആ മാർഗദർശിയെ പിൻപറ്റിക്കൊണ്ടാണ്. അനിരുദ്ധന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളും കൺവൻഷനുകളും ഇന്നും സംഘടനയ്ക്ക് മാതൃകയാണ്. കേരളത്തിൽ കൺവൻഷൻ നടത്തുന്നത് പതിവായതിലും അദ്ദേഹത്തിന് പങ്കുണ്ട്. പി.എസ്.സി ചോദ്യപ്പേപ്പറിൽ ‘ണവമേ ശ എഛരഗഅചഅ‘ എന്ന ചോദ്യം വന്നതിൽ നിന്ന് തന്നെ മലയാളമനസ്സുകളിൽ ആ സംഘടന നേടിയ പ്രശസ്തി വ്യക്തമാകും.

ഫൊക്കാനയുടെ എല്ലാ പ്രസിഡന്റുമാരെയും അദ്ദേഹം നിർലോപം പിന്തുണച്ചു.

കൺവൻഷനുകൾ സ്പോൺസർ ചെയ്യുന്നതുൾപ്പെടെ എന്തിനുമേതിനും അനിരുദ്ധൻ ഒപ്പമുണ്ടായിരുന്നു എന്നതിൽ നിന്നുതന്നെ ഫൊക്കാന അദ്ദേഹത്തിന് എത്രത്തോളം പ്രിയ

പ്പെട്ടതായിരുന്നെന്ന് മനസ്സിലാക്കാം. അവസാനശ്വാസം വരെ ആ സ്നേഹം അദ്ദേഹം നിലനിർത്തി. ഫൊക്കാനയ്ക്കും അമേരിക്കൻ മലയാളികൾക്കും പ്രവാസിസമൂഹത്തിനും കേരളത്തിലെ ജനങ്ങൾക്കും അദ്ദേഹത്തിന്റെ വേർപാടൊരു തീരാനഷ്ടമാണ്.

വിദ്യാസമ്പന്നനും നല്ലൊരു ബിസിനസുകാരനുമായിരുന്ന അനിരുദ്ധന്റെ വിടവാങ്ങൽ വ്യക്തിപരമായും നികത്താനാകാത്ത വിടവാണ്. പ്രിയ സുഹൃത്തിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ വേദനയിൽ ഞാനും എന്റെ ഭാര്യ ഡെയ്സിയും പങ്കുചേരുന്നു. ഫൊക്കാനയിൽ എക്കാലവും അദ്ദേഹത്തിന്റെ സ്മരണകൾ ദീപ്തമായി നിലകൊള്ളട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജോർജ് കോശി, അവിഭക്ത ഫൊക്കാന പ്രസിഡന്റ്

ഫോക്കാനയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി രണ്ടുതവണ സേവനമനുഷ്ഠിച്ച ഒരേയൊരു വ്യക്തിയാണ് ഡോ. അനുരുദ്ധൻ. അദ്ദേഹത്തിന്റെ രണ്ടാം ടേമിൽ ഞാൻ വൈസ് പ്രസിഡണ്ടായി. അന്ന് അമേരിക്കയിലെ മലയാളി സമാജങ്ങളുടെ അടിത്തറ വ്യാപിപ്പിക്കുന്നതിനും നമ്മുടെ സമൂഹത്തിന്റെ സന്ദേശം കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിനും ഞങ്ങൾ പ്രവർത്തിച്ചു. അതിനായി കേരളത്തിൽ ഒന്നിലധികം കൺവെൻഷനുകൾ നടത്തി.

കേരളത്തിന്റെ സാംസ്കാരിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ജീവിതരീതി പ്രോത്സാഹിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങളിൽ സഹകരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

പ്രവർത്തന രീതിയെപ്പറ്റി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, സമൂഹത്തിന്റെ നന്മ എന്നതായിരുന്നു ഇരുവരും ലക്ഷ്യമിട്ടത്. അമേരിക്കയിലും കാനഡയിലുമുള്ള പ്രവാസികളുമായി ഇടപഴകാൻ ഞങ്ങൾക്ക് കഴിഞ്ഞു. അതിൽ സന്തോഷമുണ്ട് .

എന്റെ കുടുംബവും ഞാനും അദ്ദേഹത്തിന്റെ കുടുംബത്തിന് അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

ജോർജ്ജ് കോശി

മുൻ പ്രസിഡന്റ്, ഫോക്കാന

തോമസ് ടി ഉമ്മൻ, ഫോമാ പൊളിറ്റിക്കൽ ഫോറം ചെയർ

വിവിധ കേരളാ അസ്സോസിയേഷനുകളെ ഒരു കുടക്കീഴിൽ അണിനിരത്തുവാനുള്ള മലയാളികളുടെ സ്വപ്നം സഫലമാക്കുന്നതിനു ധീരമായ നേതൃത്വം നൽകിയ പ്രതിഭാശാലിയാണ് അനിരുദ്ധൻ. അദ്ദേഹത്തിന്റെ വേർപാട് നമ്മുടെ സമൂഹത്തെ ശുഷ്കമാക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു




*2008 ൽ പ്രധാനമന്ത്രി മൻമോഹൻ സിംഗിന് ന്യൂ യോർക്കിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത ഡോ അനിരുദ്ധനടക്കമുള്ള നേതാക്കൾ.*



essense GLOBAL
esSENSE fest USA 25
ശാസ്ത്ര സ്വതന്ത്ര ചിന്ത സെമിനാർ
Tomy Sebastian
Moderator: James Kureekkattil
Abhilash Mohanan
DEBATE
ഇസ്രായേൽ പലസ്തീൻ, നീതി ആരുടെ ഭാഗത്ത്?
മതം മനുഷ്യരെ നല്ലവരാക്കുമോ?
Panel Discussion
ലഹരി
വേടന്റെ കഞ്ചാവും കെന്നഡിയുടെ കൊക്കെയ്നും
James Kureekkattil
LUCID DREAM
MENTALISM SHOW
Mentalist Aravind
AI, മനുഷ്യനെ കീഴ്പ്പെടുത്തുമോ?
Sujith Surendran
മത വിചാരണ (Inquisition)
Chacko Kalarickal
Music and Art Performance
Fun Quiz Show
Buffet Lunch
esSENSE Global invites you to a fun-filled and thought-provoking family event
REGISTER NOW
02 August 2025
CHICAGO
8:30 AM to 6:00 PM
Venue: Knanaya Community Center, 1800 E Oakton St, Des Plaines, IL 60018
For enquiries: +1-248-837-0402, +1-248-635-2798



# പ്രണാമം, ഗുരോ

# പഴയ അദ്ധ്യാപകൻ, പിന്നെ സഹപ്രവർത്തകൻ

**മന്മഥൻ നായർ**

ഡോക്ടർ അനിരുദ്ധനുമായി 58 വർഷത്തെ നീണ്ട പരിചയം തുടങ്ങുന്നത് 1967 മുതലാണ്. ആദ്യമായി എന്റെ കെമിസ്ട്രി അധ്യാപകനായി ഹരിപ്പാടിനടുത്തുള്ള ടി.കെ. മാധവ മെമ്മോറിയൽ കോളേജിൽ നിന്ന് ഗുരു ശിഷ്യ ബന്ധത്തിൽ തുടങ്ങി. ഒരു വർഷത്തിലേറെ അദ്ദേഹത്തിന്റെ ക്ലാസിൽ ഇരിക്കാനുള്ള ഭാഗ്യം ലഭിച്ചു. അക്കാലത്തു എസ്.എൻ മാനേജ്മെന്റിനെതിരെ അധ്യാപക സമരം നയിച്ചതിനു സാറിനെ ചെമ്പഴന്തി കോളേജിലേക്ക് സ്ഥലം മാറ്റി. ചെമ്പഴന്തിയിലെ അദ്ധ്യാപകനായിരിക്കെയാണ് അദ്ദേഹം വിവാഹിതനാകുന്നത്.



ആയിരത്തി തൊള്ളായിരത്തിഎഴുപത്തിരണ്ടിൽ അദ്ദേഹം അമേരിക്കയിലേക്ക് ഉപരിപഠനത്തിനായി കപ്പൽ മാർഗം എത്തിച്ചേർന്നു. മിൽവാക്കിയിലെ മാർക്വെറ്റ് യൂണിവേഴ്സിറ്റിയിൽ ഉപരി പഠനം ആരംഭിച്ചു. അമേരിക്കയിൽ ഹിപ്പി പ്രസ്ഥാനം ഉച്ചസ്ഥായിയായി നിലകൊണ്ട കാലഘട്ടം.മാർക്വെറ്റ് യൂണിവേഴ്സിറ്റിയിലെ അന്തരീക്ഷം തനിക്കു യോജിക്കുന്നതല്ല എന്ന് വളരെ വേഗം അദ്ദേഹം മനസ്സിലാക്കി. ലക്ഷ്യങ്ങൾ സഫലീകരിക്കണമെങ്കിൽ കോളേജ് മാറണം എന്ന തീരുമാനത്തിൽ എത്തി. അങ്ങനെ അവിടെ നിന്നും മാറാനുള്ള തീരുമാനം എടുത്തു. തുടർന്ന് ഈസ്റ്റ് ടെക്സസ് യൂണിവേഴ്സിറ്റിയിലേക്കു വരുകയും, നുക്ലീയർ കെമിസ്ട്രി , ഫുഡ് ആൻഡ് ന്യൂട്രിഷൻ എന്നെ വിഷയങ്ങളിൽ പി.എച്ച്ഡി കരസ്ഥമാക്കുകയും ചെയ്തു.

ശ്രീ അനിരുദ്ധൻ കുടുംബമായി താമസം തുടങ്ങുന്നതും, ഞാൻ സാറിനെ 1968 നു ശേഷം ഡോക്ടർ അനിരുദ്ധനായി വീണ്ടും കാണുന്നതും 1981 ൽ ഡാളസ്സിൽ വെച്ചാണ്. അതും ഡാളസ്സിലെ കേരള അസോസിയേഷന്റെ ഒരു ചടങ്ങിൽ. അതിനടുത്ത വര്ഷം അദ്ദേഹം കേരള അസോസിയേഷന്റെ സാരഥി ആയി ചുമതല ഏറ്റു. ശ്രീ അനിരുദ്ധന് സുപ്രസിദ്ധ ശാസ്ത്രജ്ഞൻ ഡോ ജോർജ് സുദര്ശനുമായുള്ള ബന്ധവും യൂണിവേഴ്സിറ്റി ഓഫ് നോർത്ത് ടെക്സസിൽ ജനറ്റിക് വിഭാഗത്തിൽ പ്രൊഫസർ ആയിരുന്ന ഡോ രതീന്ദ്രനുമായുള്ള ബന്ധവും കേരള അസോസിയേഷനിലും, വ്യക്തിപരമായി എന്നിലും വളരെ അധികം സ്വാധീനം ചെലുത്തി.

ഡോ സുദർശനുമായുള്ള അടുപ്പംമൂലം ശ്രീ അനിരുദ്ധൻ യു.ടി ഓസ്റ്റിനിലെ സ്ഥിരം സന്ദർശകനായി. അങ്ങനെയുള്ള ഒരു യാത്രയിൽ കാറിൽ വെച്ചുണ്ടായ രസകരമായ ചർച്ചയുടെ പരിണിതഫലമാണ് ഫൊക്കാന എന്ന മഹത്തായ പ്രസ്ഥാനത്തിന് വഴി ഒരുക്കിയത്. അപ്പോഴേക്കും, അദ്ദേഹം ചിക്കാഗോ കേന്ദ്രമായുള്ള സാൻഡോസ് കമ്പനിയുടെ ഫുഡ് ഡിവിഷന്റെ റിസേർച് ആൻഡ് ഡെവെലപ്മെന്റെ ഹെഡ് ആയി ജോലി സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിലും മലയാളികളെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ട് വരണമെന്ന ആശയം മനസ്സിൽ ഊട്ടി വളർത്തുകയായിരുന്നു. അങ്ങനെ ആ ദൗത്യവുമായി വാഷിങ്ടണിൽ ഇന്ത്യൻ എംബസ്സിയിൽ പോയി അന്നത്തെ അംബാസിഡർ ആയിരുന്ന കെ ആർ നാരായണനെ കാണുകയും, വാഷിങ്ടണിൽ വെച്ച് ഫൊക്കാന കൺവെൻഷൻ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

പക്ഷെ വാഷിങ്ടണിൽ ഒരു കൺവെൻഷൻ നടത്താനുള്ള പരിതസ്ഥിതി ഇല്ലാതിരുന്നതിനാൽ അവസാന നിമിഷത്തിൽ ന്യൂ യോർക്കിലേക്കു മാറ്റുകയാണ് ഉണ്ടായത്. വളരെ അധികം പ്രശ്നങ്ങൾ നേരിട്ട ആ കൺവെൻഷൻ, സാമ്പത്തീകമായി വൻ പരാജയം ആയിരുന്നെങ്കിലും ഡോക്ടർ അനിരുദ്ധന്റെ ഇച്ഛാശക്തി ഒന്ന്മാത്രം ആണ് ഫൊക്കാന എന്ന പ്രസ്ഥാനം എല്ലാത്തിനെയും അതിജീവിച്ചു നിലകൊള്ളുവാൻ സഹായിച്ചത്.


ഫൊക്കാനക്കു വേണ്ടി 1986 ൽ പ്രസിഡന്റ് ആയി സ്ഥാനം ഏറ്റെടുത്തു. എല്ലാം കൊണ്ടും വളരെ ചിട്ട ആയി നടത്തപ്പെട്ട ഒരു കൺവെൻഷൻ ആയിരുന്നു ചിക്കാഗോ.|

വർഷങ്ങള്ക്കു ശേഷം ഡാളസ്സിൽ കൺവെൻഷൻ നടത്താൻ കേരള അസോസിയേഷന്റെ ജനറൽ ബോഡി തീരുമാനിച്ചു . കൂടാതെ പ്രസിഡന്റ് ആയി എന്നെ നോമിനേറ്റും ചെയ്തു. ആ സമയത്തു, ദേശീയ തലത്തിൽ പരിചയം ഇല്ലാതിരുന്ന എന്നെ ചിക്കാഗോയിലെ വീട്ടിൽ വിളിച്ചു വരുത്തി തന്ന എല്ലാ മാർഗനിർദേശങ്ങളും മറക്കാൻ കഴിയാത്ത അനുഭവങ്ങൾ ആയി ഇന്നും മനസ്സിൽ നിറഞ്ഞു നില്കുന്നു. 1994 ൽ ടോറോന്റോയിൽ നിന്ന് ഡാലസിലെക്കു കൺവെൻഷൻ കൊണ്ടുവരുകയും ശ്രീ അനിരുദ്ധൻ ട്രസ്റ്റീ ബോർഡ് അധ്യക്ഷനാകുകയും ചെയ്തു.

ഒരുമിച്ചുള്ള രണ്ട് വർഷത്തെ പ്രവർത്തനാനുഭവം വളരെഅടുത്ത ബന്ധം ആസ്വദിക്കാൻ കഴിഞ്ഞനാളുകൾ ആയി. ക്ലാസ് റൂമിൽ നിന്ന് സംഘടനാ തലത്തിലേക്ക് ബന്ധം പുഷ്ടിപ്പെടുകയും വളരെ വർഷക്കാലം, ഒരുമിച്ചു ഫൊക്കാനയിൽ പ്രവർത്തിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. അങ്ങനെ ഡാളസ് കൺവെൻഷൻ ഭംഗിയായി കഴിഞ്ഞതോടു കൂടി സംഘടനാതലത്തിലുള്ള പ്രവർത്തനത്തിലുപരി വ്യക്തിപരമായി ശ്രീ അനിരുദ്ധൻ ഒരു മെന്റോർ (Mentor) എന്നുള്ള നിലയിലേക്ക് മാറിയിരുന്നു. ശ്രീ അനിരുദ്ധൻ വീണ്ടും പ്രസിഡന്റ് ആയി 2000 ത്തിൽ ചുമതല ഏൽക്കുമ്പോൾ ഞാൻ ട്രസ്റ്റീ ബോർഡ് അധ്യക്ഷനായി ഒരുമിച്ചു പ്രവർത്തിച്ചു.

ആദ്യമായി FOKANA കൊച്ചിയിൽ താജ് മലബാർ ഹോട്ടലിൽ വെച്ച് മുഖ്യമന്ത്രി മാരായിരുന്ന എ. കെ. ആന്റണി, ഇ.കെ. നായനാർ , കെ. കരുണാകരൻ എന്നിവരെ ഒരേ സ്റ്റേജിൽ കൊണ്ടുവരികയും ഫൊക്കാന എന്ന പ്രസ്ഥാനത്തിന്റെ മികവു തെളിയുകയും ചെയ്തു. കൊച്ചി സമ്മേളനം ഡോക്ടർ അനിരുദ്ധന്റെ സർക്കാരിലുള്ള സ്വാധീനവും സംഘടനാ പാടവവും നിറഞ്ഞു നിന്ന ഒന്നായിരുന്നു.

ഡോക്ടർ അനിരുദ്ധൻ വിദേശ മലയാളികൾക്കു വേണ്ടി നോർക്ക റൂട്സ് എന്ന പ്രസ്ഥാനത്തിനു വേണ്ടി ചെയ്ത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളത്തിലെ നോർക്ക റൂട്സിന്റെ ഫൗണ്ടർ ഡയറക്ടർ കൂടിയാണ് അദ്ദേഹം. മാറി മാറി വന്നിരുന്ന കേരള സർക്കാരുകളുടെ മുൻപിൽ, രാഷ്ട്രീയത്തിനുപരി നോർത്തമേരിക്കൻ മലയാളികളുടെ വക്താവായി നിലകൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞു. ലോക കേരളസഭ രൂപം കൊള്ളുമ്പോഴും, അദ്ദേഹത്തിന്റെ അനിഷേധ്യ നേതൃത്വം സർക്കാർ തലത്തിൽ അംഗീകരിക്കപ്പെട്ടു.



സ്വന്തം ബിസിനസ് മാറ്റിവെച്ചു, അദ്ദേഹം ഫൊക്കാനയുടെ വളർച്ചക്ക് വേണ്ടി ചിലവഴിച്ച പ്രവർത്തന ശൈലി, അനുകരണീയമാണ്. 1983 മുതൽ FOKANA എന്ന പ്രസ്ഥാനത്തിനു വേണ്ടി ആത്മാർഥമായി നിലകൊണ്ട ശ്രീ അനിരുദ്ധന്റെ സംഭാവനകൾ ഒരിക്കലും നോർത്ത് അമേരിക്കയിലെ മലയാളിസമൂഹം മറക്കുകയില്ല.

അവസാനമായി ന്യൂയോർക്കിൽ വെച്ച് നടത്തിയ ലോകകേരള സഭയുടെ മേഖല സമ്മേളനം സംഘടിപ്പിക്കുവാനുള്ള ഉത്തരവാദിത്തം എന്നെ പൂർണ വിശ്വാസത്തോടെ ഡോക്ടർ അനിരുദ്ധൻ ഏല്പിച്ചു. അതേറ്റെടുത്തു നടത്താൻ വിസമ്മതിച്ചപ്പോൾ എന്നോട് പറഞ്ഞ ഒരു വാചകം ഇപ്പോഴും ഞാൻ ഓർക്കുന്നു: 'ഈ പ്രോഗ്രാം അമേരിക്കൻ മായാളികൾക്കു വേണ്ടി ഞാൻ ചെയ്യുന്ന അവസാനത്തെ പ്രോഗ്രാം ആയിരിക്കും, അത് ഭംഗി ആയി മന്മഥൻ എനിക്ക് സംഘടിപ്പിച്ചു തരണം, എന്റെ മലയാളി സംഘടനാ പ്രവർത്തനത്തനത്തിന്റെ അൻപതാമത് വാർഷീകം ആണ്. ഫൊക്കാന 1983 ൽ തുടങ്ങിയ അതെ സ്ഥലത്തു വെച്ച് ഈ സമ്മേളനം നടത്തണം. ഇതെന്റെ ആഗ്രഹം ആണ്, സാധിച്ചു തരണം.'

അങ്ങനെ ഏറ്റവും കൂടുതൽ വെല്ലുവിളികൾ ഉയർത്തിയ, ഈ സമ്മേളനം കേരളത്തിലെ പ്രമുഖ മാധ്യമങ്ങൾ പ്രചരിപ്പിച്ച എല്ലാ നുണകഥകളും തൃണവല്കരിച്ചുകൊണ്ട്, അമേരിക്കയിലെ മലയാളികളും, മാധ്യമങ്ങളും ഗംഭീര വിജയത്തിലാക്കി. ഡോക്ടർ അനിരുദ്ധന്റെ അഭിലാഷം ആയിരുന്ന ആ സമ്മേളനം ആത്മാർത്ഥമായ അധ്വാനം കൊണ്ട് ബഹുമാനപുരസ്സരം, എന്റെ ഗുരുവിനു സമർപ്പിച്ച ദക്ഷിണയായി ഇന്നും, എന്നും ഞാൻ ഓർമിക്കും.

ഇന്ന് ആ മഹൽ വ്യക്തിയുടെ ഭൗതികശരീരം മാത്രമേ നമ്മളോടൊപ്പം ഉള്ളു. പക്ഷെ, ശ്രീ അനിരുദ്ധൻ കഴിഞ്ഞ അമ്പതു വർഷത്തിലേറെ ആയി നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിനു നൽകിയ വിലപ്പെട്ട സംഭാവനകൾ അമേരിക്കയിൽ കുടിയേറി പാർക്കുന്ന സർവ മലയാളികൾക്കും മാതൃകയും, ആവേശവുമായിരിക്കും എന്നുള്ളതിൽ തർക്കമില്ല. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഈ അവസരത്തിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ!



MALABAR
GOLD & DIAMONDS
Golden Summer
UPTO
50%
DISCOUNT
on gold jewellery making charges
& diamond value
Offer valid till 20 July, 2025
*T&C Apply



SPECTRUM
AUTO
Exceeding Perfection
SPECTRUM
AUTO
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
I-CAR
PLATINUM
I-CAR
5.0 average rating
OEM CERTIFICATIONS
HONDA
CERTIFIED
HYUNDAI
RAM
INFINITI
ACURA
CERTIFIED
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT R
CERTIFIED COLLISION REPAIR PROVIDER
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ഡോ. അനിരുദ്ധൻ ഒരു പ്രസ്ഥാനം





(രാജു മൈലപ്രാ)

ഒരു വ്യക്തിയെന്ന നിലയിലുപരി ഒരു പ്രസ്ഥാനമായാണ് ഞാൻ അന്തരിച്ച ഡോ.എം. അനിരുദ്ധനെ വിലയിരുത്തുന്നത്.

1983 ജൂലൈ മാസത്തിൽ മൻഹാട്ടനിലെ ഷെറട്ടൺ സെന്ററിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി നേരിൽ കാണുന്നത്. അവസാനമായി കണ്ടത് 2022-ലെ ഒർലാൻഡോ 'ഫൊക്കാന' കൺവൻഷൻ വേദിയിൽ വെച്ച് - കാലമേറെ കഴിഞ്ഞിട്ടും അതേ രൂപം, അതേ സൗമ്യമായ പെരുമാറ്റം, ഒരിക്കലും മായാത്ത മുഖമുദ്രയായി നിൽക്കുന്ന അതേ പുഞ്ചിരി.

മലയാളി സമാജങ്ങളുടെ, ഓണാഘോഷമുൾപ്പടെയുള്ള പരിപാടികൾ വല്ല സായിപ്പിന്റേയും പള്ളികളുടെ ബേസ്മെന്റിലോ, പബ്ലിക് സ്കൂളുകളുടെ 'ഇൻഡോർ' ബാസ്കറ്റ് ബോൾ കോർട്ടിലോ അരങ്ങേറിയിരുന്ന ആ കാലത്ത്, ലോക തലസ്ഥാനമായ ന്യൂയോർക്ക് നഗരത്തിൽ തലയുയർത്തി നിൽക്കുന്ന 'ഷെറാട്ടൻ സെന്ററിൽ' വെച്ച് ഒരു സമ്മേളനം നടത്താൻ ധൈര്യം കാട്ടിയ അനിരുദ്ധന്റെ ആത്മവിശ്വാസത്തെ ഞാൻ മനസ്സാ അഭിനന്ദിച്ചു.

എന്നാൽ അമേരിക്കയിലങ്ങോളമിങ്ങോളമുള്ള അന്നേ തമ്മിത്തല്ലിച്ചിതറിക്കൊണ്ടിരുന്ന മലയാളി സമാജങ്ങളെയെല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ശക്തമായ ഒരു ദേശീയ ഫെഡറേഷൻ രൂപീകരിക്കണമെന്ന അദ്ദേഹത്തിന്റെ ആശയവും, ആഗ്രഹവും കേട്ടപ്പോൾ 'എത്ര നടക്കാത്ത സുന്ദരമായ സ്വപ്നം' എന്നാണ് ഞാൻ മനസ്സിൽ വിചാരിച്ചത്.

എന്നാൽ എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട് ആ അത്ഭുതം നടന്നു. 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക '(FOKANA) എന്ന ദേശീയ സംഘടന അന്നവിടെ ജന്മമെടുത്തു.

തുടക്കത്തിൽ ഫൊക്കാനയോട് മുഖംതിരിച്ചുനിന്ന പല സംഘടനകളും, പിൽക്കാലത്ത് ഫൊക്കാനയിൽ അംഗത്വമെടുത്തു. ഫൊക്കാനയുടെ പ്രസിഡന്റ് സ്ഥാനം ഒരു പ്രസ്റ്റീജ് പദവിയായി.

ആര് പ്രസിഡന്റായാലും, ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും, വിജയിപ്പിക്കുന്നതിലും

എന്നും എപ്പോഴും ഡോ. അനിരുദ്ധൻ വഴികാട്ടിയായി ഒപ്പമുണ്ടായിരുന്നു.

രാഷ്ട്രീയ, സാഹിത്യ, സാംസ്കാരിക, സാമുദായിക മണ്ഡലങ്ങളിലെ അതികായന്മാരെ പങ്കെടുപ്പിച്ച്, കൺവൻഷനുകളുടെ സ്വീകാര്യതയും, ജനപങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിൽ അനിരുദ്ധൻ വഹിച്ച പങ്ക് അതുല്യമാണ്.



'ഫൊക്കാന' എന്ന പേര് കേരളത്തിലെ അധികാര കേന്ദ്രങ്ങളിലും, സാധാരണ ജനങ്ങളിലുമെത്തിച്ച പ്രഗത്ഭനായ ഒരു തന്ത്രജ്ഞനായിരുന്നു അദ്ദേഹം.

ലോകത്തിലെ ഏറ്റവും വലുതും അറിയപ്പെടുന്നതുമായ ഒരു മലയാളി സംഘടനയായി 'ഫൊക്കാന'യെ വളർത്തിയതിന്റെ ശില്പിയായിരുന്നു അദ്ദേഹം.

ഫൊക്കാനയുടെ വിവിധ കമ്മിറ്റികളിൽ ഡോ. അനിരുദ്ധനോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.

ഡോ. എം. അനിരുദ്ധന്റെ ഓർമ്മ നിലനിർത്തേണ്ടത്, 'ഫൊക്കാന' എന്ന പ്രസ്ഥാനത്തിന്റെ കടമയാണ്, ചുമതലയാണ്.

അടുത്ത കൺവൻഷൻ വേദിയെ ' അനിരുദ്ധൻ നഗർ' എന്നു നാമകരണം ചെയ്യാവുന്നതാണ്.

അതുപോലെ 'ഭാഷയ്ക്കൊരു ഡോളർ' മത്സരത്തിന്റെ വിജയിക്കു നൽകുന്ന പാരിതോഷികത്തിന്റെ പേര് 'ഡോ.എം. അനിരുദ്ധൻ അവാർഡ്' എന്നു മാറ്റാവുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ഇതെല്ലാം 'ഫൊക്കാനാ' ഭാരവാഹികളുടെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളാണെന്നറിയാം. ഒരു നിർദേശം മുന്നോട്ടുവെച്ചു എന്നു മാത്രം!

ഡോ. അനിരുദ്ധൻ പ്രിയപ്പെട്ട ഒരു കുടുംബ സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

*(ലേഖകൻ 'ഫൊക്കാനാ' മുൻ നാഷണൽ ജോയിന്റ് സെക്രട്ടറിയായും, ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്)*



# ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

**1611 Hillside Ave, New Hyde Park, NY 11040**
**Phone: 516 326 3350; 516 621 5381**
**Fax: 516 326 3353, Cell: 616 633 5208**

# കേരളത്തിലെ പോഷക പ്രശ്നം പരിഹരിക്കാനിറങ്ങിയ ഡോ. അനിരുദ്ധൻ



യു.എൻ. നടത്തിയ ലോകാരോഗ്യ സർവേ പ്രകാരം, ഇന്ത്യയിലെ കുട്ടികൾ ആരോഗ്യകാര്യത്തിൽ കോംഗോയ്ക്കും ബംഗ്ലാദേശിനും പിറകിലാണെന്ന് കണ്ടെത്തിയിരുന്നു. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളിൽ 45 ശതമാനവും മതിയായ ഉയരമില്ലാത്തവരോ, ഉയരത്തിനൊത്ത് തൂക്കം ഇല്ലാത്തവരോ ആയിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ, അന്നത്തെ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൽ കലാം ഒരിക്കൽ അനിരുദ്ധനോട് ചോദിച്ചു, ഇന്ത്യയിലെ കുട്ടികളുടെ പോഷകക്കുറവിനെ നേരിടാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനാവില്ലേ? ഈയൊരു ചോദ്യമാണ് ലോകം അറിയുന്ന മാധവൻ അനിരുദ്ധനെന്ന ന്യൂട്രീഷ്യൻ വിദഗ്ധനെ ഇന്ത്യയിലേക്ക് നയിച്ചത്.

മലപ്പുറം കാക്കഞ്ചേരി കിൻഫ്രയിൽ എസ്സെൻ ഫുഡീസ് എന്ന പോഷകാഹാര ഉത്പാദന കേന്ദ്രം തുടങ്ങുന്നതിന് ഈയൊരു ക്ഷണം ഏറെ പ്രോത്സാഹനമായി. ഷിക്കാഗോ കേന്ദ്രമായുള്ള എസ്സെൻ ന്യൂട്രീഷ്യൻ എന്ന സ്ഥാപനം പടുത്തുയർത്തിയതിന്റെയും ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര ഉത്പാദകരായ സാൻഡോസിന്റെ ഗവേഷക വിഭാഗം മേധാവിയായി പ്രവർത്തിച്ചതിന്റെയും അനുഭവ സമ്പത്തുമായാണ് അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രമുഖ ന്യൂട്രീഷ്യൻ സയന്റിസ്റ്റ് ഡോ. എം. അനിരുദ്ധൻ കേരളത്തിലെത്തിയത്.

മുമ്പ് കാക്കഞ്ചേരി കിൻഫ്രയിൽ എസ്സെൻ ഫുഡീസ് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നെങ്കിലും സാങ്കേതിക നൂലാമാലകളെ മറികടന്ന് വൈകിയാണ് ഉത്പാദനം തുടങ്ങിയത്. കേരളത്തിലെ കുട്ടികളെ ശരിയായ പോഷകം നൽകി വളർത്തൂ, അവർ ലോകം കീഴടക്കുമെന്നാണ് ഇദ്ദേഹം പറയുന്നത്. കാര്യമായ കായികാധ്വാനമില്ലാത്ത, ശരാശരി ഒരു മനുഷ്യന് ദിവസം വേണ്ടത് ഏകദേശം 2,200 കലോറി ഊർജമാണ്. ഇതിൽ പാതിയും വരേണ്ടത് കാർബോ ഹൈഡ്രേറ്റിൽനിന്നും. 550 ഗ്രാം കാർബോ ഹൈഡ്രേറ്റ് വേണ്ടുന്നതിൽ പകുതി ചോറിൽനിന്ന്, അവശേഷിക്കുന്നവ പഴം പച്ചക്കറിയിനങ്ങളിൽ നിന്ന് ആകുന്നതാണ് ഉത്തമം. എന്നാൽ, മൂന്നും നാലും നേരം അരിയാഹാരം കഴിക്കുന്ന കേരളീയന് 90 ശതമാനം ഊർജവും ലഭിക്കുന്നത് കാർബോ ഹൈഡ്രേറ്റിൽ നിന്നാണ്. ആരോഗ്യരംഗത്ത് കേരളീയർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതുതന്നെയാണെന്നാണ് ഇദ്ദേഹം പറയുന്നത്.

### അറിഞ്ഞു കഴിക്കൂ, ആരോഗ്യം നിലനിർത്തൂ

ശരിയായ മാംസ്യത്തിന്റെ കുറവ്, രോഗ പ്രതിരോധത്തിനും കായിക ബലം നൽകുന്നതിനും ആവശ്യമായ കൊഴുപ്പിന്റെ കുറവ്, കാത്സ്യക്കുറവ് തുടങ്ങിയവ കേരളീയരിൽ പൊതുവേ കാണപ്പെടുന്ന പ്രശ്നങ്ങളാണ്. ശരീരത്തിൽ ശരിയായ

തോതിൽ കൊഴുപ്പില്ലെങ്കിൽ, അർബുദം പോലുള്ള രോഗങ്ങൾ എളുപ്പം പിടികൂടും. കൊഴുപ്പെന്ന് കേൾക്കുമ്പോഴേ ചതുർഥി കാണുംപോലെ അകറ്റിക്കളയരുത്. നല്ലതിനെ കൊള്ളേണ്ടതുണ്ട്. മികച്ച ഉദാഹരണമായി അദ്ദേഹം പറയുന്നത് ഒലീവ് എണ്ണയാണ്. വിദേശ രാജ്യങ്ങളിൽ ഒരുതരം ധാന്യത്തിൽ നിന്നുത്പാദിപ്പിക്കുന്ന കനോല എണ്ണയും മികച്ചതാണ്. വെളിച്ചെണ്ണയെക്കാൾ വിശ്വാസത്തിലെടുക്കാവുന്നവയാണ് സൂര്യകാന്തി, ചോളം, സോയ എന്നിവ.

പ്രോട്ടീൻ, കാത്സ്യം തുടങ്ങിയവയുടെ മികച്ച ഉറവിടമാണ് പാലും മീനും. പാൽ പിരിയുമ്പോൾ ഉണ്ടാകുന്ന തെളിവെള്ളം വേ പ്രോട്ടീന്റെയും അമിനോ ആസിഡിന്റെയും ഏറ്റവും മികച്ച ഉറവിടമാണെന്നതിനാൽ, മോരും സംഭാരവുമൊക്കെ ഒഴിവാക്കാനാകാത്തവയാണ്. ഇത് ആറ്റിക്കുറുക്കി തയ്യാറാക്കുന്ന വേ പ്രോട്ടീൻ ഉത്പന്നങ്ങൾ കഴിക്കുന്നതും ഏറെ ഗുണം ചെയ്യും.

മികച്ച മാംസ്യ ഉറവിടമാണ് അയലയും സൂതയും. എന്നാൽ, രസ(മെർക്കുറി)ത്തിന്റെ അംശം കൂടുതലായതിനാൽ ഇവ രണ്ടും പരിധിക്കപ്പുറം കഴിക്കുന്നത് നന്നല്ല. രക്തത്തിൽ കലരുന്ന രസം നിക്ഷേപിക്കപ്പെടുന്നത് തലച്ചോറിലാണത്രെ. കണ്ണുമടച്ച് വയറുനിറയെ തട്ടിവിടാവുന്ന പോഷക സമ്പുഷ്ടമായ മത്സ്യയിനങ്ങളാണ് നമ്മുടെ സ്വന്തം മത്തിയും നെയ്മീനും, പൊന്നിൻവിലയുള്ള സാൽമണും. പച്ചക്കറി മാത്രം കഴിക്കുന്നവർ മോര് ധാരാളം കുടിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

സ്ത്രീകളിലും വളർന്നുവരുന്ന കുട്ടികളും പതിവായി കാണുന്ന പ്രശ്നമാണ് കാത്സ്യം, ഇരുമ്പ് എന്നിവയുടെ കുറവ്. കാത്സ്യം അടങ്ങിയ ഭക്ഷണവും ഗുളികകളുമൊക്കെ കഴിച്ചാലും, യഥാവിധം സ്വാംശീകരിക്കപ്പെടണമെങ്കിൽ വിറ്റമിൻ ഡി3 വേണം. സൂര്യവെളിച്ചത്തിൽ നിന്നു മാത്രമേ ഇത് ലഭിക്കൂ. മാംസ്യത്തിന്റെ കുറവുകാരണം 55 വയസ്സുകഴിയുമ്പോഴേക്കും മസിലുകൾ ശോഷിക്കുന്നതാണ് മറ്റൊരു പ്രശ്നം. എന്നാൽ, ബോഡി ബിൽഡിങ്ങിന്റെ ഭാഗമായി അനാവശ്യമായി പ്രോട്ടീൻ പൗഡറുകളും ഉത്തേജകങ്ങടങ്ങിയ പോഷകങ്ങൾ കഴിക്കുന്നത് ഒട്ടും ആശാസ്യകരമല്ല.

പതിറ്റാണ്ടുകളായി അമേരിക്കൻ ജനത നേരിടുന്ന ആരോഗ്യപ്രശ്നമാണ് അമിതവണ്ണം. അടുത്ത കാലത്തായി കേരളത്തെയും ഇത് ബാധിച്ചിരിക്കുന്നു. വ്യായാമവും നല്ല ഭക്ഷണശീലവുമാണ് പ്രതിവിധി. പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കാം. മൃഗക്കൊഴുപ്പ് പൂർണമായും ഒഴിവാക്കണം.

അണ്ടർ 17 ലോകകപ്പിൽ നല്ല രീതിയിൽ കളിച്ചെങ്കിലും, ക്രമേണയായി ഊർജം ചോർന്നുപോയ ഇന്ത്യൻ താരങ്ങൾ ഇന്ത്യൻ ഭക്ഷണരീതിയുടെ ഇരകളാണെന്നാണ് അനിരുദ്ധന്റെ അഭിപ്രായം. ചരിത്രവും ഗണിതവുമൊക്കെ പഠിപ്പിക്കുന്നതിന് മുമ്പേ, നല്ല ഭക്ഷണം തിരിച്ചറിയാനും തിരഞ്ഞെടുക്കാനുമുള്ള അറിവാണ് പകരേണ്ടത്. നല്ല ഭക്ഷണ സംസ്കാരം വളർത്തിയെടുക്കണം. അതുവഴിയേ ആരോഗ്യമുള്ള സമൂഹം വളർന്നുവരൂ ഇദ്ദേഹം പറയുന്നു.

പോഷക ഗവേഷണ, ഉത്പാദന രംഗത്തും പ്രവാസി ഇന്ത്യക്കാരുടെ സാമൂഹികക്ഷേമത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് അനിരുദ്ധന് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്. നിരവധി ഭക്ഷ്യോത്പാദന കമ്പനികളുടെ കൺസൽട്ടന്റായിരുന്ന അദ്ദേഹം അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്.ഡി.എ.) ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമായിരുന്നു. യു.എസ്.എ.യിലെ നാഷണൽ ഫുഡ് പ്രൊസസേഴ്സ് അസോസിയേഷൻ മികച്ച ആർ. ആൻഡ് ഡി. ശാസ്ത്രജ്ഞനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു.

*കടപ്പാട് മാതൃഭൂമി*



# പ്രവാസികളുടെ പ്രിയ നേതാവ് ഡോ. എം അനിരുദ്ധന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു



തിരുവനന്തപുരം: ഫൊക്കാന സ്ഥാപക പ്രസിഡന്റ് ഡോ. എം അനിരുദ്ധന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മലയാളികളുടെ അമേരിക്കയിലെ അനൗദ്യോഗിക അംബാസിഡർ ആയിരുന്നു അദ്ദേഹം. എല്ലാകാലത്തും അമേരിക്കൻ മലയാളി സംഘടനകളുടെ നേതൃസ്ഥാനത്ത് അനിരുദ്ധൻ നിലകൊണ്ടു. ഫൊക്കാനയെ ലോകം അറിയുന്ന പ്രവാസി സംഗമ വേദിയാക്കി മാറ്റാൻ അനിരുദ്ധന് സാധിച്ചു.

നോർക്ക ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിൽ അമേരിക്കൻ മലയാളികളുടെ പ്രതിനിധിയായി അദ്ദേഹം പ്രവർത്തിച്ചു. പോഷകാഹാര ഗവേഷണത്തിൽ ശ്രദ്ധേയ നേട്ടങ്ങൾ കൊയ്തു. അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷൻ ഉൽപ്പന്നമായ ഐസോസ്റ്റാർ വികസിപ്പിച്ചത് അനിരുദ്ധന്റെ നേതൃത്വത്തിലായിരുന്നു.

ലോക കേരള സഭയുടെ തുടക്കം മുതലുള്ള അംഗമായിരുന്നു ഡോ. അനിരുദ്ധൻ.പ്രളയകാലത്തായാലും കോവിഡ് കാലത്തായാലും അദ്ദേഹം അകമഴിഞ്ഞ സംഭാവന നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

ഇത്തവണ ആരോഗ്യ പരിശോധനകൾക്കായി അമേരിക്കയിൽ ചെന്നപ്പോൾ നേരിട്ട് കണ്ട് അദ്ദേഹത്തിന്റെ സുഖവിവരങ്ങൾ അന്വേഷിച്ചിരുന്നു. ഡോ. എം അനിരുദ്ധന്റെ ആകസ്മിക വിയോഗത്തിൽ അനുശോചനം അറിയിക്കുന്നു. അമേരിക്കൻ മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.



# ഏഷ്യാനെറ്റ് ന്യൂസ്– മലങ്കര സഭ എക്സലൻസ് അവാർഡുകൾ 8 പേർക്ക് സമ്മാനിച്ചു

വാഷിംഗ്ടൺ, ഡി.സി: ഏഷ്യാനെറ്റ് ന്യൂസ്, മലങ്കര സിറിയൻ ഓർത്തഡോക്സ് നോർത്ത് അമേരിക്കൻ അതിരൂപതയുമായി സഹകരിച്ച് സംഘടിപ്പിച്ച അവാർഡ് നൈറ്റിൽ വിവിധ കർമ്മ രംഗങ്ങളിൽ വലിയ നേട്ടങ്ങൾ കൈവരിക്കുകയും സമൂഹത്തിനു വഴിവിളക്കായി മാറുകയും ചെയ്തവരെ വർണോജ്വലമായ ചടങ്ങിൽ അവാർഡുകൾ നൽകി ആദരിച്ചു

വാഷിംഗ്ടൺ ഡല്ലസ് എയർപോര്ട്ട് ഹിൽട്ടനിൽ ഭദ്രാസനത്തിന്റെ യൂത്ത്-ഫാമിലി കോൺഫറൻസിനോടനുബന്ധിച്ചായിരുന്നു അവാർഡ് ചടങ്ങ്. മലങ്കര അതിരൂപതയുടെ പാത്രിയാർക്കൽ വികാരി ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് പരിപാടി ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി റവ. ഫാ. ജെറി ജേക്കബും പ്രസംഗിച്ചു.

വൈദ്യശാസ്ത്ര മേഖലയിലും സമൂഹസേവനത്തിലും നൽകിയ മികച്ച സംഭാവനകൾക്കുള്ള അംഗീകാരമായി ഇന്ത്യൻ അമേരിക്കൻ ഫിസിഷ്യൻ ഡോ. ഷെൽബി കുട്ടിക്ക് ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് ലഭിച്ചു.

യൂണിവേഴ്സിറ്റി ഓഫ് പിറ്റസ്ബർഗിലെ ഗാസ്ട്രോഎന്റർറോളജിസ്റ് ഡോ. ജെന്നിഫർ ചേന്നാട്ട് (സ്പെഷ്യൽ ജൂറി) അവാർഡ് നേടി. കോവിഡ് വാരിയർ അവാർഡ് ഏലിയമ്മ ജോണിനും മരണാനന്തര ബഹുമതിയായി ലഭിച്ചു.

ഗവൺമെന്റ് കോൺട്രാക്റ്റ് ലോജിസ്റ്റിക്സ് അനലിസ്റ്റും യുഎസ് മറൈൻ കോറിലേ വെറ്ററനുമായ ഗ്രേസ് മറ്റമനയ്ക്ക് യൂത്ത് ഐക്കൺ അവാർഡ് ലഭിച്ചു. കാനഡയിൽ താമസിക്കുന്ന ഐടി സ്പെഷ്യലിസ്റ്റും അധ്യാപകനുമായ ജെറിൻ രാജിന് യൂത്ത് ഐക്കൺ സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ചു.

കമ്മ്യൂണിറ്റി സർവീസ് അവാർഡ് സിബു നായർക്കും, ഗ്ലോബൽ കമ്പനീസിന്റെ സിഇഒ നോഹ ജോർജിന് കമ്മ്യൂണിറ്റി സർവീസ് സ്പെഷ്യൽ ജൂറി അവാർഡും ലഭിച്ചു.

ഏഷ്യാനെറ്റ് ന്യൂസ് കമ്മ്യൂണിറ്റി സർവീസ് അവാർഡ് ജോയ് ഇട്ടനു ലഭിച്ചു.










ഏഷ്യാനെറ്റ് എക്സലൻസ് അവാർഡ് ജേതാക്കളെ ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് അഭിനന്ദിച്ചു.

സുറിയാനി സഭയുടെ ഭദ്രാസന കൗൺസിലുമായി സഹകരിച്ചുകൊണ്ട് കഴിഞ്ഞ വർഷം മുതലാണ് ഏഷ്യാനെറ്റ് എക്സലൻസ് അവാർഡ് നിശ സംഘടിപ്പിച്ചുതുടങ്ങിയത്. മലയാളി സമൂഹത്തിലെ പ്രതിഭകളെ കണ്ടെത്തി ആദരിക്കുന്നതിനും ലോകത്തിന് മുൻപിൽ അവരുടെ കഴിവുകൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിക്കുന്നതിനും

ഇത്തരം പുരസ്കാരങ്ങൾ നല്ലതാണ്.

മലയാളികളുടെ ഭവനങ്ങളിൽ ഒഴിച്ചു നിർത്താൻ കഴിയാത്ത ഒരു ചാനൽ എന്നതു കൊണ്ടുതന്നെ ഏഷ്യാനെറ്റിന്റെ അവാർഡ് സവിശേഷമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഏതൊരു പ്രവാസിയെയും പോലെ മറ്റൊരു രാജ്യത്തേക്ക് വന്ന ഒരു വ്യക്തി, മലയാളി സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും എപ്രകാരം മറ്റുള്ളവർക്ക് മാതൃകയായി മാറുകയും ചെയ്യുന്നു എന്നതാണ് പുരസ്കാരത്തിന് അർഹരാകുന്നവരിൽ നിന്ന് പഠിക്കേണ്ടത് . ജാതിമത ഭേദമന്യേ ആണ് പുരസ്കാര ജേതാക്കളെ കണ്ടെത്തിയത്. നോമിനേഷൻ സ്വീകരിച്ച് ഏഷ്യാനെറ്റിലെയും ഭദ്രാസന കൗൺസിലിലെയും  പ്രത്യേക ജൂറിയാണ് ആളുകളെ ഷോർട്ട്ലിസ്റ്റ് ചെയ്ത് വിജയികളെ തിരഞ്ഞെടുത്തത്-അദ്ദേഹം ചൂണ്ടിക്കാട്ടി.



ഏഷ്യാനെറ്റ് ന്യൂസ് യുഎസ് ഹെഡ് ഡോ. കൃഷ്ണ കിഷോർ, ഏഷ്യാനെറ്റ് ന്യൂസ് സീനിയർ വൈസ് പ്രസിഡന്റ് അനിൽ അടൂർ എന്നിവർ പരിപാടികൾക്ക് ചുക്കാൻ പിടിച്ചു. ഏഷ്യാനെറ്റ് ന്യൂസ് നോർത്ത് അമേരിക്ക കോർഡിനേറ്റർ, സെയിൽസ് ആൻഡ് ഇവന്റ്സ് ജിത്തു നായർ, ഏഷ്യാനെറ്റ് ന്യൂസ് യുഎസ്എ പ്രൊഡക്ഷൻ ഹെഡ്  ഷിജോ പൗലോസ് എന്നിവർക്ക് പുറമെ ജേർണലിസ്റ്റുകളായ വിനോദ് ജോൺ, ആസാദ് ജയൻ എന്നിവർ അവാർഡ് ഷോയുടെ നടത്തിപ്പിൽ പ്രധാന പങ്കുവഹിച്ചു. ചിക്കാഗോയിൽ നിന്ന് അലൻ ജോണും പിന്തുണച്ചു. ഡോ. സന്ധ്യ ലാലും ഫെബി ജോണും ആയിരുന്നു എംസിമാർ.

സഭയെ പ്രതിനിധീകരിച്ചു അഭിവന്ദ്യ മോർ ജോസഫ് ബാലി, മോർ അന്തിമോസ് മാത്യൂസ് തിരുമേനി എന്നിവർ സന്നിഹിതരായിരുന്നു. ഭദ്രാസന സെക്രട്ടറി ഫാ.ജെറി ജേക്കബ്, ട്രഷറർ ജോജി കാവനാൽ, കൗൺസിൽ അംഗങ്ങളായ ജെനു മഠത്തിൽ, ജിൻസ് മാത്യു എന്നിവരും അവാർഡ് നിശ വിജയിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു.











# ഡോ. ഷെൽബി കുട്ടിക്ക് ഹെൽത്ത് കെയർ എക്സലൻസ് അവാർഡ്



വൈദ്യശാസ്ത്ര മേഖലയിലും സമൂഹ സേവനത്തിലും നൽകിയ മികച്ച സംഭാവനകൾക്കുള്ള അംഗീകാരമായി ഏഷ്യാനെറ്റ് ന്യൂസ്-മലങ്കര സഭ ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് ലഭിച്ച ഡോ. ഷെൽബി കുട്ടി അന്താരാഷ്ട്രതലത്തിൽ അംഗീകാരം ലഭിച്ച ഫീസിഷ്യന്നും ശാസ്ത്രജ്ഞനുമാണ്. അക്കാദമിക് വൈദ്യശാസ്ത്രത്തിൽ രണ്ട് പതിറ്റാണ്ടിലേറെ പരിചയമുള്ള പ്രഗത്ഭനായ അദ്ദേഹം ജോൺസ് ഹോപ്കിൻസ് സർവകലാശാല, ബേകെയർ ഹെൽത്ത് സിസ്റ്റം എന്നിവയുൾപ്പെടെയുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ നേതൃത്വപരമായ റോളുകൾ വഹിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സിന് പുറത്ത്, ഇന്ത്യയിലും ബ്രസീലിലും ആഗോള ആരോഗ്യ സംരക്ഷണ സംരംഭങ്ങളിൽ തന്റെ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്.




അന്താരാഷ്ട്ര മെഡിക്കൽ പ്രസിദ്ധീകരണങ്ങളിൽ 400 ലേറെ ലേഖനങ്ങളുടെ രചയിതാവ് കൂടിയായ ഡോ. ഷെൽബി കുട്ടി ഗവേഷണത്തിലും നിർണ്ണായകമായ പങ്കുവഹിച്ചു.

അനുദിനം ഉയർന്നുവരുന്ന മെഡിക്കൽ സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കിയുള്ള ക്ലിനിക്കൽ, ഗവേഷണ മികവിലൂടെ രോഗി പരിചരണത്തിനായി ഡോ.ഷെൽബി എന്നും പ്രതിജ്ഞാബദ്ധനാണ്.

## സിബു നായർ: ഭരണതലത്തിലെ ഇന്ത്യാക്കാരുടെ വക്താവ്



ഏഷ്യാനെറ്റ്-മലങ്കര സഭ കമ്മ്യൂണിറ്റി സർവീസ് അവാർഡ് നേടിയ സിബു നായർ ന്യൂയോർക്കിലെ ഭരണതലത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ വക്താവാണ്.

ജോലികൾ കണ്ടെത്തുകയും സംഘടിപ്പിക്കുകയും, മാത്രമല്ല-ഹൃദയങ്ങളെയും മനസ്സുകളെയും ഒരു പൊതുലക്ഷ്യത്തിലേക്കുള്ള ശ്രമങ്ങളെയും വിജയത്തിലേക്ക് നയിക്കുകയാണ് ഏകോപനം എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത്. ആളുകളെ പരസ്പരം ബന്ധിപ്പിക്കുന്ന അദൃശ്യ നൂലാണ് അത്. ആ നൂലിന് പല പേരുകൾ ഉണ്ടാകാം. അതിലൊന്ന് സിബു നായർ എന്നാണ്!

മുംബൈയിൽ മറൈൻ സമുദ്രശാസ്ത്രജ്ഞനായി തന്റെ കരിയർ ആരംഭിച്ച സിബു, ബഫല്ലോയിലെ സർവകലാശാലയിൽ ക്ലിനിക്കൽ ട്രയൽ ഗവേഷണത്തിലേക്ക് മാറുന്നതിന് മുമ്പ് പരിസ്ഥിതി ശാസ്ത്രത്തിലും പൊതുജനാരോഗ്യത്തിലും, ഊന്നിയുള്ള ഡാറ്റാ-അധിഷ്ഠിത ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങളിലും അത് വഴിയുള്ള പൊതുനയത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

ന്യൂയോർക്ക് സ്റ്റേറ്റ് ഗവർണർ കാത്തി ഹോക്കലിന്റെ ഓഫീസിൽ ഏഷ്യൻ അമേരിക്കൻ, പസഫിക് ഐലൻഡർ അഫയേഴ്സിന്റെ ഡയറക്ടറായി അദ്ദേഹം നിലവിൽ സേവനമനുഷ്ഠിക്കുന്നു.

2021-ൽ, ന്യൂയോർക്കിലെ അപ്സ്റ്റേറ്റിൽ ആദ്യത്തെ മഹാത്മാഗാന്ധി സ്മാരകം സ്ഥാപിക്കുന്നതിനുള്ള വിജയകരമായ പ്രവർത്തനത്തിനു നേതൃത്വം നൽകിയത് സമാധാനത്തിന്റെയും വിവിധ സാംസ്കാരിക കൂട്ടായ്മയുടെയും നാഴികക്കല്ലായ പ്രതീകമാണ്.

ഏഷ്യൻ അമേരിക്കൻ നേതാക്കളുടെയും സംഘടനകളുടെയും വിശാലവും സജീവവുമായ ഒരു ശൃംഖല കെട്ടിപ്പടുത്ത സിബു നായർ സാധാരണ ജനങ്ങൾക്കും ഗവർണറുടെ ഓഫീസിനും ഇടയിൽ ഒരു സുപ്രധാന പാലമായി പ്രവർത്തിക്കുന്നു. പരിചയസമ്പന്നനായ ഒരു രാഷ്ട്രീയ തന്ത്രജ്ഞൻ എന്ന നിലയ്ക്കപ്പുറം സിബു നായർ നിരവധി പൗര, സാംസ്ക്കാരിക സംഘടനകളുടെ നേതൃത്വം വഹിക്കുകയും ചെയ്യുന്നു.

അപ്സ്റ്റേറ്റ് ന്യൂയോർക്കിലുടനീളം അടിസ്ഥാനതല സംഘാടനത്തിലും, പ്രചാരണ തന്ത്രത്തിലും, ധനസമാഹരണത്തിലും അദ്ദേഹത്തിന്റെ റോൾ എടുത്തു പറയേണ്ടതാണ്. ടൗൺ സൂപ്പർവൈസർ മുതൽ സ്റ്റേറ്റ് സെനറ്റ്, യു.എസ്. കോൺഗ്രസ് വരെയുള്ള എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥ വൃന്ദവുമായുള്ള ബന്ധം പ്രവാസികളുടെയും പുരോഗതിക്കായി വിനിയോഗിക്കുന്നു.

ന്യൂയോർക്കിലുടനീളം ഏഷ്യൻ അമേരിക്കൻ ഇക്വിറ്റി ഫണ്ടുകളിൽ 30 മില്യൺ ഡോളറിന്റെ ചരിത്രപരമായ വിതരണം, ആ







ദ്യത്തെ ന്യൂയോർക്ക് സ്റ്റേറ്റ് എഎപിഐ കമ്മീഷൻ സ്ഥാപിക്കൻ എന്നിവയുൾപ്പെട എഎപി നയ മുൻഗണനകൾ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സമത്വത്തോടും പൊതുസേവനത്തോടുമുള്ള അചഞ്ചലമായ പ്രതിബദ്ധതക്ക് നിരവധി ബഹുമതികൾ ഇതിനോടകം നേടിയ സിബു നായർക്ക്, കമ്മ്യൂണിറ്റി സർവീസ് എക്സലൻസ് അവാർഡ് നൽകി ആദരിക്കുമ്പോൾ ഇന്നീ സായാഹ്നത്തിന് പകിട്ടേറുന്നു-അവതാരകൻ ചൂണ്ടിക്കാട്ടി

## നോഹ ജോർജ്: സമൂഹ നന്മക്ക് മുന്നോട്ട് വരുന്ന അപൂർവ വ്യക്തിത്വം

ഏഷ്യാനെറ്റ്-മലങ്കര സഭ കമ്മ്യൂണിറ്റി സർവീസ് സ്പെഷ്യൽ ജൂറി അവാർഡിനർഹനായ നോഹ ജോർജ് സമൂഹത്തിനു നൽകുന്ന സഹായങ്ങൾ അമേരിക്കയിൽ മറ്റൊരാൾക്കും അവകാശപ്പെടാനാവില്ല.



ദീർഘവീക്ഷണമുള്ള സംരംഭകനും പ്രഗത്ഭനായ പ്രൊഫഷണലുമാണ് ഗ്ലോബൽ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ചെയർമാനും സിഇഒയുമായ നോഹ ജോർജ്.

വൈവിധ്യമാർന്ന ബിസിനസുകളുടെ മേൽനോട്ടം വഹിക്കുക എന്നത് ചെറിയ കാര്യമല്ല. അതിന് ശക്തമായ അക്കാദമിക് പശ്ചാത്തലം വേണം. അതൊരു കലയാണ്.

ബിസിനസ്, കൗൺസിലിംഗ് ഓഫീസ്, വിവിധ ആവശ്യങ്ങൾക്കും കോർപ്പറേറ്റ് ഇവന്റുകൾക്കും സേവനം നൽകുന്ന ഒരു ഇവന്റ് വെന്യൂ... ഇതെല്ലാം ഒന്നിനോടൊന്ന് ചേരുന്നവയല്ല. എന്നാൽ അവ ചേരുംപടി ചേർത്ത് വിജയം കണ്ട ഒരാളാണ് നോഹ ജോർജ്.

ഇത് കൂടാതെ, ഇൻഷുറൻസ്, ആന്വിറ്റികൾ, ലൈഫ് പ്ലാനിംഗ് എന്നിവയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു വിജയകരമായ സാമ്പത്തിക സേവന ബിസിനസ്സ് നോഹ നയിക്കുന്നു. ക്ലയ്റുകളുടെ ഭാവി സുരക്ഷിതമാക്കാനും സാമ്പത്തിക സുരക്ഷിതത്വം നേടാനും ഇത് സഹായിക്കുന്നു.

ഇതിനിടയിലും, നന്മ സൂക്ഷിയ്ക്കുന്ന ഒരു മനസിന്റെ തൃപ്തിക്കായി സമയം മാറ്റിവെക്കുന്ന നോഹ സാംബിയയിലെ അനാഥർക്കായും, മയക്കുമരുന്നിന് അടിമപ്പെട്ടവർക്കായും, ന്യൂയോർക്ക് സിറ്റിയിലെ ദിബോവറി മിഷനിൽ ഭവനരഹിതരെ സഹായിക്കാനായും, റിഡ്ജ് വുഡ് എൻജെയിലെ വാലി ഹോസ്പിറ്റലിൽ സന്നദ്ധ സേവനത്തിനായും, അങ്ങനെ ആരുമറിയാതെ ആരോടും പറയാതെ നടത്തുന്ന സേവനങ്ങൾ എല്ലാം ഭൂമിയിൽ തന്റെ കടമയാണെന്ന വിശ്വാസത്തിൽ യാത്ര തുടരുന്നു.

## ജെറിൻ രാജ് – വ്യത്യസ്ത രംഗങ്ങളിലെ മികവ്



ഏഷ്യാനെറ്റ് ന്യുസ്- മലങ്കര സഭ യൂത്ത് ഐക്കൺ സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ച ജെറിൻ രാജ് അധ്യാപകൻ, ഐടി പ്രൊഫഷ്ണൽ, കമ്മ്യൂണിറ്റി ലീഡർ, ബെസ്റ്റ് കോർഡിനേറ്റർ അങ്ങനെ നിരവധി വിശേഷങ്ങൾ അവകാശപ്പെടാവുന്ന വ്യക്തിയാണ്.

ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട ലാഭേച്ഛയില്ലാത്ത സംഘടനയായ ഇന്റർനാഷ്ണൽ യൂത്ത് കാനഡ (ഐവൈവി)യുടെ സ്ഥാപകനാണ് ജെറിൻ. കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ പോലുള്ള സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിലൂടെ മെന്റർഷിപ്പ്, വർക് ഷോപ്പുകൾ എന്നിവ ഇപ്പോഴും നടത്തുന്നു.

കലാ-സാംസ്കാരിക പരിപാടികൾക്കായുള്ള ലെവിറ്റേറ്റ് എന്റർടൈൻമെന്റും ജെറിൻ സ്ഥാപിച്ചു. വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ഓണാഘോഷമായ മഹാ ഓണം സംഘടിപ്പിക്കുന്നതിലെ അദ്ദേഹത്തിന്റെ നേതൃത്വ പാടവം, സാംസ്ക്കാരിക ആഘോഷത്തിനും ഒരുമയ്ക്കും വഴിവച്ചു.

ഐടി സ്പെഷ്യലിസ്റ്റും, അധ്യാപകനുമായി ജോലി ചെയ്യുമ്പോഴും ജെറിൻ, സാമൂഹിക-സാംസ്ക്കാരിക രംഗത്തെ സജീവതയ്ക്ക് നിരവധി അംഗീകാരങ്ങളും സ്വന്തമാക്കി . എന്നും തന്റെ പ്രവർത്തനങ്ങളിൽ, വ്യത്യസത് കണ്ടെത്താനുള്ള യാത്രയിലാണ് ജെറിൻ.

## ഏലിയാമ്മ ജോൺ: കോവിഡ് വാരിയർ



ഏഷ്യാനെറ്റ് ന്യൂസ് -മലങ്കര സഭ കോവിഡ് വാരിയർ അവാർഡ് മരണാനന്തര ബഹു







മതിയായി ലഭിച്ച ഏലിയാമ്മ ജോൺ കർമ്മരംഗത്തെ മികവിനും നിസ്വാർത്ഥതക്കും മികച്ച മാതൃകയാണ്.

കാരുണ്യത്തിനൊരു മുഖമുണ്ടെങ്കിൽ അത് ശ്രീമതി ഏലിയാമ്മ ജോണിന്റേത് കൂടിയാണ്.

കേരളത്തിലെ ചെങ്ങരൂരിൽ ജനിച്ച, ഏലിയാമ്മയുടെ നഴ്സിംഗ് യാത്ര, ബോംബെയിൽ നിന്നു തുടങ്ങി ദുബായിലും കടന്നു ന്യൂയോർക്കിലെ ക്വീൻസ് ഹോസ്പിറ്റൽ സെന്റർ വരെ നീളുന്ന കഥയാണ്.

ഏലിയാമ്മയുടെ ജീവിതം രോഗികൾക്കായി സമർപ്പിച്ചതായിരുന്നു. അവർ സുഖപ്പെടുത്തിയ എണ്ണമറ്റ രോഗികൾ, കുടുംബത്തിൽ പകർന്നു നൽകിയ വിശ്വാസം സ്നേഹം എല്ലാം പുതുതലമുറക്കും പ്രചോദനം പകരുന്നതാണ്

ന്യൂയോർക്ക് സ്റ്റേറ്റ് നഴ്സസ് അസോസിയേഷന്റെ (ചഥടടചഅ) അംഗമായ അവർ ക്ലിനിക്കൽ മികവിന് മാത്രമല്ല, രോഗി പരിചരണത്തിലെ അചഞ്ചലമായ പ്രതിബദ്ധതയ്ക്കും പേരുകേട്ടവരായിരുന്നു. 2005-ൽ മകനെ നഷ്ടപ്പെട്ടതിലൂടെ ഉണ്ടായ വ്യക്തിപരമായ ദുരന്തം അവരെ കൂടുതൽ കാരുണ്യനിധിയാക്കുകയാണ് ചെയ്തത്.

2020 മാർച്ചിൽ, ഇഛഢകഉ പാൻഡെമിക്കിന്റെ മൂർദ്ധന്യത്തിലും സ്വജീവൻ, പണയപ്പെടുത്തി രോഗികളെ പരിചരിക്കുന്നതിനിടയിൽ വൈറസ് ബാധിച്ചു ഏലിയാമ്മ കണ്ണുകളടക്കുമ്പോൾ, യഥാർത്ഥ ആരോഗ്യ സംരക്ഷകയുടെ റോൾ എന്താണെന്നു ലോകത്തിന് കാണിച്ചു കൊടുക്കുകയായിരുന്നു.

43 വർഷത്തിലേറെ രോഗികൾക്കായി കാത്തു വച്ച വെള്ളയുടുപ്പിനുള്ളിലെ കാരുണ്യത്തിന്റെ മിടിപ്പുകൾ അവസാനിക്കുമ്പോൾ, തണലേകിയ ചിറകുകൾക്ക് പരിശുദ്ധിയുടെ മിന്നും വെള്ളനിറം!

## ഗ്രേസ് മറ്റമന: യുവജനതക്കു വഴികാട്ടി

ഏഷ്യനെറ്റ് ന്യൂസ്-മലങ്കര സഭ യൂത്ത് ഐക്കൺ അവാർഡ് നേടിയ ഗ്രേസ് മറ്റമന യുവജനതക്കു മാതൃകയും വഴികാട്ടിയുമാണ്. യൂത്ത് ഐക്കൺ എന്നത് വെറുമൊരു പദമല്ല., മറിച്ച് യുവതയുടെ അംബാസഡർ ആണ്. അതിലേക്കുള്ള യാത്ര എളുപ്പവുമല്ല.

ഇന്ത്യയിൽ ജനിച്ച് യുഎസിൽ വളർന്ന ഗ്രേസ് മറ്റമനയുടെ ലൈഫ് ഗ്രാഫ് ഉയരങ്ങളിലേക്ക് തന്നെയാണ്. യുഎസ് മറൈൻ കോറിലെ വെറ്ററൻ, ലോജിസ്റ്റിക്സ് അനലിസ്റ്റ് നേതൃത്വ പാടവത്തിലെ നിരീക്ഷണ ബുദ്ധി, സേവന സന്നദ്ധത എല്ലാം വിജയത്തിലേക്കുള്ള വഴികൾ ആണ്.



മിസ് മേരിലാൻഡ് ടീൻ യുഎസ് എയിൽ മിസ് കൺജീനിയാലിറ്റിയായിരുന്ന ഗ്രേസ്, തീവ്രവാദത്തിനെതിരായ ആഗോള യുദ്ധ സേവന മെഡൽ, നാഷണൽ ഡിഫൻസ് സർവീസ് മെഡൽ, നേവി ആൻഡ് മറൈൻ കോർ മെഡൽ തുടങ്ങിയവ നേടി. നിരവധി അക്കാദമിക്, ദേശീയ തലത്തിലുള്ള മത്സരങ്ങളിലും പങ്കെടുത്ത് തന്റെ മുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഗവൺമെന്റ് കോൺട്രാക്റ്റ് - ലോജിസ്റ്റിക്സ് അനലിസ്റ്റായി ജോലി ചെയ്യുന്ന ഗ്രേസ്, മേരിലാൻഡ് യൂണിവേഴ്സിറ്റി ഗ്ലോബൽ കാമ്പസ് ബാച്ചിലർ ഓഫ് സയൻസ് ഇൻ ഹോംലാൻഡ് സെക്യൂരിറ്റിയിൽ ബിരുദം നേടാനായുള്ള ശ്രമത്തിലുമാണ്.

ഗ്രേസ് മുന്നോട്ട് തന്നെയാണ്., ഉയരങ്ങൾ ഇനിയുമുണ്ട് കീഴടക്കാൻ..

## ജോയി ഇട്ടൻ: സേവന രംഗത്തെ കയ്യൊപ്പ്

ഏഷ്യാനെറ്റ് ന്യൂസ് -മലങ്കര സഭ കമ്മ്യൂണിറ്റി സർവീസ് അവാർഡ് ലഭിച്ച ജോയ് ഇട്ടൻ സാമൂഹ്യ സേവനത്തിലും ബിസിനസ് രംഗത്തും സംഘടനാ രംഗത്തും സജീവമാണ്.

സഹജീവികളോടുള്ള അനുകമ്പ ഒരു ദിവസം പെട്ടെന്നുണ്ടാകുന്നതല്ല. ജീവിത പാഠങ്ങൾ നൽകുന്ന അറിവിൽ നിന്നും, സ്വർണ്ണ നൂലിനാൽ കോർക്കപെടുന്ന പട്ടിന്റെ ഭംഗിയും കാന്തിയും പോലെ ചുറ്റിലുള്ളവരുമായുള്ള ഇഴയടുപ്പത്തിലൂടെ പകർന്നു കിട്ടുന്നതാണ്.

ജോയ് ഇട്ടന്റെ ജീവിതവും അങ്ങനെയാണ്. ആ കാരുണ്യത്തിനു ദേശ-ഭാഷാ വ്യത്യാസമില്ല. കോലഞ്ചേരിയിലെ കോളേജിൽ നിന്നും പഠിച്ച കെമിസ്ട്രിയും, സോഷ്യോളജിയും അക്കാദമിക് പഠനമായിരുന്നുവെങ്കിലും ജോയ് ഇട്ടനു മനസിലായത് അശരണരോടൊത്തുള്ള സോഷ്യൽ ജീവിതവും അവരോടുള്ള കെമിസ്ട്രിയുമായിരുന്നു.



ന്യൂയോർക്കിലെ തിരക്കേറിയ ജീവിതത്തിനിടയിലും സോഷ്യൽ കമ്മിറ്റ്മെന്റുകൾ ജോയ് ഇട്ടൻ മറന്നില്ല. ഫൊക്കാന പോലുള്ള സംഘടനകൾ മുതൽ, ലോക കേരളംസഭയിലെ സാന്നിധ്യം വരെ നീളുന്ന ചുമതലകൾ അത് തെളിയിക്കുന്നു.

വീട് ഏവരുടെയും സ്വപ്നമാണ്. വിദ്യാഭ്യാസവും അങ്ങനെ തന്നെ. ഇവ രണ്ടും അകലങ്ങളിലെ സ്വപ്നം പോലെ കൊണ്ടുനടക്കുന്നവരുമുണ്ട്. അത്തരക്കാരെ കണ്ടെത്തി, വിദ്യാഭ്യാസം നൽകാനും, പാർപ്പിടങ്ങൾ വച്ച് നൽകാനും ജോയ് ഇട്ട

നു രണ്ടാമത് ആലോചിക്കേണ്ടി വന്നില്ല. തലയുയർത്തി നിൽക്കുന്ന നിരവധി സൗധങ്ങളും, അറിവിന്റെ വെളിച്ചം തികച്ചും സൗജന്യമായി പകർന്നു കൊടുക്കാനും , നിർധന-വിവാഹ മംഗള കർമ്മങ്ങളിൽ കൈത്താങ്ങായും ജോയ് ഇട്ടൻ ഓടി നടന്നുകൊണ്ടേയിരിക്കുന്നു...

കമ്മ്യൂണിറ്റി സർവീസ് പുരസ്കാര നിറവിൽ, ജോയ് ഇട്ടന്റെ സ്നേഹകൂടുകളും ആകാശത്തേക്ക് തലയുയർത്തി നിൽക്കുകയാണ്..ആദരവിന്റെ അഭിമാന നിമിഷത്തിനായി.




## ഡോ. ജെന്നിഫർ ചേന്നാട്ട്: ഗവേഷണ രംഗത്ത് മികച്ച നേട്ടങ്ങൾ

ഏഷ്യാനെറ്റ് ന്യൂസ്- മലങ്കര സഭയുടെ വൈദ്യശാസ്ത്രത്തിനുള്ള സ്പെഷ്യൽ ജൂറി അവാർഡ് നേടിയ ഡോ. ജെന്നിഫർ ചേന്നാട്ട് പ്രമുഖ അക്കാദമിക് - ഗ്യാസ്ട്രോ- എൻട്രോളജിസ്റ്റാണ്



മനുഷ്യ ശരീരത്തിനുള്ളിൽ നിരവധി ഉള്ളറകളും കുഴലുകളുമുണ്ട്. ആമാശയത്തിലെ എല്ലാ പ്രവർത്തനങ്ങളെയും നിരീക്ഷിക്കുവാനുള്ള അന്തർദർശനവിദ്യ കരസ്ഥമാക്കിയ, ഡോ. ജെന്നിഫർ ചേന്നാട്ട്, അഡ്വാൻസ്ഡ് ഇന്റർവെൻഷണൽ എൻഡോസ്കോപ്പിയിൽ വൈദഗ്ദ്ധ്യം നേടി.

ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ നിന്ന് അഡ്വാൻസ്ഡ് എൻഡോസ്കോപ്പി ഫെലോഷിപ്പ് പൂർത്തിയാക്കിയ ജെന്നിഫർ, 2011 ൽ യുപിഎംസിയിൽ ചേരുന്നതിന് മുമ്പ് ഫാക്കൽറ്റിയായും, ഫെലോഷിപ്പ് പ്രോഗ്രാമിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സങ്കീർണ്ണമായ ഗ്യാസ്ട്രോഇന്റസ്റ്റൈനൽ, പാൻക്രിയാറ്റിക് രോഗങ്ങളിൽ , രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനായി , മൾട്ടി ഡിസിപ്ലിനറി ടീമുകളുമായി ചേർന്ന് പരിചരണ മാതൃകകൾ വളർത്തിയെടുക്കുക, നൂതന എൻഡോസ്കോപ്പിക് സാങ്കേതിക വിദ്യകളെ പരിപോഷിപ്പിച്ചും, ചിക്കാഗോ സർവകലാശാലയിലെ മെഡിക്കൽ സെന്റർ വനിതാ കമ്മിറ്റിയിൽ സേവനമനുഷ്ഠിച്ചും, ഭാവി തലമുറയിലെ വനിതാ ഡോക്ടർമാർക്ക് ഒരു മാതൃകയായി ഡോ. ജെന്നിഫെർ തിളങ്ങുന്നു.

കാൻസർ പ്രതിരോധത്തെ കുറിച്ചുള്ള പ്രഭാഷണങ്ങൾ, മെഡിക്കൽ ജേണലുകളുടെ എഡിറ്റോറിയൽ ബോർഡുകളിലെ പ്രധാന പങ്ക്, പൊതുജനാരോഗ്യ വിദ്യാഭ്യാസത്തിനായുള്ള സംഭാവനകൾ .. അങ്ങനെ എടുത്തു പറയേണ്ട റോളുകൾ ഡോ. ജെന്നിഫറിന് സ്വന്തം.

നിലവിൽ യൂണിവേഴ്സിറ്റി ഓഫ് പിറ്റ്സ്ബർഗ് മെഡിക്കൽ സെന്ററിൽ തെറാപ്യൂറ്റിക് എൻഡോസ്കോപ്പി ചീഫ് ആയി സേവനമനുഷ്ഠിക്കുന്ന ഡോ. ജെന്നിഫെറിനെ നിരവധി അംഗീകാരങ്ങളും തേടിയെത്തി.

ഡോ. ജെന്നിഫറുടെ , ക്ലിനിക്കൽ, ഗവേഷണ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്.





NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# സ്മരണയിൽ ജീവൻതുടിച്ച് ഉമ്മൻ ചാണ്ടി; ജനനായകന് പുഷ്പാർച്ചനയുമായി രാഹുലും



എ.എസ് ശ്രീകുമാർ

പുതുപ്പള്ളിയുടെ മനസുറങ്ങിയിട്ട് ഇന്നേയ്ക്ക് രണ്ടുവർഷം തികഞ്ഞു. ചരമവാർഷികത്തിൽ പ്രിയപ്പെട്ട കുഞ്ഞൂഞ്ഞിന് ഓർമപ്പൂക്കൾ അർപ്പിച്ച് നടന്ന സ്മൃതിസംഗമത്തോടനുബന്ധിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉമ്മൻചാണ്ടിയുടെ കല്ലറയിലെത്തി. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ് ഉൾപ്പെടെ കോൺഗ്രസിന്റെ ദേശീയ-സംസ്ഥാന നേതാക്കൾ തുടങ്ങി നിരവധിപേർ ചടങ്ങിൽ പങ്കെടുത്തു. നേതാക്കൾ ഉമ്മൻചാണ്ടിയുടെ ശവകുടീരത്തിൽ പുഷ്പാർച്ചനയും പ്രാർഥനയും നടത്തി.

ഖദറിന്റെ വെൺ കുപ്പായമണിഞ്ഞ് നറുനിലാ പുഞ്ചിരിയോടെ കേരള നാടിന്റെ മനസ്സു കവർന്നെടുത്ത ഉമ്മൻ ചാണ്ടി സാർ തന്റെ നിയോഗം പൂർത്തിയാക്കി കൺവെട്ടത്തു നിന്ന് അകന്നുപോയി എന്ന് പുതുപ്പല്ളിക്കാർ ഇന്നും വിശ്വസിക്കുന്നില്ല. മൂല്യശോഷണം സംഭവിക്കാത്ത രാഷ്ട്രീയ നേതാക്കന്മാരുടെ പട്ടികയിൽ തന്റെ പേരും തങ്കമുദ്ര ചാർത്തിക്കൊണ്ട് ഒട്ടേറെ ഓർമ്മകളുടെ വെള്ളിവെളിച്ചമായി ആകാശ മേലാപ്പിൽ ഒരു വെള്ളി നക്ഷത്രമായി പരിലസിക്കുകയാണ് ഈ പ്രിയ നേതാവ്.

രാഷ്ട്രീയം ഏതുമായിക്കൊള്ളട്ടെ, അതിനൊക്കെ അതീതമായി ഇന്ത്യയിൽ തന്നെ സ്വർണ സ്ഥാനമുറപ്പിച്ച ഈ മഹദ് വ്യക്തിയുടെ നൊമ്പരപ്പെടുത്തുന്ന തിരോധാനം 2023 ജൂലൈ മാസം 18-ാം തീയതിയായിരുന്നു. കോട്ടയം ജില്ലയിലെ പുതുപ്പള്ളി എന്ന ഗ്രാമത്തിൽ നിന്നും കേരളത്തിന്റെ ഭരണയന്ത്രം തിരിച്ചുകൊണ്ട് നന്മയുടെ രാഷ്ട്രീയം വ്യക്തി ജീവിതത്തിലും തന്റെ രാഷ്ട്രീയ പ്രവർത്തന സപര്യയിലും നൂറു ശതമാനം തെളിയിച്ചുകൊണ്ടാണ് പ്രിയ മാനസനായ ഉമ്മൻ ചാണ്ടി തന്റെ ഭൗതിക ജീവിതത്തിന് വിരാമമിട്ടുകൊണ്ട് കാലയവനികയ്ക്കുള്ളിലേയ്ക്ക് മറഞ്ഞുപോയത്.

കേരളത്തിന്റെ മനസ്സ് ഇത്രയേറെ കവർന്നെടുത്ത നേതാക്കന്മാർ വിരളമാണ്. ഉമ്മൻ ചാണ്ടി സാറിന്റെ ഭൗതിക യാത്രയ്ക്ക് വിരാമമായെങ്കിലും തന്റെ ജീവിതത്തിലൂടെ അദ്ദേഹം അദ്ദേഹം സമൂഹത്തിന് സമർപ്പിച്ച മാതൃകകൾ ഇന്നും സജീവമായിത്തന്നെ നിലനിൽക്കുന്നു. സമരമുഖങ്ങളിലെ തീപ്പന്തമായി നിൽക്കുമ്പോഴും തന്റെ കർമ്മ പദങ്ങളി



ലൂടെ ഓടി നടന്ന്, ഉറക്കവും ഊണും കളഞ്ഞ് പൊതുജനത്തിന്റെ മുഖ്യധാരയിൽ ഉമ്മൻ ചാണ്ടി എന്നും ഉണ്ടായിരുന്നു...സജീവമായിത്തന്നെ...ഓജസും ഊർവും നിലനിർത്തിക്കൊണ്ടു തന്നെ...

വേർപാടിന്റെ രണ്ടു വർഷം തികയുമ്പോൾ നികത്താനാവാത്ത ആ നേതൃനഷ്ടത്തിന്റെ വിലയേറിയിട്ടേയുള്ളൂ. ദേശീയ ജനാധിപത്യ പാർട്ടിയായ കോൺഗ്രസിന്റെ കുപ്പായം ധരിച്ചതു മുതൽ അദ്ദേഹം തന്റെ ജീവിതം സ്വാർത്ഥലാഭമില്ലാത്ത പരിധികൾക്കപ്പുറത്തേയ്ക്ക് എത്തിച്ചിരുന്നു. എന്നിട്ടും ഉമ്മൻ ചാണ്ടിയെ ഒരു കാരണവുമില്ലാതെ വേട്ടയാടിയവർക്ക് എന്ത് യോഗ്യതയാണുള്ളത്...എന്ത് മറുപടിയാണവർക്ക് പറയാൻ സാധ്യമായിട്ടുള്ളത്...അഗ്നിശുദ്ധി അദ്ദേഹം എത്തിയല്ലോ. ''നിങ്ങളിൽ പാപം ചെയ്യാത്തവർ തന്നെ കല്ലെറിയട്ടെ''യെന്ന് ആ വിഷമസന്ധികളിൽ അദ്ദേഹം ഓർത്തിരിക്കണം.

ജീവിതത്തിന്റെ നൈർമല്യവും അവസാന ശ്വാസം വരെ പൊതുപ്രവർത്തനത്തിന്റെ പരിശുദ്ധിയും കാത്തുസൂക്ഷിച്ച ഉമ്മൻ ചാണ്ടിയെ ഒളിഞ്ഞും തെളിഞ്ഞും ആരോപണ കുടുക്കിൽ എത്തിച്ചവർ ഒരു നിമിഷം തിരിഞ്ഞു നോക്കണം. കാരണം, അവരുടെയൊക്കെ നാവ് എന്നോ പഴിച്ചുപോയിരുന്നു. അടിസ്ഥാനമില്ലാത്ത ആരോപണത്തിന്റെ മുൾമുനയിൽ അദ്ദേഹത്തെ നിർത്തിയ പ്രതിലോമ കക്ഷികൾക്ക് ഉത്തരം കിട്ടിത്തന്നെയാണ് ഈ പ്രിയ നേതാവ് തന്റെ ജനസമ്പന്നമായ ജീവിതത്തിന് അവസാനമിട്ടത്.

ഉമ്മൻ ചാണ്ടിയുടെ ജീവിതം കോൺഗ്രസ് പ്രസ്ഥാനത്തെയും കേരള രാഷ്ട്രീയത്തെയും സംബന്ധിച്ച് ഒരു സുവർണ കാലഘട്ടം തന്നെയായിരുന്നു. എം.എൽ.എ ആയും മന്ത്രിയായും കേരളത്തിന്റെ ആദരവ് പിടിച്ചു പറ്റിയ മുഖ്യമന്ത്രിയായും സൽക്കർമ്മങ്ങൾ ചെയ്തിട്ടുള്ള പുതുപ്പള്ളിയുടെ ഈ മുത്തിനെ എങ്ങനെ ആരോപണക്കയങ്ങളിൽ ആഴ്ത്താൻ നാവും മുഷ്ഠിയും പൊന്തി എന്നുള്ളത് കാലം തെളിയിക്കും.

സ്വന്തം ജന്മനാടായ പുതുപ്പള്ളിയുടെ ഓരോ മണൽത്തരികളെയും തന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹിച്ച, യുവതയുടെ ആവേശമായി മാറിയ ഉമ്മൻ ചാണ്ടി ദേശീയ നേതാവായും അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ അനുരഞ്ജന വ്യക്തിത്വമായും പൊതുജന സമ്പർക്ക പരിപാടിയുടെയും നുർനിരയിൽ ശോഭിച്ചു എന്നതിന് ചരിത്രം സാക്ഷി പറയും. നമ്മൾ സ്നേഹിച്ച ഓരോ വ്യക്തിത്വങ്ങളും, നമ്മളെ സ്വാധീനിച്ച ഓരോ മഹാന്മാരും ഇത്തരത്തിൽ വിട പറയുമ്പോൾ ഒഴുക്കാൻ ഇത്തിരി കണ്ണീർ കണങ്ങളേ അവശേഷിക്കുന്നുള്ളൂ.

തിരുവനന്തപുരത്തെ 'പുതുപ്പള്ളി' വീട്ടിലും കോട്ടയത്തെ സ്വന്തം തറവാട്ടിലും ആരോഗ്യം മറന്ന് ഓടിനടക്കുകയും പുതുപ്പള്ളി പള്ളിയിലെ കുർബാനയിൽ സാധാരണക്കാരിൽ സാധാരണക്കാരനായി പങ്കെടുത്ത് അവിടെ നിന്നിറങ്ങി ജനമനസ്സിലേക്ക് കടന്നു കയറുകയും ചെയ്ത ഉമ്മൻ ചാണ്ടിയെ പോലെയുള്ള ഒരു ജനകീയ നേതാവിന്റെ സജീവ സാന്നിധ്യം ഇനിയെന്നുണ്ടാകും എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ കാല്പാടുകൾ ജനഇടങ്ങളും നമ്മുടെ നിത്യജീവിത പരിസരങ്ങളും പിന്തുടരുന്നവർക്കു മാത്രമേ ശരിയായ ഉത്തരം നൽകുവാനാകൂ.

കേരളത്തിന് ഒട്ടേറെ അഭിമാന വികസന സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതിന്റെയൊക്കെ ആനുകൂല്യങ്ങൾ പിൻപറ്റുകയും ചെയ്തവർ തീർച്ചയായും വ്യസനിക്കുന്നുണ്ടിപ്പോൾ. മനുഷ്യ ജീവിതത്തിന്റെ ഹ്രസ്വമായ കാലഘട്ടങ്ങളിൽ ഇതുപോലുള്ള നേതാക്കന്മാർ പിറവിയെടുക്കുന്നതും പ്രവർത്തന ക്ഷേമോജ്വലമായി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കുന്നത് അത്യപൂർവമാണ്. നാളത്തെ സമൃതിദിനത്തിൽ ഈ സാധാരണ പുതുപ്പള്ളിക്കാരനെ വണങ്ങിക്കൊണ്ട് പുതിയ കോൺഗ്രസ് തലമുറ ഉയിർത്തെഴുന്നേറ്റു വന്നാൽ അതാണ് അദ്ദേഹത്തോട് ചെയ്യാവുന്ന ആദരവിന്റെ സ്മരണാഞ്ജലി.


JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ഫോമായുടെ ആദ്യ വനിതാ ഉച്ചകോടിയിലേക്ക് ഏവർക്കും സ്വാഗതം

അനുപമ കൃഷ്ണൻ

ഫോമായുടെ ആദ്യ ഉന്നതതല വനിതാ സംഗമത്തിലേക്ക് നോർത്തമേരിക്കയിലെ എല്ലാ മലയാളി വനിതകളേയും ക്ഷണിക്കുന്നു. ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ), 'സഖി - ഫ്രണ്ട്സ് ഫോറെവർ' എന്ന പേരിൽ ആദ്യമായി വനിതാ സംഗമം(വിമൻ സമ്മിറ്റ്) സംഘടിപ്പിക്കുന്നതിലൂടെ ഒരു പുതിയ ചരിത്രം കുറിക്കുകയാണ്. 2025 സെപ്റ്റംബർ 26 മുതൽ 28 വരെ പെൻസിൽവാനിയയിലെ വിൽക്സ്-ബാരെയിലുള്ള വുഡ്‌ലാൻഡ്സ് ഇൻ ആൻഡ് റിസോർട്ടിൽ വച്ചാണ് വനിതാസംഗമം നടക്കുക.'ശാക്തീകരിക്കുക. ഉയർത്തുക, നയിക്കുക' എന്നതാണ് പ്രമേയം. സ്ത്രീകളുടെ നേട്ടങ്ങളും സൗഹൃദങ്ങളും ആഘോഷിക്കാനും വെല്ലുവിളികളെ മറികടക്കുന്നതിനും സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ, സംരംഭകർ, പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ എന്നിങ്ങനെ വിവിധ തലങ്ങളിലെ വനിതകളെ ഒരുമിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഫോമായുടെ ദേശീയ വനിതാ ഫോറം നേതൃത്വം നൽകുന്ന ഈ മഹാസംഗമം, പ്രവാസികളും അല്ലാത്തവരുമായ മലയാളി സ്ത്രീകളുടെ ശബ്ദം മലയാളിസമൂഹത്തിന്റെ ഉന്നമനത്തിനായി ഉയർന്നുകേൾക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് നടപ്പാക്കുന്നത്. സംഘടനയുടെ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കുമിതെന്ന് ഭാരവാഹികൾ അറിയിച്ചു. സാമൂഹിക ഉത്തരവാദിത്തത്തോടെയുള്ള ഫോമായുടെ നിരന്തരമായ പ്രതിബദ്ധതയുടെ ഭാഗമായി, ഈ മഹാസംഗമത്തിലെ, വരുമാനത്തിന്റെ ഒരു ഭാഗം ഇന്ത്യയിലെ സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, സമൂഹക്ഷേമം എന്നിവക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുമെന്നും അവർ കൂട്ടിച്ചേർത്തു. ഇന്ന് സമൂഹത്തിലെ ഏത് രംഗത്തെയും സ്ത്രീയുടെ ശബ്ദം പ്രധാനമാണ് എന്നതുകൊണ്ട് ഏവരുടെയും സാന്നിധ്യം പ്രതീക്ഷിക്കുന്നതായി സംഘാടകർ അഭിപ്രായപ്പെട്ടു. സമൂഹിക നേതൃത്വം, സ്ത്രീ ശാക്തീകരണം, സാമൂഹീക നന്മ തുടങ്ങി ഒരു പുതിയ അധ്യായത്തിന്റെ ഭാഗമാകാനും സഹജീവികളുടെ ജീവിതത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ വരുത്തുന്നതിനും ഒപ്പം നിൽക്കണമെന്നും ഇവർ അഭ്യർത്ഥിച്ചു.


പരിപാടിയുടെ സവിശേഷതകൾ: 1.ബിസിനസ് രംഗത്തെ പ്രമുഖരിൽ നിന്നുള്ള മുഖ്യപ്രഭാഷണങ്ങൾ.2.നേതൃത്വം, സംരംഭകത്വം, ആരോഗ്യം & ക്ഷേമം, സാംസ്കാരിക സ്വത്വം എന്നിവയെക്കുറിച്ചുള്ള സംവേദനാത്മക പാനൽ ചർച്ചകൾ

3.സ്ത്രീകളുടെ ഉന്നമനത്തിനും നേതൃപാടവത്തിനും നെറ്റ് വവർക്കിങ്ങിനും സഹായിക്കുന്ന വർക്ക്ഷോപ്പുകൾ.

രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.ഠഠഠ.ളീാമമ.ീൃഴ/ംീാലിമൈ ാശഭ2025 എന്ന വെബ്സൈറ്റിലൂടെ സീറ്റ് ബുക്ക് ചെയ്യാം.2025 ഓഗസ്റ്റ് 1 വരെ ബുക്ക് ചെയ്യുന്നവർക്ക് പ്രീ ബുക്കിംഗ് ഡിസ്കൗണ്ട് ലഭ്യമാണ്.




ഈ മഹാസംഗമം വെറുമൊരു ഒത്തുചേരലല്ല, സ്ത്രീ ശാക്തീകരണത്തിനുള്ള ഒരു സമ്മേളനമാണ് എന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള ഒരു വനിതാസംഗമം സംഘടിപ്പിക്കുന്നതിൽ അഭിമാനിക്കുന്നതായി ഫോമാ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്,ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു. ഇത് സ്ത്രീകളുടെ പ്രചോദനത്തിനും സഹകരണത്തിനും വളർച്ചയ്ക്കുമുള്ള വേദിയാണ്, എല്ലാ പശ്ചാത്തലങ്ങളിലുമുള്ള വനിതകൾ ഇതിൽ ഭാഗമാകണമെന്നും ഫണ്ട് സ്വരൂപിക്കുന്നതിനും പരിപാടി വിജയിപ്പിക്കുന്നതിനും എല്ലാവരും ഒപ്പം വേണമെന്നും ഇവർ അഭ്യർത്ഥിച്ചു. ഒപ്പം സ്പോൺസർമാരോടുള്ള അഗാധമായ നന്ദിയും അറിയിച്ചു.



the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# ഓണാഘോഷം കളറാക്കുവാൻ 'സ്പാർക് ഓഫ് കേരള' എത്തുന്നു; അഫ്സൽ, സ്വാസിക, മോക്ഷ താര നിര

ഷാജി വർഗീസ്

മലയാളി കൾച്ചറൽ എക്സ്ചേഞ്ച് ഫൗണ്ടേഷൻ (MCEFEE) അണിയിച്ചൊരുക്കുന്ന 'സ്പാർക് ഓഫ് കേരള' ഉത്സവ തിമിർപ്പോടെ അമേരിക്കയിലേക്ക്. അഫ്സൽ, സ്വാസിക, മോക്ഷ എന്നിവർ നയിക്കുന്ന താര നിര എത്തുന്നതോടെ ഇക്കുറി അമേരിക്കൻ മലയാളികളുടെ ഓണാഘോഷം കളറാകുമെന്നുറപ്പ്.

ന്യൂജേഴ്സി കേന്ദ്രമായുള്ള MCEFEE കമ്പനി ആണ് പ്രശസ്ത പിന്നണി ഗായകൻ അഫ്സൽ, നർത്തകിയും മലയാളം തമിഴ് സിനിമകളിലെ പ്രമുഖ നടിയുമായ സ്വാസിക, ഭാരതനാട്യം നർത്തകിയും ബംഗാളിൽ നിന്ന് മലയാളത്തിൽ ചേക്കേറി നായികയായ മോക്ഷ എന്നിവർ നേതൃത്വം നൽകുന്ന 12 അംഗ ടീമിനെ ഒരുമിച്ച് അമേരിക്കയിൽ എത്തിക്കുന്നത്. എല്ലാവരുടെയും വിസ പ്രോസസ്സിംഗ് വിജയകരമായി കഴിഞ്ഞു.

ലൈവ് ഓർക്കെസ്ട്രയുമായി എത്തുന്ന അഫ്സലിനൊപ്പം പിന്നണി ഗായിക അഖില ആനന്ദ്, ടെലിവിഷൻ സ്റ്റേജ്ഷോ പരിപാടികളിലെ നിറ സാന്നിധ്യം നസീർ മിന്നലെ എന്നിവർ കൂടി ചേരുന്നത് പരിപാടിയെ അമേരിക്കൻ മലയാളികൾക്കിടയിൽ തരംഗമാക്കുമെന്നുറപ്പ്

ഗായികയും അനുഗ്രഹീത വയലിൻ വാദകയുമായ വേദ മിത്ര പരിപാടിയുടെ മറ്റൊരു ആകർഷണമാണ്.

ഡി ഫോർ ഡാൻസ് ഫെയിം ഡാൻസ് കൊറിയോഗ്രാഫർ കുക്കു, ഗിന്നസ് ബുക്കിൽ പേരുള്ള സ്റ്റാന്റ് അപ്പ് കോമെഡിയൻ സിദ്ധിഖ് റോഷൻ എന്നിവരും എത്തും. ഷിജു (കീബോർഡ്) ജോജോ ( റിഥ്യം പാഡ്) വിപിൻകുമാർ (തബല) സുനീഷ്മോൻ (ഡോലക്) എന്നിവരുടെ ഓർകെസ്ട്രാ ഉണ്ടാവും.

ഐ ടി മേഖലയിൽ പ്രവർത്തിക്കുന്ന ഷാജി, സുജിത്ത്, അരുൺ, വരുൺ, കൃഷ്ണൻ എന്നിവരാണ് പരിപാടിയുടെ സ്പോൺസർമാർ. അമേരിക്കയിൽ ന്യൂജേഴ്സി കേന്ദ്രമായി മലയാളി കൾച്ചറൽ എജ്യുക്കേഷൻ ആൻഡ് ഇവന്റ്സ് എക്സ്ചേഞ്ച് പ്രൊമോട്ട് ചെയ്യുന്ന, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന 'മലയാളി കൾച്ചറൽ എക്സ്ചേഞ്ച് ഫൗണ്ടേഷൻ (MCEFEE)യുടെ പാർട്നേഴ്സാണ് ഇവരെല്ലാം. സംസ്കാരങ്ങളെ ഒരുമിപ്പിക്കുക, തലമുറകളെ ശാക്തീകരിക്കുക-അമേരിക്കയിൽ മലയാളി ബന്ധങ്ങൾ ആഘോഷമാക്കുക എന്നിവയാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടി കൾച്ചറൽ വർക്ഷോപ്പുകളും വിദ്യാഭ്യാസ പ്രോഗ്രാമുകളുമായി നിരവധി പരിപാടികൾ ഫൗണ്ടേഷൻ ചെയ്യുന്നുവെന്ന് MCEFEE നേതൃത്വം അറിയിച്ചു.

അമേരിക്കയിലെ മലയാളികൾക്കിടയിൽ ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കുക, നമ്മുടെ നാടിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് MCE-FEE ലക്ഷ്യമിടുന്നത്.




സാംസ്കാരിക അനുഭവങ്ങളും മൂല്യങ്ങളും വാഗ്ദാനം ചെയ്യുന്ന ഗുണനിലവാരമുള്ള ഇവന്റുകൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന MCEFEE വിദ്യാഭ്യാസ പരിപാടികൾ, സാംസ്കാരിക പരിപാടികൾ, കമ്മ്യൂണിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ എന്നിവയിലൂടെ പുതിയ തലമുറയെ പ്രചോദിപ്പിക്കുന്നു . മലയാളം പഠിക്കുകയോ, കേരളത്തിലെ പരമ്പരാഗത ഉത്സവങ്ങളിൽ പങ്കെടുക്കുകയോ, നമ്മുടെ ആചാരങ്ങളുടെ ആഴത്തിലുള്ള അർത്ഥം മനസ്സിലാക്കുകയോ ആകട്ടെ, അവതരിപ്പിക്കുന്ന പരിപാടികൾ വെറും ആഘോഷങ്ങളാകാതെ പ്രചോദനാല്മകമാകുന്നുവെന്ന് MCEFEE ഉറപ്പാക്കുന്നു. സാംസ്കാരിക വിനിമയത്തിന് വലിയ ശക്തിയുണ്ടെന്ന ബോധ്യത്തെ അടിസ്ഥാനമാക്കിയാണ് MCEFEE യുടെ പ്രവർത്തനം . നമ്മുടെ സമൂഹത്തിന് അവരുടെ പൈതൃകത്തെ അറിയാനും അതിൽ അഭിമാനിക്കാനുമുള്ള അവസരങ്ങൾ നൽകാനും MCEFEE പ്രവർത്തിക്കുന്നു. MCEFEE പ്രവർത്തനങ്ങൾ പ്രത്യേകിച്ചും യുവാക്കളെ ആകർഷിക്കുന്നതിനും അവരിൽ നമ്മുടെ സാംസ്കാരിക പൈതൃക

ത്തെക്കുറിച്ച് കൂടുതൽ ധാരണ വളർത്തുന്ന തിനുമായാണ്.

'സ്പാർക് ഓഫ് കേരള'യുടെ പ്രിയ താരങ്ങളെ പരിചയപ്പെടുത്താം

### അഫ്സൽ

എറണാകുളം മട്ടാഞ്ചേരിയിൽ ഇസ്മായിലിന്റെ 8 മക്കളിലൊരാളായ അഫ്സൽ പതിനേഴാം വയസിൽ ഗാനമേളകൾക്ക് പാടിത്തുടങ്ങി. സഹോദരനായ ഷക്കീറിൽ നിന്ന് റിഥം പ്രോഗ്രാമിംഗ് അഭ്യസിച്ച അഫ്സൽ പ്രശസ്ത സംഗീതസംവിധായകരായ കെ രാഘവൻ മാഷ്, ദക്ഷിണാമൂർത്തി സ്വാമി, രവീന്ദ്രൻ, ബേണി ഇഗ്നേഷ്യസ്, മോഹൻ സിത്താര തുടങ്ങിയവർക്കൊപ്പം അസ്സിസ്റ്റന്റായും, റിഥം കമ്പോസർ പ്രോഗ്രാമറായും പ്രവർത്തിച്ചു. ആദ്യമായി പിന്നണി പാടിയത് 'വല്യേട്ടൻ' എന്ന ചിത്രത്തിന് വേണ്ടിയായിരുന്നു . തുടർന്ന് 'കല്യാണരാമൻ' 'നമ്മൾ' എന്നീചിത്രങ്ങളിലൂടെ പുതു തലമുറയുടെ ഹരമായി മാറി.

സിനിമാ ഗാനങ്ങൾക്ക് പുറമെ നിരവധി ഭക്തിഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ, ആൽബങ്ങൾ എന്നിവയും ആലപിച്ചു. ലോകമെമ്പാടുമുള്ള ഹൈ ലെവൽ എനർജി പാക്ക്ഡ് മ്യൂസിക് ഷോകളുടെ അമരത്ത് ഇന്നും അഫ്സലിന്റെ ഗാനമധുരിയും ആ വൈബും ആളുകളിൽ വമ്പൻ വിസ്മയമൊരുക്കുന്നു.

### അഖില ആനന്ദ്

അഞ്ചാം വയസ്സിൽ സംഗീതപഠനത്തിന് തുടക്കമിട്ട അഖില ആനന്ദ് കർണ്ണാടക സംഗീതവും ഹിന്ദുസ്ഥാനിയും അഭ്യസിച്ച ശേഷം ജയരാജ് സംവിധാനം ചെയ്ത അശ്വാരൂഢൻ എന്ന ചിത്രത്തിൽ ജാസി ഗിഫ്റ്റിന്റെ സംഗീത സംവിധാനത്തിലൂടെ സിനിമയിലെത്തി. 'അഴകാലില മഞ്ഞച്ചരടിലെ പൂത്താലി' എന്ന ആദ്യ ഗാനം തന്നെ പ്രേക്ഷകർ ഏറ്റെടുത്തു. തുടർന്ന് ജയരാജിന്റെ ആനച്ചന്തം, ഷാഫിയുടെ ചോക്ലേറ്റ്, ഹലോ എന്നീ ചിത്രങ്ങളിലെ ഗാനങ്ങളും ശ്രദ്ധേയമായി. കോളേജിൽ പഠിക്കുമ്പോൾത്തന്നെ നിരവധി ആൽബങ്ങളിലും ഭക്തിഗാന കാസറ്റുകളിലും പാടിത്തുടങ്ങി. ഗാനമേളകളും അവതരിപ്പിച്ചിരുന്നു. നിരവധി പരസ്യജിംഗിളുകൾക്കും വേണ്ടി പാടിയിട്ടുണ്ട്..

### നസീർ മിന്നലേ

സൂര്യ ടി വി യിലെ പ്രശസ്ത സംഗീത പരിപാടി- 'മിന്നലേ'യിലൂടെ മലയാളികളുടെ മനം കവർന്ന അനുഗ്രഹീത ഗായകൻ. മലയാള സംഗീത ലോകത്ത് വേറിട്ട ശബ്ദ സൗകുമാര്യവും ആലാപനവും കൊണ്ട് ശ്രദ്ധേയനായ കലാകാരൻ. വേദികളിലും ടെലിവിഷൻ ഷോകളിലും മിന്നും പ്രകടനവുമായി, സംഗീതവഴികളിൽ പുതു തരംഗമുയർത്തി മുന്നേറുകയാണ് കൊച്ചിയിൽ നിന്നുള്ള നസീർ മിന്നലേ. പേര് സൂചിപ്പിക്കും പോലെ തന്നെ മിന്നും പ്രകടനം. ഒട്ടനവധി വേദികളിൽ തന്റെ ഗാനങ്ങളിലൂടെ സാന്നിധ്യം അറിയിച്ച നസീർ മിന്നലേ, വളരെ ചെറുപ്രായത്തിൽ തന്നെ സംഗീതത്തോട് കാണിച്ച താല്പര്യം അദ്ദേഹത്തെ എത്തിച്ചത് മലയാള ചലച്ചിത്ര ലോകത്തിനു നിരവധി പ്രതിഭാധനന്മാരെ സംഭാവന ചെയ്ത കൊച്ചിൻ കലാഭവനിലാണ്.

യുവതലമുറയുടെ ആവേശമായ കൈരളി വി ചാനലിൽ സംപ്രേക്ഷണം ചെയ്ത ക്യാമ്പസ് ചില്ലീസ് എന്ന പരിപാടി ഏറെ ജനപ്രീതി നേടിയിരുന്നു. സിനിമയിലും, ടെലിവിഷൻ സീരിയലുകളിലും, ജനഹൃദയങ്ങൾ ഏറ്റെടുത്ത ഒട്ടനവധി ആൽബം സോങ്സിലൂടെയും തന്റെ മിന്നുന്ന പ്രതിഭയാൽ ശ്രദ്ധേയനായിത്തീർന്ന നസീർ കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ വിവിധഭാഗങ്ങളിലും, ഗൾഫ് നാടുകളടക്കമുള്ള വിദേശ രാജ്യങ്ങളിലും സ്റ്റേജ് ഷോകളുടെ അവിഭാജ്യ ഘടകമാണ് .

ഗാനങ്ങളുടെ ആലാപനത്തിൽ നീതി പൂർവകമായ ശ്രദ്ധ ചെലുത്തിയ അദ്ദേഹം ചുരുങ്ങിയ സമയം കൊണ്ട് ഒട്ടനവധി പരിപാടികളിലെ അവിഭാജ്യ ഘടകമായി മാറി. സംഗീത ലോകത്തു തനതായ ശൈലിയിലൂടെ സുപരിചിതയായ ജീനുവാണ് നസീറിന്റെ പത്നി.നസീറിന്റേതായി പുറത്തുവന്ന ആൽബങ്ങളിലേറെയും സൂപ്പർഹിറ്റുകളായി. കുറെയേറെ സിനിമകളിലും പാടി.

### വേദമിത്ര

വയലിനിൽ വിസ്മയമാണ് വേദമിത്ര. കർണ്ണാടകസംഗീതം തീരെ ചെറിയ പ്രായത്തിൽ തന്നെ അഭ്യസിച്ചു തുടങ്ങിയ വേദ ഒപ്പം പാശ്ചാത്യസംഗീതവും അനായാസം കൈകാര്യം ചെയ്യുന്നു. തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നിന്നും റാങ്കോടു കൂടിയാണ് വയലിനിൽ പോസ്റ്റ് ഗ്രാജ്വേഷൻ നേടിയത്. പാശ്ചാത്യ പൗരസ്ത്യ ശാഖകളുടെ ഹൃദയാവർജ്ജകമായ സമന്വയം വേദിയിലായാലും റെക്കോർഡിങ്ങിലായാലും വേദയെപ്പോലെ ശ്രുതിശുദ്ധമായി കൈകാര്യം ചെയ്യുന്നവർ വിരളമാണ്.

### സ്വാസിക

വൈഗ എന്ന തമിഴ് ചിത്രത്തിലൂടെ അരങ്ങേറിയ മലയാള നടിയാണ് സ്വാസിക വിജയ് . മലയാളത്തിലെ ആദ്യ ചിത്രം ഫിഡിൽ.

വാസന്തിയിലൂടെ മികച്ച രണ്ടാമത്തെ നടിക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് സ്വന്തമാക്കി. ആറാട്ട്, കുമാരി, ഉടയോൾ തുടങ്ങിയ ചിത്രങ്ങൾക്ക് പുറമേ പത്താം വളവ്, ഇട്ടിമാണി: മെയ്ഡ് ഇൻ ചൈന, കാറ്റും മഴയും, സ്വർണ കടുവ, കുട്ടനാടൻ മാർപാപ്പ, അറ്റ് വൺസ്, ഒറീസ്സ, സ്വർണ മത്സ്യങ്ങൾ, അയാളും ഞാനും തമ്മിൽ, ബാങ്കിംഗ് ഹവേഴ്സ് 10 ടു 4, പ്രഭുവിന്റെ മക്കൾ, കണ്ടതും കാണാത്തതും, ഒരു കുട്ടനാടൻ ബ്ലോഗ്, കൂദാശ തുടങ്ങിയ സിനിമകളിലും സാസിക ഇക്കഴിഞ്ഞ 13 വർഷങ്ങളിൽ വേഷമിട്ടു.

ടെലിവിഷൻ സീരിയലുകളിലൂടെയും അവതാരക വേഷത്തിലൂടെയും കുടുംബ സദസ്സുകളുടെയും പ്രിയങ്കരിയായ സ്വാസിക, മലയാള സിനിമയ്ക്കൊപ്പം തമിഴിലും സജീവമാണ്. ലബർ പന്ത്, മാമൻ തുടങ്ങിയ ചിത്രങ്ങളിലെ അസാമാന്യ പ്രകടനം തമിഴകം നെഞ്ചോട് ചേർത്ത് കഴിഞ്ഞു.

### മോക്ഷ

ഭരതനാട്യം, കഥക്, ഒഡീസി നൃത്ത ശാഖകളിൽ പ്രാവീണ്യം നേടി, നൃത്താധ്യാപികയുമായും പ്രവർത്തിച്ച ശേഷം അഭ്രപാളികളിൽ അരങ്ങേറിയ നായികയാണ് ബംഗാൾ, ബാരക്പൂർ സ്വദേശിയായ മോക്ഷ. ബംഗാളി ചിത്രമായ കർമ്മയിലൂടെ തിരശ്ശീലയിലെത്തിയ മോക്ഷ , യെവാൾ എന്ന തമിഴ് സിനിമയിലും ലക്കി ലക്ഷ്മൺ എന്ന തെലുങ്ക് സിനിമയിലും വേഷമിട്ടു. തുടർന്നാണ് ഈസ്റ്റ് കോസ്റ്റ് വിജയൻ ഒരുക്കിയ കള്ളനും ഭഗവതിയിലൂടെ മലയാളത്തിലെത്തുന്നത്.

സാമൂഹ്യ വിഷയങ്ങളിൽ സജീവമായി ഇടപെടുന്ന ഈ മനഃശാസ്ത്ര ബിരുദധാരി,

2024 ൽ കൊൽക്കത്തയിൽ നടന്ന യുവ ഡോക്റ്ററുടെ റേപ് ആൻഡ് മർഡർ കേസിൽ ശിക്ഷ ആവശ്യപ്പെട്ട് തെരുവ് നൃത്തം നടത്തിയത് മാധ്യമങ്ങളിൽ വാർത്തയായിരുന്നു

### കുക്കു


മഴവിൽ മനോരമയിലെ ഡി ഫോർ ഡാൻസ് ഫ്ലോറിൽ നിന്നും ഉദിച്ചുയർന്ന നക്ഷത്രമാണ് കുക്കു. തുടർന്ന് അവതാരകനായും ശ്രദ്ധേയനായി. നർത്തകനായും നൃത്താദ്ധ്യാപകനായും തിളങ്ങുന്ന കുക്കു നർത്തകിയും ഭാര്യയുമായ ദീപയോടൊപ്പം കെ സ്ക്വാഡ് എന്ന നൃത്തസ്കൂൾ നടത്തുന്നു.

### സിദ്ദിക്ക് റോഷൻ

മിമിക്രിയിലെ പൊളി വൈബ് താരമാണ് പെരുമ്പാവൂർക്കാരനായ സിദ്ദിക്ക് റോഷൻ. ന്യൂ ജനറേഷൻ താരങ്ങളെ അതിശയിപ്പിക്കുന്ന പെർഫെക്ഷനോടെ അവതരിപ്പിക്കുന്ന ഈ അനുകരണവിസ്മയം ഗായകരുടെയും നായകരുടെയും ശബ്ദത്തിൽ പാട്ടുപാടിയും വേദികളിൽ തരംഗം തീർക്കുന്നു. ഏതാണ്ട് അരമണിക്കൂറോളം നീളുന്ന വേദിയിലെ സ്പോട്ട് ഡബ്ബിങ് സിദ്ദിഖിന്റെ പ്രതിഭയുടെ വേറെ ലെവലാണ്.

സെപ്റ്റംബർ ആദ്യവാരം മുതൽ ഒക്ടോബർ വരെ അമേരിക്കയിൽ ഏകദേശം പത്തോളം സ്റ്റേജുകളിൽ ഈ പ്രോഗ്രാം നടത്തുന്നതായിരിക്കും.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്ര;
## 'തീർത്ഥാടകന്റെ വഴി'യിലൂടെ അൽപ നേരം




ജോർജ് തുമ്പയിൽ

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി / യൂത്ത് കോൺഫറൻസിലെ മുഖ്യ പ്രാസംഗികനായിരുന്ന മലങ്കര ഓർത്തഡോക്സ് സഭ വൈദിക അസോസിയേഷൻ ജനറൽ സെക്രട്ടറി ഫാ. ഡോ.നൈനാൻ ജോർജ് ''തീർത്ഥാടകന്റെ വഴി'' എന്ന ചിന്താ വിഷയത്തിലൂന്നി 3 ദിവസങ്ങളിലായി നടത്തിയ പ്രസംഗ പരമ്പര ഏറെ ശ്രദ്ധ പിടിച്ചുപറ്റി.

''ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്രയാണ്. നദി ഒഴുകിയൊഴുകി സായൂജ്യം അടയുന്നത് അതു സമുദ്രത്തിൽ ചെന്ന് ചേരുന്നതോടെയാണ്. അതുപോലെ ക്രിസ്തുവിൽ ചെന്ന് ചേരേണ്ടതാണ് ഓരോ ക്രൈസ്തവന്റെയും ജീവിതയാത്ര. ഈയൊരു ബോധ്യം ഓരോ ക്രൈസ്തവനും ഉണ്ടാകേണ്ടതാണ്. രക്ഷയിലേക്കുള്ള മാനവരാശിയുടെ തീർത്ഥാടനം ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാകണം. ഒരു ക്രൈസ്തവൻ ആകുക എന്ന് പറഞ്ഞാൽ തീർത്ഥാടകൻ ആകുക എന്നും അർത്ഥമുണ്ട്''. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിൽ 'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തിലൂന്നിയ പ്രസംഗ പരമ്പരയുടെ വിവിധ ഘട്ടങ്ങളിൽ ഫാ. ഡോ. നൈനാൻ വി. ജോർജ് പ്രസ്താവിച്ചു.

ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. ജീവിതത്തെ പവിത്രമായ ഒരു തീർത്ഥാടനമായി കാണുക. അതും ഓർത്തഡോക്‌സ് വീക്ഷണത്തിൽ വേണം കാണുവാൻ. തീർത്ഥാടകന്റെ വഴിയുടെ വിവിധ അർത്ഥ തലങ്ങളെ വിവിധ ക്ളാസുകളിലായി ഫാ. ഡോ. നൈനാൻ വി. ജോർജ് വിശദീകരിച്ചു നൽകി.

ക്രൈസ്തവന്റെ യാത്ര ക്രിസ്തുവിങ്കലേക്ക് അഥവാ ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാണ്. കാലസംപൂർ ണതയിലേക്കുള്ള യാത്രയിൽ പിതാവിനോടും പുത്രനോടും ഒന്നിച്ചുള്ള തീർത്ഥാടനമാണത്. ഞാനാരാണ്? ഞാനെന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കായുള്ള ചിന്തകളാണ് തുടർന്നുള്ള ക്ളാസുകളിൽ നൈനാൻ അച്ചൻ പങ്ക് വച്ചത്.

ദൈവികതയിലേക്കുള്ള തീർത്ഥാടനത്തിലെ ഒരു ടോക്കൺ മാത്രമാണ് വിശുദ്ധ പൗലോസ് അപ്പോസ്തോലൻ. എല്ലാം ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ച, അദ്ദേഹം വലിയ ഒരു പണ്ഡിതനും ആയിരുന്നു.

'സീയോൻ സഞ്ചാരി ഞാൻ, യേശുവിൽ ചാരി ഞാൻ പോകുന്നു, കുരിശിന്റെ പാതയിൽ', വ്യാഴാഴ്ച ദൈവികതയിലേക്കുള്ള തീർത്ഥാടനത്തെ കുറിച്ച ചിന്തകളിലേക്ക് അച്ചൻ പ്രവേശിക്കുമ്പോൾ ഈ ഗാനം അച്ചൻ പാടിയത് എല്ലാവരും ഏറ്റുപാടി.



'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തെ കുറിച്ചുള്ള പഠനത്തിന് അഞ്ചു വിഷയങ്ങളാണ് നൈനാൻ അച്ചൻ പരാമർശിച്ചത്.

1. ദൈവ വചനത്തിൽ നിന്നുള്ള പേരുകൾ:

വിശ്വാസികളുടെ പിതാവായ അബ്രഹാം സ്വന്ത ദേശം ഉപേക്ഷിച്ചു. യിസ്രയേല്യരാവട്ടെ മരുഭൂമിയിലൂടെ തീർത്ഥയാത്ര ചെയ്തു. യേശുവാകട്ടെ സർവ്വാധികാര തീർത്ഥാടകൻ എങ്കിലും മാതാവിന്റെ ഗർഭപാത്രം മുതൽ തുടങ്ങിയ യാത്ര ബേത്‌ലഹേം, ഈജിപ്ത്, ഗലീലി താണ്ടി മാനവവംശത്തിന്റെ മുഴുവൻ വിടുതലിനായും തീർത്ഥാടനം നടത്തി.

2. തീർത്ഥാടനത്തിന്റെ വ്യാപ്തി:

മനുഷ്യ വംശത്തിന്റെ രക്ഷയുടെ തീർത്ഥയാത്ര, ക്രിസ്തുവിലേക്ക് ക്രിസ്തുവിനോടൊപ്പമുള്ള തീർത്ഥയാത്രയാണ്,കാലസമ്പൂർണതയിലേക്കുള്ള തീര്ഥയാത്രയിലൂടെ അനുദിനം ക്രിസ്തുവിനോടൊപ്പം ജീവിക്കേണ്ടവരാണ് നാം.

3. തീർത്ഥാടകന്റെ ഗുണങ്ങൾ:

വിശ്വാസം: ദൈവത്തിലുള്ള തികഞ്ഞ വിശ്വാസം.

വിനയം: പരീശ ഭാവം വെടിഞ്ഞു ജീവിക്കുക.

ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടതും ഈ മനോഭാവത്തിലാണെന്നോർക്കുക

സ്ഥിരത (Perseverance): നമുക്ക് വേണ്ടതും അത് തന്നെയാണ്. നിന്റെ ഓട്ടം സ്ഥിരതയോടെ ഓടുക.

സ്നേഹം: സ്വയം ഉപേക്ഷിക്കുന്ന സ്നേഹം. എല്ലാ ഭാരങ്ങളും വെടിഞ്ഞു ക്രിസ്തുവിനോടൊപ്പം ജീവിക്കുക.

അനുതാപത്തിന്റെ വഴികളിലേക്ക് വരിക.

4 . 'മരുഭൂമിയിലെ പിതാക്കന്മാരുടെ' പഠിപ്പിക്കലുകൾ

തീർത്ഥാടക യാത്ര ഭൗതിക യാത്രയല്ല, പ്രത്യുത ഹൃദയത്തിന്റെ യാത്രയാണ്.

നിശബ്ദതയിൽ പാർക്കുന്നവർ മൂന്നു യുദ്ധത്തിൽ നിന്ന് രക്ഷപെടുന്നു: കേഴ്വി, സംസാരം, കാഴ്ച.

5. ദൈവരാജ്യത്തിനായി തീർത്ഥാടകർ ആത്മീയ മുന്നൊരുക്കം നടത്തുന്നു.

സഭ ഒരു തീർത്ഥാടക സമൂഹമാണ്.ദൈവസന്നിധിയിലേക്ക് ഒരുമിച്ചു യാത്ര ചെയ്യണം. നമ്മുടെ കുടുംബങ്ങൾ തീർത്ഥാടക മനോഭാവത്തിൽ ജീവിക്കണം.

ക്രിസ്തുവിന്റെ ഭാവം തന്നെ നമ്മിലുണ്ടാകണം.

ഭക്തിയുടെ തീർത്ഥാടനം വീണ്ടെടുപ്പിന്റെ വഴിയിലൂടെയുള്ള യാത്രയാണ്. ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. പാപ വഴികളിൽ നിന്ന് അകന്നിരിക്കാൻ ദൈവത്തോടൊപ്പം ആയിരിക്കുക പ്രധാനമാണ്. ആദാമിന്റെയും ഹവ്വയുടെയും പാപം മൂലം ആദി മാതാപിതാക്കൾ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടു . അതായത് നമ്മുടെ കൈയിലിരിപ്പുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ദൈവത്തിനു ഒന്നും ചെയ്യാനാകില്ല. അനുതാപത്തിന്റെ വഴിയിലൂടെ, കണ്ണീരിന്റെ വഴിയിലൂടെയേ ദൈവീക വഴികളിലേക്ക് മടങ്ങി വരുവാൻ സാധിക്കുകയുള്ളു. ഇവിടെയാണ് വീണ്ടെടുപ്പിന്റെ വഴി തെളിയുന്നത്.

നഷ്ടപ്പെട്ട മഹത്വ വസ്ത്രം തിരികെ കിട്ടുവാനായി നാം മാമ്മോദീസ ഏൽക്കുന്നു. ഇന്നത്തെ തലമുറയുടെ പ്രശ്നം പാപമില്ലായ്മയല്ല, പാപബോധമില്ലായ്മയാണ്. ജീവിതം ശിക്ഷയ്ക്കും പ്രതികാരത്തിനുമായി തീരരുത്. സൃഷ്ടി കർമ്മത്തിൽ പങ്കാളികളാവുക.

ആത്മ നിയന്ത്രണം പാലിക്കുക. വിശ്വാസ കാര്യങ്ങളിൽ സംശയിക്കാതിരിക്കുക. ഇതൊക്കെ തീർത്ഥാടകന്റെ വഴിയിലെ വെല്ലുവിളികൾ തന്നെയാണ്..

തിരുവെഴുത്തുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുക. 'മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിയുക.' ദൈവത്തോടു സംസാരിക്കുവാൻ പഠിക്കുക, പരിശീലിക്കുക. വചനം കേട്ടാൽ ക്രിസ്തു ഹൃദയത്തിൽ ഉരുവാകണം. ക്രിസ്തുവിന്റെ കാൽപ്പാടുകൾ അഥവാ അടിപ്പാടുകളാണ് ദുഖങ്ങളിൽ നമ്മെ തോളിൽ വഹിക്കുന്നത്.

ലോകം അനിശ്ചിതമായി നിലനിൽക്കുമെന്ന് വിശ്വാസികളല്ലാത്തവർ കരുതുന്നുണ്ടാവാം .പക്ഷെ ഒരു ക്രൈസ്തവന് മഹത്തായ - പറൂസിയ (Parousia) ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാൻ കഴിയണം.

ഓരോ വിശ്വാസിയും ജീവിതത്തിൽ ബലപ്പെടേണ്ടത് ദൈവ വചനത്തിലൂടെയും ദൈവീകതയിലേക്കുള്ള തീർത്ഥാടനത്തിലൂടെയുമാണ്. ഒരു ക്രൈസ്തവനെ അവന്റെ ബലഹീനതകളിൽ ബലപ്പെടുത്തുന്നതാണ് ഇവ രണ്ടും എന്ന തികഞ്ഞ ബോധ്യത്തോടെയാണ് തീർത്ഥാടകന്റെ വഴി എന്ന വിഷയത്തെ ഫാ. ഡോ. നൈനാൻ ജോർജ് ക്രോഡീകരിച്ചത്.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


Now baking
4 exciting
flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum
Cakes
Freshly
Made in USA
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW
ACCEPTING
BULK
PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# സെൻട്രൽ ടെക്സസിലെ പ്രളയം: ദുരിതമനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസനം

**പി പി ചെറിയാൻ**

ന്യൂയോർക്: സെൻട്രൽ ടെക്സസിൽ, പ്രത്യേകിച്ച് കെർവില്ലെയിൽ, സമീപകാലത്തുണ്ടായ പ്രളയം അനേകം ആളുകളെ ഗുരുതരമായി ബാധിച്ചുവെന്നും അതിശക്തമായ മഴയും അതിവേഗം ഉയർന്ന ജലനിരപ്പും വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തിവെച്ക്കുകയും വീടുകൾ നശിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ തകരുകയും നിരവധി സമൂഹങ്ങളെ ഇത് ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ അവരെ സഹായിക്കേണ്ട ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസനാധിപൻ റൈറ്റ് റവ ഡോ എബ്രഹാം മാർ പൗലോസ് ഉദ്ബോധിപ്പിച്ചു .

നൂറുകണക്കിന് ജീവനുകൾ നഷ്ടപ്പെടുകയും നിരവധിപേരെ കാണാതാവുകയും ചെയ്തു എന്നത് അതീവ ദുഃഖകരമാണ്. പ്രിയപ്പെട്ടവരെ ഇപ്പോഴും പ്രതീക്ഷയോടെയും വേദനയോടെയും കാത്തിരിക്കുന്നവരോടൊപ്പം നമ്മുടെ ഹൃദയങ്ങളും ഉണ്ട്. എണ്ണമറ്റ ആളുകൾക്ക് മുന്നിൽ ഇപ്പോൾ വലിയൊരു അനിശ്ചിതത്വവും കഷ്ടപ്പാടുകളുമാണ്. ദുരിതത്തിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ഈ പ്രതിസന്ധി ഘട്ടത്തിൽ, യേശയ്യാവ് പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്ത വാക്കുകൾ നമുക്ക് ഓർക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യാം: ‘നീ വെള്ളത്തിലൂടെ കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും; നീ നദികളിലൂടെ കടക്കുമ്പോൾ അവ നിന്നെ മുക്കിക്കളയുകയില്ല‘ (യേശയ്യാവ് 43:2a). ഈ ദുരന്തത്തിൽ കഷ്ടപ്പെടുന്ന എല്ലാവരോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുമ്പോൾ ദൈവസാന്നിധ്യത്തിൽ ആശ്വാസം കണ്ടെത്താനും അവന്റെ വാഗ്ദാനങ്ങളിൽ നിന്ന് ശക്തി സംഭരിക്കാനും നമുക്ക് കഴിയട്ടെയെന്നു ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്നു

ഈ വലിയ ആവശ്യത്തിന്റെ സമയത്ത് നമ്മുടെ സഹോദരങ്ങൾക്കും സമൂഹത്തിനും ഒരുപോലെ സഹായഹസ്തം നീട്ടാനുള്ള നമ്മുടെ ക്രൈസ്തവപരമായ ഉത്തരവാദിത്തം നമുക്ക് ഉയർത്തിപ്പിടിക്കാം. സ്നേഹത്തോടും ഐക്യദാർഢ്യത്തോടും കൂടി, ഈ വിനാശകരമായ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി ആരാധനാവേളകളിൽ പ്രാർത്ഥിക്കാൻ എല്ലാ ഇടവകകളെയും സഭകളെയും പ്രോത്സാഹിപ്പിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം നൽകാൻ ആഗ്രഹിക്കുന്നവർക്ക് ഡയോസിസൻ ഓഫീസിലേക്ക് സംഭാവനകൾ അയക്കാവുന്നതാണ്. ലഭിക്കുന്ന എല്ലാ ഫണ്ടുകളും സൗത്ത് വെസ്റ്റ് റീജിയണൽ ആക്ടിവിറ്റി കമ്മിറ്റി (SWRAC) വഴി ദുരിതബാധിത പ്രദേശങ്ങളിൽ സഹായം എത്തിക്കുന്ന വിശ്വസ്തരായ പ്രാദേശിക ഏജൻസികൾക്ക് കൈമാറും. എല്ലാ സംഭാവനകളും 2025 ജൂലൈ 25-ന് മുമ്പായി ഡയോസിസൻ ഓഫീസിൽ എത്തുന്നുവെന്ന് ഉറപ്പാക്കാൻ തിരുമേനി അഭ്യർത്ഥിച്ചു

ദൈവം, തന്റെ കാരുണ്യത്താൽ, ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസവും തകർന്ന ഹൃദയങ്ങൾക്ക് സൗഖ്യവും സമൂഹങ്ങൾക്ക് മുന്നോട്ട് പോകാനുള്ള ശക്തിയും നൽകട്ടെ. അവന്റെ സമാധാനവും സാന്നിധ്യവും പുനഃസ്ഥാപനവും നവീകരണവും നൽകട്ടെയെന്ന് തിരുമേനി ആശംസിക്കുകയും ചെയ്തു .





# ഡബ്ലിയുഎംസിയുടെ 'റിഥം 2' പ്രേക്ഷകമനസ്സ് കവർന്നു




വിർജീനിയ : വേൾഡ് മലയാളി കൗൺസിൽ (വാഷിംഗ്ടൺ ഡിസി പ്രൊവിൻസ്) റിഥം-2 എന്ന രണ്ടാം വാർഷിക നൃത്തോത്സവം ആഘോഷിച്ചു.കേരളത്തിന്റെ സമ്പന്നവും ഊർജ്ജസ്വലവുമായ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുന്ന സംഗീതത്തിന്റെയും നൃത്തത്തിന്റെയും ഉത്സവമാണ് 2025 ജൂലൈ 13-ന് വൈകുന്നേരം, റിഥം എന്ന പേരിൽ വിർജീനിയയിലെ ഫെയർഫാക്സിലുള്ള എസ്വി ലോട്ടസ് ടെമ്പിൾ ഓഡിറ്റോറിയത്തിൽ അരങ്ങേറിയത്, വാഷിംഗ്ടൺ ഡിസി, മേരിലാൻഡ്, വിർജീനിയ എന്നിവ ഉൾപ്പെടുന്ന ഗ്രേറ്റർ വാഷിംഗ്ടൺ ഡിസി ഏരിയയിൽ നിന്നുള്ള പ്രേക്ഷകരെ ഈ പരിപാടി ആകർഷിച്ചു. നൃത്തോത്സവത്തിൽ കേരളത്തിന്റെ അതുല്യവും മനോഹരവുമായ നൃത്തരൂപമായ മോഹിനിയാട്ടം ശ്രദ്ധേയമായി.

എംസിമാരായ ശ്രേയ, അമ്മിണി എന്നിവരുടെ ഊഷ്മളമായ സ്വാഗതത്തോടെയാണ് പ്രോഗ്രാം ആരംഭിച്ചത്. സത്യ മേനോന്റെ നേതൃത്വത്തിലെ പ്രാർത്ഥനയ്ക്ക് ശേഷം ഡബ്ലിയുഎംസി ചെയർമാൻ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡോ. നാരായണൻ വളപ്പിൽ, ഡോ. രജിത രവി, എന്റർടൈൻമെന്റ് ചെയർ സരൂപ അനിൽ എന്നിവർ വിളക്ക് കൊളുത്തി. പ്രസിഡന്റ് ഡോ. ജയകുമാർ നായർ സ്വാഗത പ്രസംഗത്തോടെ സദസ്സിനെ അഭിസംബോധന ചെയ്തു,തുടർന്ന് ചെയർമാൻ മോഹൻകുമാർ അറുമുഖം പ്രസംഗിച്ചു.പ്രശസ്ത മോഹിനിയാട്ടം നർത്തകിയും പണ്ഡിതയും കേരള കലാമണ്ഡലത്തിലെ പ്രൊഫസറുമായ കലാമണ്ഡലം ഡോ. രജിത രവിയുടെ സാന്നിധ്യം ചടങ്ങിന്റെ മാറ്റുകൂട്ടി.

മോഹിനിയാട്ട മേഖലയിൽ നൽകിയ സംഭാവനകളുടെ പേരിൽ നിരവധി അവാർഡുകൾ നേടിയിട്ടുള്ള രജിത രവിയെ ചെയർമാൻ മോഹൻകുമാർ പൊന്നാട അണിയിച്ച് ആദരിച്ചു. കുണ്ഡലിനിയെക്കുറിച്ച് ഡോ. രവി സംക്ഷിപ്തമായി സംസാരിക്കുകയും പ്രേക്ഷകരെ ആകർഷിച്ച മനോഹരമായ നൃത്തം അവതരിപ്പിക്കുകയും ചെയ്തു. പിന്നീട് പ്രമുഖ പിന്നണി ഗായകനും ചലച്ചിത്ര കലാകാരനുമായ വിജയൻ ബാബു വേദിയിലെത്തി ഗാനം ആലപിച്ചു. തുടർന്ന് കാലിഫോർണിയയിൽ നിന്ന് എത്തിയ കലാമണ്ഡലം സുപ്രിയയും പാർവതിയും ചേർന്ന് മനോഹരമായ ക്ലാസിക്കൽ നൃത്തപ്രകടനം കാഴ്ചവച്ചു.ശേഷം രാജേശ്വരിയുടെയും സംഘത്തിന്റെയും അതിമനോഹരമായ നൃത്തം അരങ്ങേറി. യുവ മോഹിനിയാട്ട നർത്തകി അശ്വതിയുടെ പ്രകടനവും ശ്രദ്ധേയമായി. ഷാഹി പ്രഭാകരൻ, അനുഗോപാൽ എന്നിവരുൾപ്പെടെയുള്ള മറ്റ് കലാകാരന്മാരും പ്രേക്ഷകരുടെ ഹൃദയം കീഴടക്കി.

'മോക്ഷ' എന്ന് പേരിട്ട മോഹിനിയാട്ടത്തിന്റെ സമ്പന്ന ചിത്രീകരണമായിരുന്നു പരിപാടിയുടെ ഹൈലൈറ്റ്. 40 മിനിറ്റ് ദൈർഘ്യമുള്ള മോക്ഷയിൽ പുരാതന ഇതിഹാസമായ മഹാഭാരതത്തിൽ നിന്നുള്ള കഥയാണ് നൃത്തരൂപത്തിൽ അവതരിപ്പിച്ചത്. എന്റർടൈൻമെന്റ് ചെയർ സരൂപയുടെ നന്ദിപ്രകടനത്തോടെയാണ് പരിപാടി അവസാനിച്ചത്, തുടർന്ന് ഏവരും അത്താഴസൽക്കാരത്തിൽ പങ്കെടുത്തു.




Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# അന്താരാഷ്ട്ര വടംവലി മത്സരം ചരിത്രസംഭവമാക്കാൻ ടിസാക്ക് :

## ഡോ.സഖറിയ തോമസും ജിജു കുളങ്ങരയും ചെയർമാൻമാർ





ജീമോൻ റാന്നി

ഹൂസ്റ്റൺ: ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിന്റെ (TISA Club) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സീസൺ 4 അന്താരാഷ്ട്ര വടംവലി ചരിത്രസംഭവമാക്കാൻ ഹൂസ്റ്റൺ നഗരം ഒരുങ്ങുന്നു. വടംവലിയോടൊപ്പം തന്നെ ടെക്സസിലെ കലാ കായികാസ്വാദകരെ ആകർഷിക്കാൻ വൈവിധ്യമാർന്ന പരിപാടികളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്

ആയിരക്കണക്കിന് ആളുകളെ ഉൾക്കൊള്ളുവാൻ ശേഷിയുള്ള ഫോർട്ട് ബെൻഡ് കൗണ്ടി എപ്പിസെന്ററിലാണ് (Fort bend County Epicenter - Indoor air- conditioning). ആഗസ്ത് 9 നു ശനിയാഴ്ച്ചയാണ് മത്സരം.

പ്രസിഡണ്ട് ഡാനി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ടിസാക്ക് ഡയറക്ടർ ബോർഡ് യോഗത്തിൽ ഇവന്റ് ചെയർമാന്മാരായി ഹൂസ്റ്റണിലെ സാമൂഹ്യ സാംസ്കാരിക മാധ്യമ രംഗത്തെ പ്രമുഖരായ ഡോ. സഖറിയാ തോമസ് (ഷൈജു), ജിജു കുളങ്ങര എന്നിവരെ തെരഞ്ഞെടുത്തു.


ഈ വർഷത്തെ സീസൺ 4 മത്സരം ഒരു ഉല്സവമാക്കി മാറ്റാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞുവെന്നു ചെയർമന്മാരായി ചുമതല ഏറ്റെടുത്ത ഡോ.ഷൈജുവും ജിജുവും പറഞ്ഞു. നിരവധി സിനിമകൾ നിർമിക്കുകയും വിതരണം ചെയ്യുകയും ചെയ്ത UGM MOVIES ന്റെ സ്ഥാപകൻ കൂടിയായ ഡോ. ഷൈജു ഹൂസ്റ്റൺകാർക്ക് സുപരിചിതനാണ്.

ഹൂസ്റ്റണിലെ സാമൂഹ്യ സാംസ്കാരിക ജീവ കാരുണ്യ മേഖലകളിലെ നിറസാന്നിധ്യമായ ജിജു കുളങ്ങര ഒരു മികച്ച സംഘാടകനും വ്യവസായ സംരംഭകനും മാധ്യമ പ്രവർത്തകനുമാണ് .

യുഎസ്എ, കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിൽ നിന്നും നിരവധി ടീമുകളാണ് വടംവലിച്ചു ജയം പരീക്ഷിക്കാൻ എത്തുന്നത്. വിജയികൾക്കും പങ്കെടുക്കുന്നവർക്കും ക്യാഷ് അവാർഡുകളും നൽകുന്ന ഈ വൻ പരിപാടിക്ക് രണ്ടു ലക്ഷത്തി അമ്പതിനായിരം ഡോളറാണ് ബഡ്ജറ്റ് ചെയ്തിരിക്കുന്നതെന്ന് ചെയർമാന്മാർ പറഞ്ഞു.

ഓഗസ്റ്റ് 9 നു രാവിലെ മുതൽ വൈകുന്നേരം വരെ ഫോർട്ട്ബെൻഡ് കൗണ്ടി എപിക് സെന്ററിൽ നടക്കുന്ന വടംവലി അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലിയായി ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നു അവർ പറഞ്ഞു.




FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# പ്രൗഢഗംഭീരമായ പഞ്ചാരിമേളം അരങ്ങേറ്റം ചിക്കാഗോയിൽ നടന്നു



സതീശൻ നായർ

ചിക്കാഗോ: ചിക്കാഗോ ഗ്രേസ് ലേക്കിലുള്ള ഹിന്ദു ക്ഷേത്രാങ്കണത്തിൽ വച്ച് ഭക്തിസാന്ദ്രമായ പഞ്ചാരിമേളം അരങ്ങേറ്റം നടന്നു. ഓംകാരം ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ പന്ത്രണ്ട് വാദ്യകലാകാരൻമാർ അരങ്ങേറ്റം കുറിച്ചു. കലാമണ്ഡലം ശിവദാസൻ ആശാന്റെയും ശ്രീ. രാജേഷ് നായരുടെയും ശിക്ഷണത്തിൽ അഭ്യസിച്ച ചിക്കാഗോയിൽ നിന്നും മിനിസോട്ടയിൽ നിന്നുമുള്ള കലാകാരൻമാർ പങ്കെടുത്തു.

കേരളീയ വാദ്യകലകളിൽ പ്രസിദ്ധമാണ് ചെണ്ടമേളം. അതിൽ പ്രസിദ്ധമാണ് പഞ്ചാരിമേളവും പാണ്ടിമേളവും. ചെമ്പടവട്ടങ്ങളെ അടിസ്ഥാനമാക്കി അഞ്ചുകാലങ്ങളിൽ കൊട്ടുന്ന വളരെ വ്യക്തമായ കണക്കുകളുള്ള മേളമാണ് പഞ്ചാരി. ക്ഷേത്രവാദ്യങ്ങളിൽ ഏറ്റവും പ്രസിദ്ധമായതും പഞ്ചാരി മേളം തന്നെ.

ഒന്നരവർഷത്തെ നിരന്തരമായ പരിശീലനത്തിനുശേഷമാണ് അരങ്ങേറ്റം കുറിച്ചത്. ചന്ദ്രൻ നെൻമന, മുരളി കരിയാത്തുംഗൽ, തെക്കോട്ട് സുരേഷ്, സുരേഷ്നായർ, സതീശൻ നായർ, വരുൺ നായർ, നിറ്റിൻ നായർ, ബിനു നായർ, ശ്രുതി കൃഷ്ണൻ, മഹേഷ് കൃഷ്ണൻ, ദീപക് നായർ, രാജേഷ് നായർ തുടങ്ങിയവർ അരങ്ങേറി. ശ്രേയ മഹേഷിന്റെ ഈശ്വര പ്രാർത്ഥനയോടു കൂടി ചടങ്ങുകൾ ആരംഭിച്ചു. അതിനുശേഷം ഭദ്രദീപം കൊളുത്തി ക്ഷേത്രം തിരുമേനി പൂജിച്ച ചെണ്ടകോലുകൾ ശിവദാസൻ ആശാന്റെ കയ്യിൽ നിന്നും ഏവരും ഏറ്റുവാങ്ങി അനുഗ്രഹം വാങ്ങിച്ചു.

പരിശീലന ക്ലാസ്സുകൾ ചിട്ടയായ രീതിയിൽ നടത്തുകയും അരങ്ങേറ്റത്തിനു നേതൃത്വം നൽകുകയും ചെയ്തത് ദീപക് നായരും മഹേഷ് കൃഷ്ണനും കൂടിയാണ്. ചടങ്ങിൽ ശിവദാസൻ ആശാനേയും, രാജേഷ് നായരേയും, എം.സി.ആർ. പിള്ളയേയും, രാധാകൃഷ്ണൻ നായർ, അനിൽ കുമാർ പിള്ള, ശിവൻ മുഹമ്മ എന്നിവർ പൊന്നാടയിട്ട് ആദരിച്ചു.

അരങ്ങേറഅറത്തിന് മറ്റു വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്തത് കൃഷ്ണകുമാർ നായർ, സജീവ് നായർ, രാജേഷ് കുട്ടി, ഷിബു ദേവപാലൻ, ശ്രീകുമാർ നായർ, മിഥിൽ അരുൺ എന്നിവർ വലംതലയും ചന്ദ്രൻ പത്മനാഭൻ, രഘു രവീന്ദ്രനാഥ്, ജയമുരളി നായർ, സൂരജ് സതീഷ് എന്നിവർ താളവും ചെയ്തു.

അരങ്ങേറ്റത്തിന് മറ്റു വിവിധ പരിപാടികൾക്ക് അരവിന്ദ് പിള്ള, രഘുനാഥൻ നായർ, രാജഗോപാലൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി. ബിന്ധ്യാ നായർ എം.സി. യായിരുന്നു.




OMKARAM
CHICAGO



OMKARAM
CHICAGO



# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

**Business Continuation Planning**
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

**Retirement Planning**
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

**Employee Benefits Products**
Short-term and Long-term Disability Insurance
Health Insurance*

**Group Health insurance**
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

**Wealth Communication**
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

**Family Protection**
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


# എസ്സെൻസ് ഫെസ്റ്റ് ഓഗസ്റ്റ് 2ന് ഷിക്കാഗോയിൽ




‘മതം മനുഷ്യരെ നല്ലവരാക്കുമോ‘ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പാനൽ ചർച്ചയിൽ, വിശ്വാസി സമൂഹത്തെ പ്രതിനിധീകരിച്ച് ഫ്ലോറിഡയിൽ നിന്ന് സാജ് കാവിൻതരികത്ത്, ഷിക്കാഗോയിൽ നിന്ന് ഫ്രാൻസിസ് അലക്സാണ്ടർ എന്നിവർ പങ്കെടുക്കുന്നതാണ്. അവരോട് സംവദിക്കാൻ ടോമി സെബാസ്ത്യനും, ടെക്സസിൽ നിന്നും മനോജ് നൈറോബിയും എത്തുന്നു. സംവാദത്തിന്റെ മോഡറേറ്റർ ഹൂസ്റ്റണിൽ നിന്നും എത്തുന്ന ജോബോയ് തോംസൺ ആയിരിക്കും.




എസ്സെൻസ് ഫെസ്റ്റ് USA അടുത്ത മാസം ആഗസ്ത് 2 ന് ശനിയാഴ്ച്ച ഷിക്കാഗോയിലാണ് നടക്കുന്നത്. കേരളത്തിലെ മാധ്യമ പ്രവർത്തകരിൽ ശ്രദ്ധേയനായ അഭിലാഷ് മോഹനൻ (മാതൃഭൂമി) മുഖ്യാതിഥിയായി എത്തുന്നു. ‘ഇസ്രായേൽ / പലസ്തീൻ -നീതി ആരുടെ ഭാഗത്ത്‘ എന്ന വിഷയത്തിൽ അദ്ദേഹവുമായി സംവാദത്തിന് അയർലണ്ടിൽ നിന്നും പ്രഭാഷകനും സ്വാതന്ത്രചിന്തകനുമായ ടോമി സെബാസ്ത്യനും എത്തുന്നുണ്ട്. തുടർന്ന് വിവിധ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ നിരവധി പ്രഭാഷണങ്ങളും പാനൽ ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.







'AI മനുഷ്യനെ കീഴ്പെടുത്തുമോ' എന്ന വിഷയത്തിൽ സുജിത് സുരേന്ദ്രൻ (സിയാറ്റിൽ) പ്രഭാഷണം നടത്തുന്നു.

ചരിത്രത്തിലെ മത വിചാരണയുടെ ക്രൂരതകളും, മത പൗരോഹിത്യം വിശ്വാസി സമൂഹത്തിന് മേൽ ഇന്നും നടത്തുന്ന അധികാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും വിവരണമാണ് 'മത വിചാരണ' (Inquisition) എന്ന വിഷയത്തിൽ, നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള എഴുത്തുകാരനും ചിന്തനുമായ ചാക്കോ കളരിക്കൽ (ഡിട്രോയിറ്റ്) നടത്തുന്ന പ്രഭാഷണം.




മയക്കുമരുന്നുകളുടെ ലഭ്യതയും ഉപയോഗവും അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ കേരളീയ സാഹചര്യത്തിൽ കഞ്ചാവ് ലീഗലൈസ് ചെയ്തിരിക്കുന്ന അമേരിക്കയും കാനഡയും പോലുള്ള ആധുനിക സാമൂഹങ്ങളുമായി താരതമ്യം ചെയ്ത് കൊണ്ട് എങ്ങനെ ഈ പ്രശ്നത്തെ ശാസ്ത്രീയവും പ്രയോഗികവുമായി നേരിടാം എന്ന് തെളിവുകളുടെയും ഡേറ്റകളുടെയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതാണ്, ജെയിംസ് കുരീക്കാട്ടിലിന്റെ 'ലഹരി, വേടന്റെ കഞ്ചാവും കെന്നഡിയുടെ കൊക്കയ്നും' എന്ന പ്രഭാഷണത്തിൽ.

തുടർന്ന് വിവിധ കലാപരിപാടികൾ, മെന്റലിസം ഷോ എന്നീ പ്രോഗ്രാമുകളും ഉണ്ടായിരിക്കും. വിശ്വാസികളും,അവിശ്വാസികളും, ആജ്ഞേയവാദികളും, സ്വതന്ത്ര ചിന്തകരുമൊക്കെയായ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്.

രാവിലെ 9 മണി മുതൽ വൈകിട്ട് 9 മണിവരെ നീളുന്ന ഈ ശാസ്ത്ര സ്വതന്ത്ര ചിന്താ സമ്മേളനത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ഉച്ച ഭക്ഷണവും ഉണ്ടായിരിക്കും. സ്നേഹപൂർവ്വം നൽകുന്ന സംഭാവനകൾ സ്വീകരിക്കുന്നതാണ്.

എസ്സെൻസ് മുന്നോട്ട് വെയ്ക്കുന്ന ആശയം;

Fact based Politics

Evidence based Medicine

Humanism based Society.

എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പങ്കെടുക്കാൻ താത്പര്യപെടുന്നവർ ചുവടെയുള്ള ലിങ്കിൽ രജിസ്റ്റർ ചെയ്യുക.

esSENSE FEST '25 @ CHICAGO

Date: 02 August 2025, 9:00 AM - 9:00 PM

Venue: Knanaya Center, 1800 E Oakton St, Des Plaines, IL 60018, United States

REGISTER NOW: https://shorturl.at/EZORU

For enquiries:

+1-248-837-0402

+1-248-635-2798

#esSENSE_Fest_USA_25

#02Aug2025_CHICAGO


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ ചിക്കാഗോ ചാപ്റ്റർ കിക്കോഫ് മീറ്റിംഗിന് അഭൂതപൂർവമായ ജനപിന്തുണ!



**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് മീഡിയ കോൺഫറൻസിന്റെ ചിക്കാഗോ ചാപ്റ്ററിന്റെ നെത്രുത്തിലുള്ള ഔദ്യോഗികമായ കിക്ക് ഓഫ് മീറ്റിംഗ് മൗണ്ട് പ്രോസ്പെക്റ്ററിലെ ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വച്ച് നടത്തപ്പെട്ടു. ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ബിജു സഖറിയായുടെ അധ്യക്ഷയിൽ കൂടിയ സമ്മേളനത്തിൽ, നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ടാണ് കിക്ക് ഓഫ് നടത്തപ്പെട്ടത്. പ്രസ്ക്ലബ്ബ് നാഷണൽ മുൻ പ്രസിഡന്റും അഡ്വൈസറി ബോർഡ് മെമ്പറുമായ ബിജു കിഴക്കേക്കുറ്റ്, മറ്റൊരു മുൻ പ്രസിഡന്റും അഡ്വൈസറി ബോർഡ് മെംബെയറും പ്ലെയ്ൻഫീൽഡ് വില്ലേജ് ട്രസ്റ്റിയും കൂടിയായ ശിവൻ മുഹമ്മ, പ്രസ്ക്ലബ്ബ് നാഷണൽ ജോയിന്റ് ട്രഷറർ റോയി മുളകുന്നം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ചിക്കാഗോ ചാപ്റ്റർ സെക്രട്ടറി അനിൽ മറ്റത്തിക്കുന്നേൽ സ്വാഗതം ആശംസിച്ചു.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ഫോമാ ആർ വി പി ജോൺസൺ കണ്ണൂർക്കാടൻ, ഫൊക്കാനാ ആർ വി പി സന്തോഷ് നായർ, കേരളാ അസോസിയേഷൻ ഓഫ് ചിക്കാഗോ പ്രസിഡണ്ട് ആന്റോ കവലക്കൽ, ഗ്രെയ്റ്റർ ചിക്കാഗോ മലയാളീ അസോസിയേഷൻ പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ജിനോ മഠത്തിൽ, ഇല്ലിനോയി നേഴ്സസ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. സിമി ജെസ്റ്റോ, ഇല്ലിനോയി മലയാളീ അസോസിയേഷൻ സെക്രട്ടറി പ്രിജിൽ അലക്സാണ്ടർ, ചിക്കാഗോ മലയാളീ അസോസിയേഷൻ പ്രതിനിധി വർഗ്ഗീസ് തോമസ്, മിഡ്വെസ്റ്റ് മലയാളീ അസോസിയേഷൻ & ചിക്കാഗോ സോഷ്യൽ ക്ലബ്ബ് പ്രതിനിധി പീറ്റർ കുളങ്ങര, ചിക്കാഗോ സാഹിത്യവേദി പ്രതിനിധി ജോൺ ഇലക്കാട്ട്, ചിക്കാഗോ പൗരസമിതി പ്രതിനിധി ജോസ് മണക്കാട്ട്, എസ് 90 ക്ലബ്ബ് പ്രതിനിധി ജിബിറ്റ് കിഴക്കേക്കുറ്റ്, എന്നിവർ പ്രസ്ക്ലബ്ബിന്റെ



അന്താരാഷ്ട്ര മീഡിയാ കോൺഫറൻസിന് ആശംസകളറിയിച്ച് പ്രസംഗിച്ചു.

ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോയിലെ അംഗങ്ങളോടൊപ്പം കോൺഫറൻസിന് പിന്തുണ നൽകുന്ന ചിക്കാഗോയിൽ നിന്നുള്ള മീഡിയ കോൺഫറൻസ് സ്പോൺസേഴ്സും കിക്ക് ഓഫിൽ പങ്കെടുത്തു. ജോയി നെടിയകാലായിൽ, ബിജു കിഴക്കേക്കുറ്റ്, ഷൈബു കിഴക്കേക്കുറ്റ്, ജിബിറ്റ് കിഴക്കേക്കുറ്റ്, അജോമോൻ പൂത്തുറയിൽ, കുരുവിള ഇടുക്കുതറയിൽ, സാജു കണ്ണമ്പള്ളി, ജെയ്ബു കുളങ്ങര, ജിനോ മഠത്തിൽ, ശിവൻ മുഹമ്മ, റോയി മുളങ്കുന്നം, ജോജോ എടകര, പീറ്റർ കുളങ്ങര , പോൾസൺ കുളങ്ങര, ജോപ്പായി പൂത്തേട്ട് എന്നിവരാണ് ആദ്യഘട്ടത്തിൽ തന്നെ കോൺഫറൻസിന് സ്പോൺസേഴ്സായി പിന്തുണ നൽകിയിട്ടുള്ളത്.

ഒക്ടോബർ 9, 10, 11 തിയ്യതികളായിലായാണ് ന്യൂജേഴ്സിയിലെ എഡിസണിലെ ഷെറാട്ടൺ കൺവെൻഷൻ സെന്ററിൽ വച്ച് പതിനൊന്നാമത് അന്താരഷ്ട്ര മീഡിയ കോൺഫറൻസ് നടത്തപ്പെടുന്നത്.

നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷീജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ മറ്റു എക്സിക്യൂട്ടീവ് അംഗങ്ങൾ, ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി മറ്റു ഭാരവാഹികൾ, കോൺഫറൻസ് ചെയർമാൻ ന്യൂയോർക്കിൽ നിന്നുള്ള സജി എബ്രഹാം, കൂടാതെ  സുനിൽ തൈമറ്റത്തിന്റെ നേതൃത്വത്തിലുള്ള അഡ്വൈസറി ബോർഡും ചേർന്ന് നേതൃത്വം നൽകുന്ന മീഡിയ കോൺഫറൻസിൽ കേരളത്തിൽ നിന്നും പ്രമുഖ രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, എം എൽ എ മാർ , കൂടാതെ ഏറ്റവും പ്രമുഖരായ മാധ്യമ പ്രവർത്തകരുടെ ഒരു നീണ്ട നിര തന്നെ ഈ കോൺഫറൻസിൽ പങ്കെടുക്കുന്നു.

എല്ലാം കൊണ്ടും വ്യത്യസ്തമായതും, അമേരിക്കയിലെ മാധ്യമപ്രവർത്തകർക്ക് പ്രയോജനം നല്കുന്നതിലൂന്നിയുള്ളതുമായ പ്രോഗ്രാമുകൾ ആണ് ഈ വർഷത്തെ കോൺഫെറെൻസിൽ വിഭാവനം ചെയ്യുന്നതെന്ന് ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ബിജു സഖറിയാ അറിയിച്ചു. ഏറ്റവും മികച്ച ഒരു കോൺഫ്രൻസിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ് എന്ന് ചിക്കാഗോയിൽ നിന്നുള്ള പ്രസ്ക്ലബ്ബിന്റെ മുൻ നാഷണൽ പ്രസിഡന്റും മുൻ അഡ്വൈസറി ബോർഡ് ചെയർമാനുമായ ബിജു കിഴക്കേക്കുറ്റ് അറിയിച്ചു.

ചിക്കാഗോയിലെ കിക്ക് ഓഫിന് പ്രസിഡണ്ട് ബിജു സഖറിയാ, സെക്രട്ടറി അനിൽ മറ്റത്തിക്കുന്നേൽ, ട്രഷറർ അലൻ ജോർജ്ജ്, വൈസ് പ്രസിഡണ്ട് പ്രസന്നൻ പിള്ളൈ, ജോയിന്റ് സെക്രട്ടറി ഡോ. സിമി ജെസ്റ്റോ, ജോയിന്റ് ട്രഷറർ വര്ഗീസ് പാലമലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ബോർഡ് ഓഫ് ഡിറക്ടർസ് നേതൃത്വം നൽകി.  അലൻ ജോർജ്ജ് ഔപചാരികമായ നന്ദി പ്രകാശനം നടത്തി.

ഈ വർഷത്തെ കോൺഫറൻസ് അമേരിക്കയിൽ ഏറ്റവും കൂടുതൽ ഇന്ത്യക്കാർ തിങ്ങിപാർക്കുന്ന എഡിസൺ ടൗൺഷിപ്പിലാണെന്നുള്ള പ്രത്യേകത കൂടിയുണ്ട്.  എഡിസൺ മേയർ, മറ്റു മുഖ്യധാരാ രാഷ്ട്രീയ നേതാക്കൾ എന്നിവരെ കൂടി  ഈ കോൺഫെറൻസിൽ പങ്കെടുപ്പിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി കഴിഞ്ഞു.  കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വെബ്സൈറ്റ് സന്ദർശിക്കാം www.indiapressclub.org




# നിമിഷ പ്രിയയുടെ വധശിക്ഷ: ഇടപെടലുകൾക്ക് ശുഭാന്ത്യമുണ്ടാവട്ടെ, പ്രാർത്ഥനകൾ സഫലമാവട്ടെ




എ.എസ് ശ്രീകുമാർ

യെമൻ പൗരൻ തലാൽ അബ്ദുൽ മഹ്ദിയെ കൊലപ്പെടുത്തിയ കേസിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് സനയിലെ ജയിലിൽ കഴിയുന്ന മലയാളി നേഴ്സ് നിമിഷ പ്രിയയുടെ വധശിക്ഷ മാറ്റിവച്ചത് താൽക്കാലിക ആശ്വാസമായി. വിവിധ തലത്തിൽ യെമൻ കേന്ദ്രീകരിച്ച് നടത്തിയ ചർച്ചകളെ തുടർന്നാണ് നടപടി. ജൂലൈ 16 വധശിക്ഷ നടക്കാനിരിക്കെയാണ് സുപ്രധാനമായ തീരുമാനം ഉണ്ടായത്. കൊല്ലപ്പെട്ട തലാലിന്റെ കുടുംബവുമായി നടത്തിയ ചർച്ചകളിലാണ് നിമിഷ പ്രിയക്ക് അനുകൂലമായ നടപടികളുണ്ടായത്. തലാലിന്റെ കുടുംബവുമായി പ്രതിനിധി സംഘം നടത്തിയ ചർച്ചകൾക്കൊടുവിൽ കോടതിയാണ് ശിക്ഷ നടപ്പാക്കുന്നത് നീട്ടിവച്ചത്.

വധശിക്ഷ ഒഴിവാക്കാൻ കാന്തപുരം അബൂബക്കർ മുസല്യാരുടെ ഇടപെടലിനെത്തുടർന്നു യെമനിൽ നടന്ന ചർച്ചകളിലാണ് പ്രതീക്ഷയുണർത്തുന്ന തീരുമാനം. ''മനുഷ്യൻ എന്ന നിലയിലാണ് ഞാൻ ഇടപെട്ടത്. മനുഷ്യന് വേണ്ടി ഇടപെടണം എന്നാണ് അവിടുത്തെ മത പണ്ഡിതരോട് ആവശ്യപ്പെട്ടത്. ബ്ലഡ് മണി സമാഹരിക്കാനുള്ള ചുമതല ചാണ്ടി ഉമ്മൻ ഏറ്റെടുക്കാം എന്ന് അറിയിച്ചിട്ടുണ്ട്. യമൻ ജനതക്ക് സ്വീകാര്യരായ മുസ്ലിം പണ്ഡിതരെയാണ് ഞാൻ ബന്ധപെട്ടത്. ആ രാജ്യത്തെ മുഴുവൻ ജനങ്ങളും സ്വീകരിക്കുന്നവരാണ് അവർ. നിമിഷപ്രിയയുടെ മോചനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യണം എന്ന് പണ്ഡിതന്മാരോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അവർ ഇടപെട്ടത്...'' കാന്തപുരം പറഞ്ഞു.

യെമനിൽ ഹൂതികളുടെ നിയന്ത്രണത്തിലുള്ള പ്രദേശത്താണ് നിമിഷപ്രിയ ജയിലിൽ കഴിയുന്നത്. ഹൂതി സർക്കാരുമായി ഇന്ത്യക്ക് നയതന്ത്ര ബന്ധം ഇല്ലാത്തതിനാൽ സർക്കാർ തലത്തിൽ ഇടപെടലിനു പരിമിതികളുണ്ടെന്ന് നേരത്തെ കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരുന്നു. മധ്യസ്ഥർ മുഖേന ഇടപെടാനാണ് ശ്രമിക്കുന്നതെന്നും കേന്ദ്രം അറിയിച്ചിരുന്നു. ദയാധനം സ്വീകരിച്ച് നിമിഷപ്രിയയോടു പൊറുക്കാൻ കുടുംബം തയ്യാറായാൽ, ഇസ്ലാമിക നിയമം അനുസരിച്ച് വധശിക്ഷ ഒഴിവാക്കാനാവും.

മകളുടെ മോചനത്തിനുള്ള ചർച്ചകൾക്കായി അമ്മ പ്രേമകുമാരിയും ജസ്റ്റിസ് കുര്യൻ ജോസഫിന്റെ നേതൃതത്തിലുള്ള 'സേവ് നിമിഷപ്രിയ ഇന്റർനാഷണൽ ആക്ഷൻ കൗൺസിൽ' അംഗവും യെമൻ പ്രവാസിയുമായ സാമുവേൽ ജെറോമും 2024 ഏപ്രിലിൽ യമനിലേക്ക് പോയിരുന്നു. 11 വർഷത്തെ ഇടവേളയ്ക്കുശേഷം പ്രേമകുമാരി മകളെ ജയിലിലെത്തി കണ്ടു. വികാരനിർഭരമായിരുന്നു കണ്ണീരണിഞ്ഞ ആ കൂടിക്കാഴ്ച. നിമിഷ തടവിലായതോടെ നിയമനടത്തിപ്പിനായി ഓട്ടത്തിലാണ് ഈ അമ്മ. വധശിക്ഷ വിധിക്കപ്പെട്ടതോടെ വീട് ഉൾപ്പെടെയുള്ള സ്വത്തുക്കൾ വിറ്റാണ് പണം കെട്ടിവച്ചത്. ആറ് വർഷമായി വീട്ട് ജോലിക്കാരിയായി ജീവിതമാർഗം കണ്ടെത്തി കൊണ്ടാണ് പ്രിയ മകളുടെ ജീവൻ രക്ഷിക്കാൻ നെഞ്ചിൽ തീയുമായുള്ള അമ്മയുടെ പോരാട്ടം.

പാലക്കാട് കൊല്ലങ്കോട് തേക്കിൻചിറ സ്വദേശിനിയാണ് നിമിഷ പ്രിയ. 2008-ൽ

**യെമനിൽ ഹൂതികളുടെ നിയന്ത്രണത്തിലുള്ള പ്രദേശത്താണ് നിമിഷപ്രിയ ജയിലിൽ കഴിയുന്നത്. ഹൂതി സർക്കാരുമായി ഇന്ത്യക്ക് നയതന്ത്ര ബന്ധം ഇല്ലാത്തതിനാൽ സർക്കാർ തലത്തിൽ ഇടപെടലിനു പരിമിതികളുണ്ടെന്ന് നേരത്തെ കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരുന്നു. മധ്യസ്ഥർ മുഖേന ഇടപെടാനാണ് ശ്രമിക്കുന്നതെന്നും കേന്ദ്രം അറിയിച്ചിരുന്നു. ദയാധനം സ്വീകരിച്ച് നിമിഷപ്രിയയോടു പൊറുക്കാൻ കുടുംബം തയ്യാറായാൽ, ഇസ്ലാമിക നിയമം അനുസരിച്ച് വധശിക്ഷ ഒഴിവാക്കാനാവും.**





നേഴ്സിങ് പാസായ നിമിഷ സ്വകാര്യ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. 2011-ൽ കൊല്ലങ്കോട് മാത്തൂരിലെ തോട്ടം കാര്യസ്ഥനായിരുന്ന തൊടുപുഴ സ്വദേശി ടോമി തോമസിനെ വിവാഹം കഴിച്ചു. 2012-ൽ ഇരുവരും യെമനിലേക്ക് പോയി. ടോമി സ്വകാര്യ സ്ഥാപനത്തിലും നിമിഷ നേഴ്സായി ക്ലിനിക്കിലും ജോലിനേടി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ നിമിഷ ഗർഭിണിയായി, എന്നാൽ യെമനിലുള്ള ഇരുവരുടെയും സാമ്പത്തിക സ്ഥിതി തങ്ങളെയും ഗർഭസ്ഥ ശിശുവിനെയും വേണ്ടവിധം പരിപാലിക്കാൻ പര്യാപ്തമായിരുന്നില്ല. നിമിഷയുടെ ജോലിയിലെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ചെറിയ ക്ലിനിക്ക് തുറക്കാൻ അവർ പദ്ധതിയിട്ടു.



അതിനിടെ യെമൻ പൗരനായ തലാൽ അബ്ദുൽ മഹ്ദിയെ പരിചയപ്പെടുകയും ഇരുവരും ചേർന്ന് കച്ചവട പങ്കാളിത്തത്തോടെ ക്ലിനിക്ക് തുടങ്ങാനും തീരുമാനിച്ചു. യെമനിലെ നിയമമനുസരിച്ച്, ഒരു ആശുപത്രി തുറക്കാൻ യെമൻ പൗരത്വം ആവശ്യമാണ്. അതുകൊണ്ടാണ് തലാൽ അബ്ദുൽ മെഹ്ദിയുടെ സഹായം തേടിയത്. ബിസിനസ് തുടങ്ങാൻ നിമിഷയും ഭർത്താവും തങ്ങളുടെ സമ്പാദ്യമെല്ലാം മെഹ്ദിക്ക് കൈമാറിയിരുന്നു. അങ്ങനെ നിമിഷയ്ക്ക് ലൈസൻസ് ലഭിക്കുകയും 2015-ൽ ക്ലിനിക്ക് തുറക്കുകയും ചെയ്തു. എന്നാൽ കാര്യങ്ങൾ മാറിമറിഞ്ഞു.

2015-ൽ യെമനിൽ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു, ഹൂതി വിമതരുടെ വർധിച്ചുവരുന്ന ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യൻ സർക്കാർ ആളുകളെ യെമനിലേക്ക് പോകുന്നത് വിലക്കി. യെമനിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തി.

നിമിഷയും ഭർത്താവ് തോമസും മകളുമായി ഇന്ത്യയിലേക്ക് മടങ്ങി. ബിസിനസിന് കൂടുതൽ പണം ആവശ്യമായി വന്നതും ഇതിന് കാരണമായി. കുറച്ച് ദിവസങ്ങൾ കടന്നുപോയി. നിമിഷ തന്റെ ക്ലിനിക്കിനെ കുറിച്ച് ആശങ്കപ്പെടാൻ തുടങ്ങി. അതുകൊണ്ട് മകളെയും ഭർത്താവിനെയും കൂടാതെ തനിച്ച് യെമനിൽ എത്തി. നിമിഷപ്രിയ പോയതിന് ശേഷം യെമനിലേക്ക് തിരിച്ചുപോവാനായിരുന്നു ടോമി ഉദ്ദേശിച്ചതെങ്കിലും യെമൻ-സൗദി യുദ്ധത്തെ തുടർന്ന് യാത്ര മുടങ്ങി.

നിമിഷ യെമനിൽ തിരിച്ചെത്തിയതോടെ തലാലിന്റെ ഉദ്ദേശം മാറിയെന്നാണ് പിന്നീട് ഉയർന്ന ആരോപണം. ബിസിനസ് പങ്കാളിയെന്ന നിലയിൽ ആദ്യമൊക്കെ മാന്യമായി ഇടപെട്ടിരുന്ന മെഹ്ദിയുടെ സ്വഭാവം പിന്നീട് മറ്റൊരു തലത്തിലേക്ക് മാറി. മെഹ്ദിയുമായി ചേർന്ന് ക്ലിനിക്ക് തുടങ്ങിയശേഷം നിമിഷ തന്റെ ഭാര്യയാണെന്ന് പലരേയും വിശ്വസിപ്പിച്ചു. ക്ലിനീക് ലാഭത്തിലായതോടെ നിമിഷ പോലും അറിയാതെ അയാൾ ക്ലിനിക്കിന്റെ ഷെയർ ഹോൾഡറായി തന്റെ പേര് കൂടി ഉൾപ്പെടുത്തി മാസവരുമാനത്തിന്റെ പകുതി പണം കൈക്കലാക്കാൻ ശ്രമിച്ചു. വ്യാജ വിവാഹ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയെന്നാണ് മറ്റൊരു ആരോപണം. പിന്നീട് ഇരുവരും വിവാഹം നടത്തി. ഇത് ഭീഷണിപ്പെടുത്തിയായിരുന്നുവെന്നാണ് നിമിഷയുടെ വാദം.

തലാലിന്റെ പ്രവർത്തികളിൽ നിമിഷ മടുത്തു. അതിനിടെ വിസയുടെ കാലാവധിയും അവസാനിക്കാനിക്കാറായി. നിമിഷയുടെ വിസ പുതുക്കാനെന്ന് പറഞ്ഞു തലാൽ പാസ്പോർട്ട് കയ്യിൽ തന്നെ കരുതി. ഇരുവരും തമ്മിൽ വഴക്കുകളും തർക്കങ്ങളും പതിവായി. പാസ്പോർട്ട് പിടിച്ചുവെച്ച് നാട്ടിൽ വിടാതെ പീഡിപ്പിച്ചുവെന്നും ലൈംഗിക വൈകൃതങ്ങൾക്ക് ഇരയാക്കിയെന്നും നിമിഷ പറയുന്നു. തലാലിന്റെ പ്രവൃത്തിയിൽ അസ്വസ്ഥയായ നിമിഷ പൊലീസിൽ പരാതി നൽകി. തലാലിനെതിരെ യെമൻ പൊലീസ് നടപടിയെടുത്തു. എന്നാൽ ദിവസങ്ങൾക്കുള്ളിൽ ഇയാൾ ജയിൽ മോചിതനായി. 2016-ലാണ് ഈ സംഭവങ്ങളെല്ലാം നടക്കുന്നത്.

മെഹ്ദിയുടെ മോചനത്തിന് ശേഷം നിമിഷ ഇന്ത്യയിലേക്ക് മടങ്ങാൻ തീരുമാനിച്ചു. എന്നാൽ പാസ്പോർട്ട് തലാലിന്റെ പക്കലായിരുന്നു. എന്ത് വില കൊടുത്തും പാസ്പോർട്ട് കയ്യിലാക്കണമെന്ന് തീരുമാനിച്ചു. ഇതിനായി സുഹൃത്ത് ഹനാനയോട് സഹായം അഭ്യർത്ഥിച്ചു. ഹനാനയുടെ നിർദേശപ്രകാരം നിമിഷ അവസരം മുതലാക്കി. തലാലിന് മയക്കത്തിനുള്ള ഇഞ്ചക്ഷൻ നൽകി. അങ്ങനെ അബോധാവസ്ഥയിലാകുമ്പോൾ പാസ്പോർട്ട് കയ്യിലാക്കമെന്നായിരുന്നു കരുതിയത്. പക്ഷേ, മരുന്നിന്റെ അമിതോപയോഗം മൂലം തലാൽ മരിച്ചു. തലാലിന്റെ മരണത്തിൽ ഇരുവരും ഭയക്കുകയും മൃതദേഹം സംസ്കരിക്കാൻ പദ്ധതിയിടുകയും ചെയ്തു. മൃതദേഹം പല കഷണങ്ങളാക്കുകയും അവ വാട്ടർ ടാങ്കിൽ ഒളിപ്പിക്കുകയും ചെയ്തുവെന്നാണ് കേസ്.

# പുതുചരിത്രവുമായി ഫോമായുടെ ത്രിദിന വിമൻസ് സമ്മിറ്റ് സെപ്റ്റംബർ 26, 27, 28 തീയതികളിൽ

ഫോമായുടെ ചരിത്രത്തിൽ ആദ്യമായി ഒരു വിമൻസ് സമ്മിറ്റ്- ഫോമാ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടെ സെപ്റ്റംബർ 26, 27, 28 തീയതികളിൽ പെൻസിൽവേനിയയിലെ പ്രകൃതിമനോഹരമായ പോക്കണോസിൽ വുഡ്ലാൻഡ്സ് ഇൻ റിസോർട്ടിൽ നടത്തുന്നു.

സ്ത്രീകളുടെ ഉന്നമനത്തിനും മാനസീക ഉല്ലാസത്തിനുമായി സംഘാടകർ ഒരുപാടു പരിപാടികൾ ഈ ദിവസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. നാഷണൽ വിമൻസ് ഫോറം ചെയർ പേഴ്സൺ സ്മിത നോബിൾ, ട്രഷറർ ജൂലി ബിനോയ്, ഫോമാ സെക്രട്ടറി ബൈജു വർഗീസ് എന്നിവർ റിസോർട്ട് സന്ദർശിച്ചു സൗകര്യങ്ങൾ ഉറപ്പു വരുത്തി.

അവരോടൊപ്പം ഫോമാ ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, ഫോമാ നാഷണൽ വിമൻസ് ഫോറം അംഗങ്ങളായ ആശ മാത്യു, ഗ്രേസി ജെയിംസ്, വിഷിൻ ജോ, സ്വപ്ന സജി, മഞ്ജു പിള്ള എന്നിവർ ഈ സമ്മിറ്റിനു വേണ്ടിയുള്ള ഒരുക്കങ്ങളുടെ നേതൃത്വം ഏറ്റെടുത്തു പ്രവർത്തിച്ചു വരികയാണ്. എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയേകി ഫോമായുടെ എക്സിക്യുട്ടീവ് കമ്മിറ്റിയും, റീജിയണൽ കമ്മിറ്റികളും കൂടെയുണ്ട് .













സെപ്റ്റംബർ 26 വെള്ളിയാഴ്ച തട്ടുകടയും, വർണ്ണശബളമായ ഉൽഘാടനസമ്മേളനവും ബോളിവുഡ് ഡാൻസും പിന്നീട് ഡിന്നറും.

സെപ്റ്റംബർ 27ന് ഫാഷൻ, മേക്കപ്പ് രംഗത്തെ പ്രമുഖർ എടുക്കുന്ന ക്ലാസ്സുകളും, ബിസിനസ് രംഗത്തെ പ്രമുഖരുടെ ക്ലാസ്സുകളും. കൂടാതെ ഹവായിയൻ നൃത്തച്ചുവടുകളും, വൈകിട്ട് ബാങ്കറ്റ്, സംഗീതമേള എന്നിവയും ആസുത്രണം ചെയ്തിരിക്കുന്നു.


സെപ്റ്റംബർ 28 ന് ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞു 11മണിക്ക് ചെക്ക് ഔട്ടോടു കൂടി പരിപാടികൾ സമാപിക്കും.

മൂന്നു ദിവസത്തെ താമസവും ഭക്ഷണവും എല്ലാ പരിപാടികളും അടങ്ങുന്ന ഈ സമ്മിറ്റിനുള്ള ഫീസ് 300 ഡോളർ മുതൽ 500 ഡോളർ വരെയാണ്. രജിസ്ട്രേഷനുകൾ നടന്നു വരുന്നു. ജൂലൈ 31ന് early registrations സമാപിക്കും . അതിനു മുൻപ് തന്നെ എല്ലാവരും രജിസ്റ്റർ ചെയ്തു ഇതിൽ പങ്കെടുത്തു സമ്മിറ്റിനെ ഒരു വൻ വിജയം ആക്കിത്തീർക്കാൻ ഫോമായുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമൻസ് ഫോറവും വിനീതമായി അഭ്യർത്ഥിക്കുന്നു.

Registration ലിങ്ക് താഴെ ചേർക്കുന്നു.

https://fomaa.org/sub/fomaa/page/womens-summit-2025

# വർണപുഷ്പങ്ങളുടെ നിറച്ചാർത്തിൽ കേരള റൈറ്റേഴ്സ് ഫോറം ഹൂസ്റ്റന്റെ സാഹിത്യ സല്ലാപം




ചെറിയാൻ മഠത്തിലേത്ത്


ഹൂസ്റ്റൺ: വർഷത്തിലെ ഏറ്റവും മികച്ച സീസണാണ് വസന്തകാലം. സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്ന വസന്തം സന്തോഷവും സമാധാനവും നമ്മുടെ ഹൃദയത്തിൽ നിറയ്ക്കുന്നു. വസന്തകാലം യുവത്വം, സ്നേഹം, പ്രതീക്ഷ എന്നിവയെ പ്രതിനിധീകരിക്കുന്നുവെന്ന് മാത്രമല്ല അവയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. സ്വപ്നതുല്യമായ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഋതുവാണിത്. ഋതുക്കളുടെ രാജാവ് എന്നറിയപ്പെടുന്ന വസന്തം വേനലിന് വഴിമാറി കൊടുത്തിരിക്കുകയാണ് ഇപ്പോൾ.


പക്ഷേ ഹൂസ്റ്റണിൽ ഈ ജൂലൈ മാസത്തിലും എവിടെയും കാണാം മധുരമനോജ്ഞമായ പുഷ്പങ്ങൾ. മണിമരുത്, പൂമരുത് (Crape Myrtle) എന്നറിയപ്പെടുന്ന ഇലകൊഴിയും മരത്തിന്റെ കടുത്ത ചുവപ്പും വെള്ളയും നീലലോഹിതവുമായ പൂക്കൾ നമ്മെ വല്ലാതെ വശീകരിക്കുന്നു. മലയാളികളുടെ സ്വന്തം രാജമല്ലി (Wild Fire Tree) അക്ഷരാർത്ഥത്തിൽ കാട്ടുതീ പോലെ വിരാജിക്കുകയാണ്. ഈ വേനൽത്തുടക്കത്തിൽ ഗ്രേറ്റർ ഹൂസ്റ്റൺ ശരിക്കും ഒരു ഉദ്യാന നഗരമായി മാറിയിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഇതിനിടെ വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറം അംഗങ്ങൾ സ്റ്റാഫോർഡിലെ കേരള റസ്റ്റോറന്റിൽ പ്രതിമാസ യോഗം ചേർന്നു. ആമുഖ പ്രസംഗം നടത്തിയ കേരള റൈറ്റേഴ്സ് ഫോറം ഹൂസ്റ്റൺ പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്ത് ഏവരെയും സ്വാഗതം ചെയ്തു. തുടർന്ന് മോഡറേറ്റർ ജോൺ മാത്യുവിന്റെ നേതൃത്വത്തിൽ പതിവുള്ള സാഹിത്യ ചർച്ച ആരംഭിച്ചു.


ജോൺ മാത്യു അവതരിപ്പിച്ച 'കുടിയേറ്റ സമൂഹത്തിന്റെ വളർച്ചയിലെ ഘടകങ്ങൾ' എന്ന ലേഖനത്തെ സംബന്ധിച്ച അവലോകനമായിരുന്നു ആദ്യത്തെ അജണ്ട. ഈ ഉപന്യാസത്തിൽ നമ്മുടെ സമൂഹത്തിന്റെ കഴിഞ്ഞ അമ്പതിലേറെ വർഷങ്ങളിലെ വളർച്ചയിൽ പടിപടിയായി സ്വാധീനിച്ച ഘടകങ്ങളെ വിലയിരുത്തി. ആദ്യകാല കുടിയേറ്റക്കാരുടെ ആവേശത്തെ പ്രത്യേകം എടുത്തു പറഞ്ഞു. കൂടാതെ 'പാരമ്പര്യം' സംരക്ഷിക്കുന്നതിൽ മത സംഘടനകളുടെ പങ്കും. തുടർന്ന് ചർച്ചയിൽ സാമൂഹിക സംഘടനകളുടെ പല ദൗത്യങ്ങളും മത കൂട്ടായ്മകൾ തട്ടിയെടുക്കുന്നതായി ചിലർ അഭിപ്രായപ്പെട്ടു.

ശേഷം, ജോസഫ് തച്ചാറ 'പുനർജന്മങ്ങൾ' എന്ന കവിത ചർച്ചയ്ക്ക് അവതരിപ്പിച്ചു. സമൂഹത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട പരിണാമ സിദ്ധാന്തത്തി










നപ്പുറത്തേയ്ക്ക് അദ്ദേഹം സഞ്ചരിച്ചു. ഈ കവിതയിൽ കവി ഭൗതികതയിലൂടെ ജീവനില്ലാത്ത പൊടിപടലങ്ങളെയും പരിണാമ ചക്രത്തിലോ അല്ലെങ്കിൽ പുനർജന്മ ചക്രങ്ങളിലോ ചേർത്തു.

''പ്രതിരോധത്തിൻ മുള്ളായ് വിഷമായ്

പ്രകാശം പരത്തും പൂവായ്

.............................................

അതുമല്ലെങ്കിലപ്പാറക്കല്ലായ്

പൊടിഞ്ഞു ധൂളിയായി''

തുടർന്ന് ബാബു കുറൂർ 'ഞാനും വരട്ടെയോ അമ്മയ്ക്ക് ഒരു കൂട്ടായ്...' എന്ന കവിത ചൊല്ലി. മരിച്ചു കിടക്കുന്ന അമ്മയുടെ സമീപത്ത് എത്തുന്ന മകന്റെ മാനസികാവസ്ഥയാണ് ഈ കവിതയിലെ പ്രമേയം. സജി പുല്ലാട് റൈറ്റേഴ്സ് ഫോറത്തിനുവേണ്ടി ആലപിച്ച പ്രത്യേക ഗാനം സുന്ദരമായി. എ.സി ജോർജ്, മാത്യു മത്തായി, അതുൽ കൃഷ്ണൻ, മാത്യു നെല്ലിക്കുന്ന്, മോട്ടി മാത്യു തുടങ്ങിയവർ ചർച്ചയിൽ പങ്കാളികളായി.



ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ മുഖ്യാതിഥിയായിരുന്നു. അനിൽകുമാർ ആറൻമുള റൈറ്റേഴ്സ് ഫോറം അംഗങ്ങളെ മുഖ്യാതിഥിക്ക് പരിചയപ്പെടുത്തി. റൈറ്റേഴ്സ് ഫോറത്തിന്റെ ഏറ്റവും പുതിയ പുസ്തകത്തിന്റെ ഒരു കോപ്പി, പബ്ളീഷിങ് കോ-ഓർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് സുനിൽ ട്രൈസ്റ്റാറിന് സമ്മാനിച്ചു. ഫോറം പ്രസിഡന്റ് സമാപന പ്രസംഗം നടത്തുകയും സെക്രട്ടറി മോട്ടി മാത്യു ഏവർക്കും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.




JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

# ഐസിഇസിഎച്ച് ബൈബിൾ ക്വിസ് മത്സരം : സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ചർച്ചിന് ഒന്നാം സ്ഥാനം



ജീമോൻ റാന്നി

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ (ICECH) ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ചർച്ച് വിജയിച്ചു. ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ ചർച്ചിന് രണ്ടാം സ്ഥാനവും സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്ൾസ് ചർച്ചിന് മൂന്നാം സ്ഥാനവും ലഭിച്ചു.





ജൂലൈ 13 നു ഞായറാഴ്ച്ച ഉച്ച കഴിഞ്ഞു സെന്റ് മേരീസ് മലങ്കര സിറിയക് ഓർത്തഡോക്ൾസ് ദേവാലയത്തിൽ വച്ചാണ് ബൈബിൾ ക്വിസ് മത്സരം നടത്തപ്പെട്ടത്.

ഒന്നാം സ്ഥാനം നേടിയ ഹുസ്റ്റൻ സെൻറ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ചർച്ചിന് ജോയൽ മാത്യു (ചാമ്പ്യൻ മോർട്ഗേജ്) സ്പോൺസർ ചെയ്ത ട്രോഫിയും രണ്ടാം സ്ഥാനം നേടിയ ട്രിനിറ്റി മാർത്തോമാ ചർച്ചിന് റോബിൻ ഫിലിപ്പ് ആൻഡ് ഫാമിലി സ്പോൺസർ ചെയ്ത ട്രോഫിയും മുന്നാം സ്ഥാനം നേടിയ സെന്റ് ഗ്രിഗോറിയസ് ഓർത്തഡോക്ൾസ് ചർച്ചിന് ചെറുകാട്ടൂർ ഫാമിലി സ്പോൺസർ ചെയ്ത ട്രോഫിയും ഐസിഇസിഎച് പ്രസിഡന്റ് റവ ഫാ ഡോ. ഐസക്. ബി. പ്രകാശ് സമ്മാനിച്ചു.

ഹുസ്റ്റനിലെ പതിനൊന്നു ഇടവകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ക്വിസ് മാസ്റ്റർമാരായി റവ .ജീവൻ ജോൺ, റവ.ഫാ. വർഗീസ് തോമസ് (സന്തോഷ് അച്ചൻ) എന്നിവർ പ്രവർത്തിച്ചു. റവ ഫാ. എം ജെ ഡാനിയേൽ (നോബിൾ അച്ചൻ) , റവ.ദീപു എബി ജോൺ, റവ ഫാ .ബെന്നി ഫിലിപ്പ്, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പി ആർഓ ജോൺസൻ ഉമ്മൻ, പ്രോഗ്രാം കോർഡിനേറ്റർ .ഫാൻസി മോൾ പള്ളത്ത് മഠം, നൈനാൻ വീട്ടീനാൽ, ബിജു ചാലക്കൽ, ഡോ.അന്ന ഫിലിപ്, മിൽറ്റ മാത്യു, ബെൻസി, ജിനോ ജേക്കബ്, എ.ജി. ജേക്കബ്, ഷീല ചാണ്ടപ്പിള്ള, റജി ജോർജ്, ബാബു കലീന (ഫോട്ടോഗ്രാഫി) എന്നിവർ ക്വിസ് മത്സരത്തിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകി.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# യു.എസ്. വോളിയിൽ പ്രതീക്ഷയായി മലയാളി സ്കൂൾ വിദ്യാർത്ഥി



സ്പോർട്സ് ലേഖകൻ

യു.എസ്.എ. വോളിബോൾ ഓൾ സ്റ്റാർ ചാമ്പ്യൻഷിപ്പിൽ ഗെവ (GEVA) അണ്ടർ 17 ടീമിനെ പ്രതിനിധാനം ചെയ്യുവാൻ മലയാളി സ്ക്കൂൾ വിദ്യാർത്ഥി. ആരോൺ മോളോപറമ്പിൽ ആണ് ന്യൂജേഴ്സി-ന്യൂയോർക്ക് ടീമിലെത്തിയ മലയാളി താരം. യു.എസ്.എ. വോളിബോൾ ഓൾസ്റ്റാർ ചാമ്പ്യൻഷിപ്പ് ജൂലൈ 24 മുതൽ 27 വരെയാണ്. ന്യൂജേഴ്സിയും ന്യൂയോർക്കും ഉൾപ്പെടുന്ന മേഖലയിലെ വോളിബോൾ അതോറിറ്റിയാണ് ഗാർഡൻ എംപയർ വോളിബോൾ അസോസിയേഷൻ (GEVA).

ഹണ്ടർഡൻ സെൻട്രൽ റീജനൽ സ്കൂളിൽ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ് ആരോൺ. നേരത്തെ ന്യൂജേഴ്സി-ന്യൂയോർക്ക് ടീമിൽ അണ്ടർ 15 വിഭാഗത്തിൽ ആരോൺ കളിച്ചിരുന്നു.



യു.എസിൽ പല ഭാഗങ്ങളിൽ ഒട്ടേറെ ടൂർണമെന്റുകൾ ജയിച്ച കോർ (CORE) വോളിബോൾ ക്ലബിൽ കഴിഞ്ഞ മൂന്നു വർഷമായി കളിക്കുന്ന ആരോൺ 'ലിബറോ' യുടെ പൊസിഷനിൽ ആണ് കോർട്ടിൽ. ഒർലാൻഡോയിൽ അടുത്തിടെ നടന്ന എ.എ.യു. നാഷനൽസിൽ 'കോർ' ക്ലബ് നാലാം സ്ഥാനം നേടിയിരുന്നു.



ഫോമാ മുൻ ജനറൽ സെക്രട്ടറി ജിബി തോമസ് മോളോപ്പറമ്പിലിന്റെയും മാർലിയുടെയും പുത്രനാണ് ആരോൺ. അനുജൻ ക്രിസ്റ്റ്യൻ , ക്ലബ്, സ്കൂൾ വോളിബോളിൽ അണ്ടർ 15 വിഭാഗത്തിൽ സജീവമാണ്. എലീറ്റയാണു സഹോദരി. കോവിഡ് കാലത്ത് പിതാവുമൊത്ത് വീട്ടുവളപ്പിൽ വോളിബോൾ കളിച്ച ആരോണും ക്രിസ്റ്റ്യനും പിന്നീട് വോളിബോൾ പരിശീലനം ഗൗരവമായിട്ടെടുക്കുകയായിരുന്നു. ഇരുവരും ന്യൂയോർക്ക് സ്പൈക്കേഴ്സിനും(കേരള സ്പൈക്കേഴ്സ്) കളിക്കുന്നു. ഓഗസ്റ്റ് 24ന് ലൂക്കാച്ചൻ സ്മാരക വോളിബോളൽ ന്യൂയോർക്ക് സ്പൈക്കേഴ്സിനു കളിക്കാൻ മക്കൾക്കൊപ്പം അച്ഛനും ഉണ്ടാകും.

തങ്ങളുടെ വളർച്ചയ്ക്കൊപ്പം സമൂഹത്തിന് തിരിച്ചു കൊടുക്കുക (കമ്മ്യൂണിറ്റി ഗിവിങ് ബാക്ക് പദ്ധതി) എന്ന ആശയത്തിൽ ആരോണും ക്രിസ്റ്റിയനും കൊച്ചുകുട്ടികൾക്കായി സൗജന്യ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഇവരുടെ മികവു കണ്ട് യു.എസിൽ കൂടുതൽ മലയാളി കുടുംബങ്ങൾ കുട്ടികളെ വോളിബോൾ പരിശീലിപ്പിക്കുവാൻ മുന്നോട്ടു വന്നു തുടങ്ങി.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# കാനഡയിൽ ഭദ്രാസനത്തിനു സാധ്യത; ഫാമിലി കോൺഫറൻസും അവാർഡ് ചടങ്ങും വേറിട്ടതാകും: ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ്




ഓൾഡ് ടാപ്പൻ, ന്യൂ ജേഴ്‌സി: കാനഡയിൽ പുതിയ ഭദ്രാസനത്തിനു സാധ്യതയുണ്ടെന്നും ബുധനാഴ്ച ആരംഭിക്കുന്ന യൂത്ത്- ഫാമിലി കോൺഫറൻസും ഏഷ്യാനെറ്റുമായി സഹകരിച്ചുള്ള അവാർഡ് ചടങ്ങും പുതിയൊരനുഭവമായിരിക്കുമെന്നും മലങ്കര ആർച്ച് ഡയോസിസ് ഓഫ് ദി സിറിയക്ക് ഓർത്തഡോക്സ് ചർച്ച് ഇൻ നോർത്ത് അമേരിക്ക ഭദ്രാസനാധിപൻ ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ്. ഓൾഡ് ടാപ്പനിലെ പ്രൗഢഗംഭീരമായ ഭദ്രാസന ആസ്ഥാനത്ത് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അംഗങ്ങളുമായി നടത്തിയ പത്രസമ്മേളനത്തിൽ സഭയുടെ വളർച്ചയും നേട്ടങ്ങളും പ്രതീക്ഷകളും അദ്ദേഹം പങ്കുവച്ചു. ബുധൻ (ജൂലൈ 16) മുതൽ 19 ശനി വരെയുള്ള ദിവസങ്ങളിൽ വാഷിംഗ്ടൺ ഡിസിയിലെ ഹിൽട്ടൺ വാഷിംഗ്ടൺ ഡല്ലസ് എയർപോർട്ട് ഹോട്ടലിൽ വെച്ച്, വൈവിധ്യമാർന്ന പ്രോഗ്രാമുകളോടെ നടത്തുന്ന കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായും തിരുമേനി അറിയിച്ചു



ഭദ്രാസന സെക്രട്ടറി ഫാ. ജെറി ജേക്കബ് കോൺഫറൻസ് കാര്യങ്ങൾ വിശദീകരിക്കുകയും ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. ആർച്ച് ഡയോസിസൻ ട്രഷറർ ജോജി കാവനാൽ, കൗൺസിൽ മെമ്പർ ജിൻസ് മാത്യു, യൂത്ത് ജോ. സെക്രട്ടറി ഡീക്കൻ ജോയൽ ജോസഫ്, എന്നിവർക്ക് പുറമെ കോൺഫറൻസിന്റെ ടൈറ്റിൽ സ്പോണ്സർമാരായ സ്പെക്ട്രം ഓട്ടോയോയുടെ ബിനു ബേബി, പ്രിൻസ് ബേബി എന്നിവരും പങ്കെടുത്തു. പ്രസ് ക്ലബ് നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, നിയുക്ത പ്രസിഡന്റ് രാജു പള്ളത്ത്, ന്യൂ യോർക്ക് ചാപ്ടർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, നാഷണൽ കൺവൻഷൻ ചെയർ സജി എബ്രഹാം,



ഏഷ്യാനെറ്റ് എഡിറ്റർ ഡോ. കൃഷ്ണ കിഷോർ, ജോർജ് ജോസഫ്, ജോർജ് തുമ്പയിൽ, ബിനു ജേക്കബ്, തുടങ്ങിയവർ പങ്കെടുത്തു.

അമേരിക്കയിലും കാനഡയിലും പ്രതിഭ തെളിയിച്ച പലരെയും ജനങ്ങൾ അറിയുന്നില്ല. അവരെ ആദരിക്കുകയും അവരുടെ നേട്ടങ്ങളും സംഭാവനകളും ജനങ്ങളിൽ എത്തിക്കുകയുമാണ് കഴിഞ്ഞ വർഷം ലക്ഷ്യമിട്ടത്. അതിന്റെ തുടർച്ചയായി ഏഷ്യാനെറ്റ് ന്യൂസും സഭയുമായി സഹകരിച്ച് 17നു വ്യാഴാഴ്ചയാണ് അവാർഡ്‌നൈറ്റ്. കമ്മ്യൂണിറ്റി സർവ്വീസ്, ഹെൽത്ത് കെയർ, യൂത്ത് തുടങ്ങി വിവിധ കാറ്റഗറിയിൽ അവാർഡുകൾ നൽകുന്നു. ഏഷ്യാനെറ്റ് ന്യുസുമായി സഹകരിച്ച് നടത്തുന്ന രണ്ടാമത്തെ അവാർഡ് ചടങ്ങാണിത്. കാനഡയിൽ നയാഗ്രയിൽ കഴിഞ്ഞ വര്ഷം നടത്തിയ പരിപാടി വലിയ വിജയമായിരുന്നുവെന്ന് തിരുമേനി ചൂണ്ടിക്കാട്ടി.

അവാർഡ് പരിപാടി സുദീർഘമായ പ്രക്രിയക്ക് ശേഷമാണ് . ആദ്യം നോമിനേഷൻ ക്ഷണിക്കുന്നു. അത് ഷോർട്ട്ലിസ്റ്റ് ചെയത് ജൂറിയുടെയും സഭയുടെയുമൊക്കെ തീരുമാനത്തെ അടിസ്ഥാനമാക്കി വിജയികളെ തീരുമാനിക്കുന്നു . ഇത്തവണയും തിരഞ്ഞെടുത്തിരിക്കുന്നത് അന്താരാഷ്ട്ര രംഗത്തും അമേരിക്കയിലും മികവ് തെളിയിച്ചവരെ തന്നെയാണ്. ഏഷ്യാനെറ്റ് ന്യൂസിന്റെ വലിയൊരും ടീം തിരുവനന്തപുരത്തും ഇതിനായി പ്രവർത്തിച്ചികൊണ്ടിരിക്കുന്നു.

ഏറ്റവും പ്രധാനപ്പെട്ടകാര്യം ഇക്കാര്യത്തിൽ സഭയുടെ അകമഴിഞ്ഞ സഹകരണമാണ്. ഞങ്ങൾ ഏഷ്യാനെറ്റ് ന്യുസുമായി സ്ഥിരമായി ആശയവിനിമയം നടത്തുന്നു.

യാദൃശ്ചികമായാണ് ഏഷ്യാനെറ്റ് ന്യുസുമായി ഇത്തരമൊരു ബന്ധം സ്ഥാപിതമായതെന്ന് തിരുമേനി പറഞ്ഞു. കാനഡയിലെ വിശ്വാസികളാണ് ഇതിനു പ്രേരകമായത്. സഭ വളർന്ന് അവിടെ 36 പള്ളികളായി. അതിനാൽ കോൺഫറൻസ് അവിടെ നടത്താമെന്ന ചിന്തയായി. കാനഡയിലെ സഭാംഗങ്ങളിൽ നല്ലൊരു പങ്ക് അടുത്ത നാളുകളിൽ കാനഡയിൽ എത്തിയവരാണ്. മുപ്പതോ നാൽപതോ വര്ഷം മുമ്പ് വന്നവരല്ല. അവർക്ക് ഏഷ്യാനെറ്റുമായും മറ്റ് മീഡിയയുമായുമൊക്കെ വലിയ ബന്ധമാണ്. ഏഷ്യാനെറ്റ് തന്നെ ഒരു അവാർഡ് പരിപാടി മുൻപ് അവിടെ നടത്തിയിരുന്നു. അതിന്റെ പശ്ചാത്തലത്തിലാകാം ഏഷ്യാനെറ്റിന്റെ കാനഡ കോർഡിനേറ്റർ ജിത്തു, കാനഡയിലെ സഭാ കൗൺസിൽ മെമ്പറുമായി ബന്ധപ്പെട്ടു .

അതൊരു നല്ല കാര്യമാണെന്ന് സഭാ കൗൺസിൽ തീരുമാനിച്ചു. മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്നത് മറ്റുള്ളവർക്കും പ്രചോദനമാകും. ഇവിടെ ജനിച്ചു വളർന്ന കുട്ടികൾക്കും തങ്ങൾക്കും ഇങ്ങനെയൊക്കെ ആകാമെന്ന് മാതൃകയാവും.

ഏഷ്യാനെറ്റ് ന്യുസിന്റെ സഹകരണം മൂലം ഇവിടെയും നാട്ടിലുമൊക്കെ ഈ പരിപാടിക്ക് വലിയ ശ്രദ്ധ ലഭിക്കും. ഏഷ്യാനെറ്റ് ന്യൂസ് ലോകത്ത് എല്ലായിടത്തും അനേകം എക്സലൻസ് അവാർഡ് ചടങ്ങ് നടത്തിയിട്ടുണ്ട്. വടക്കേ അമേരിക്കയിൽ ഏറ്റവും വിജയകരമായി നടത്തിയ് ആദ്യം കാനഡയിൽ ആണ്. അതിന് ശേഷം ഹെൽത്ത് കെയർ എക്സലൻസ് അവാർഡ് ലോസ് ആഞ്ചലസിൽ നടത്തി. പിന്നീട് ന്യൂയോർക്കിൽ. ആഗോളതലത്തിൽ പരിചയമുള്ളതിന്റെ അടിസ്ഥാനത്തിലാണ് സഭയെ സമീപിച്ചതും സഭ അത് അംഗീകരിച്ചതും. അതേസമയം, ഏഷ്യാനറ്റ് ന്യുസുമായി സഹകരിക്കുന്നു എന്നത് കൊണ്ട് അവരുടെ കുത്തകയാണെന്ന ചിന്തവേണ്ട.

എല്ലാ ഭാഗത്തു നിന്നുമുള്ള മലയാളികൾ ഉൾപ്പെട്ടതാണ് ഭദ്രാസനം . ഒരു മലയാളം ചാനലുമായി സഹകരിക്കുമ്പോൾ നമുക്ക് കൂടുതൽ ജനശ്രദ്ധ കിട്ടുന്നു. കഴിഞ്ഞ വർഷം ഇങ്ങനെയൊരു സഹകരണം വന്നതോടെ നാട്ടിലും ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് വലിയ ശ്രദ്ധ കിട്ടി. ഇത്രയും പള്ളികൾ ഉണ്ടെന്നും സഭ ഇത്രയും കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും ജനങ്ങളെ അറിയിക്കാനായി. ഇവിടേക്ക് വരുന്നവർക്കും



നാട്ടിലുള്ളവർക്കും ഇവിടെ ഇങ്ങനെയൊരു സഭയും ഭദ്രാസനവുമുണ്ടെന്നും അതിന്റെ പാസ്റ്ററൽ കെയർ ഇവിടെയുള്ളവർക്ക് ലഭ്യമാവുമെന്നുമൊക്കെ ബോധ്യമാവും. ഇതൊക്കെയാണ ഭദ്രാസനത്തിന്റെ നേട്ടങ്ങൾ. 1993 ൽ ആണ് ഇവിടെ ഭദ്രാസനവും ഏഷ്യാനെറ്റും തുടങ്ങിയതെന്നതും തന്നെ ആകർഷിച്ചു .

കോൺഫറസ്നെ അവാർഡ് പരിപാടി ദോഷമായി ബാധിക്കുമോ എന്ന ചോദ്യത്തിന് അങ്ങനെ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുന്നുവെന്ന് തിരുമേനി പറഞ്ഞു. കോൺഫറസിൽ ഒരു കലാപരിപാടി പതിവായിരുന്നു. പക്ഷെ നാട്ടിൽ നിന്ന് ഈ സമയത്ത് ഇവിടെ കലാപരിപാടിയുമായി എത്തുന്നവർ ഇല്ലെന്നു പറയാം. അതിനു പകരം ഏറെ ഗുണപ്രദവും എന്നാൽ ഉല്ലാസകരവുമായ അവാർഡ് പരിപാടി ഏറ്റെടുക്കുകയായിരുന്നു.

അമേരിക്കയിൽ 1960 മുതലാണ് മലയാളികൾ കൂടുതൽ പഠിക്കാനും മറ്റുമായി എത്തിയത്. അന്ന് എല്ലാ സഭകളും ഒന്നിച്ചാണ് ആരാധന നടത്തിയത്. പിന്നീട് പല പള്ളികൾ ഉണ്ടായി. 1975 ൽ സഭ രണ്ടായി. ആ സമയത്ത് കേരളത്തിൽ വടക്ക് പ്രദേശത്താണ് തങ്ങൾക്ക് പാസ്ററൽ കെയർ കൊടുക്കാൻ സാധിച്ചത്. സൗത്തിൽ കൂടുതലും ഓർത്തഡോക്സ് വിഭാഗമായിരുന്നു. അക്കാലത്ത് കേരളത്തിനു പുറത്തുള്ള പള്ളികളിൽ അച്ചൻമാരെ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഇവിടെ 75 വരെയുള്ള പള്ളികൾ ഒന്നിച്ച് തുടങ്ങിയതാണ്. 75നു ശേഷമാണ് സ്വതന്ത്രമായി ന്യൂയോർക്കിൽ സ്റ്റാറ്റൻ ഐലൻഡിൽ മോർ ഗ്രീഗോറിയോസ് പള്ളി സ്ഥാപിക്കുന്നത്. ആ പള്ളിയുടെ അമ്പതാം വാർഷികമാണ് ഈ വർഷം. അവിടം മുതൽ നമ്മൾ ഓരോ ഇടവകകൾ സ്ഥാപിച്ചു. അങ്ങനെ വളർന്നു. ഞാൻ 2004 ൽ ചുമതലയെടുക്കുമ്പോൾ 23 പള്ളികളാണുണ്ടായിരുന്നത്. ഇപ്പോൾ 83 പള്ളികൾ ഇവിടെയും കാനഡയിലുമായി ഉണ്ട്.

ഇവിടെ ജനിച്ചു വളർന്ന പത്തോളം വൈദികരും 30 ൽ പരം ശമ്മാശന്മാരും ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്നു.

കാനഡയിൽ വിദ്യാർഥികളാക്കായി പാസ്റ്ററൽ കെയർ മാത്രമല്ല പല വിധത്തിലുള്ള സേവനങ്ങൾ സഭ ചെയ്യുന്നു. കോൺഫറൻസിൽ അവിടെ നിന്ന് അധികം പേർക്ക് വരാൻ വിസ പ്രശ്നങ്ങളും മറ്റുമുണ്ട്. കാനഡയിൽ തന്നെ കൂടുതൽ പ്രോഗ്രാമുകൾ നടത്താനാണ് തീരുമാനം. കാനഡയിൽ 33 സ്ഥലത്താണ് കുർബാന ഉള്ളത്. ന്യൂ ഫൗണ്ട്ലാന്ഡിൽ പുതുതായി സർവീസ് തുടങ്ങി.

കാനഡയിൽ ഭദ്രാസനം ആലോചിക്കുന്നുവെങ്കിലും അമേരിക്കയിൽ അങ്ങനെയൊരു ആലോചനയില്ല. ഒരു ഭൂഖണ്ഡം മുഴുവൻ താൻ ഓടി നടക്കേണ്ടി വരുന്നുവെങ്കിലും ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ശ്രമിക്കുന്നു. ആളുകൾ കുറവുള്ള സ്ഥലത്തും വൈദികരുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കുന്നു. അതൊരു മിഷൻ പോലെയാണ് തങ്ങൾ കരുതുന്നത്.

കോൺഫറൻസിന്റെ ആദ്യദിവസം ബിസിനസ് മീറ്ററിംഗും തെരഞ്ഞെടുപ്പും നടത്തും. ഒരു തവണയാണ് ഭാരവാഹികൾ സേവനമനുഷ്ഠിക്കുക. പിറ്റേന്നാണ് ഉദ്ഘാടന സമ്മേളനം. ബ്രിട്ടനിൽ നിന്നുള്ള സാറാ നൈറ്റ് ആണ് പ്രധാന പ്രഭാഷക. സഭാ ചരിത്ര പണ്ഡിതയാണ് അവർ . നിഖ്യ സുനഹദോസിന്റെ 1700 മത് വാർഷികം ഈ വർഷം ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ ഇത് പ്രധാനമാണ് . നാട്ടിൽ നിന്നുള്ള മാത്യൂസ് മോർ അന്തിമോസ് മെത്രാപ്പോലീത്ത, പാത്രിയർകീസ് ബാവായുടെ അസിസ്റ്റന്റ് മെത്രാപ്പോലീത്ത എന്നിവർ പങ്കെടുക്കും.







യൂത്തിനു പ്രത്യേക സമ്മേളനമാണ് ഒരേ സമയം നടക്കുക. യുവജനത കോളജിലെത്തിയാൽ പള്ളികളിൽ വരുന്നില്ല എന്ന പ്രതിസന്ധി എല്ലാ മത വിഭാഗങ്ങളിലും ഉണ്ട്. 33 വയസിൽ തന്നെ ബിഷപ്പായി നിയമിച്ചത് യുവാക്കളെ ആകർഷിക്കുകയും പ്രാതിനിധ്യം നൽകുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയുമായിരുന്നു. യുവാക്കൾ പരസ്പരം ആശയവിനിമയം നടത്തിയാണ് പലരും സഭാകാര്യങ്ങളിലേക്ക് തിരിയുന്നത്.

അമേരിക്കയിലെ മറ്റു മലയാളി സഭാവിഭാഗങ്ങൾക്ക് ഒന്നുമില്ലാത്തത്ര മനോഹരമായ ഭദ്രാസന ആസ്ഥാനം കോവിഡ് കാലത്ത് വാങ്ങിയ കാര്യവും തിരുമേനി വിശദീകരിച്ചു. കൊറിയൻ ചർച്ചായിരുന്നു ഇത്. 50,000 സ്കവയർ ഫീറ്റ് വിസ്തീർണം. ടൗണിന്റെ പിന്തുണയും ലഭിക്കുന്നു. 600 പേർക്കിരിക്കാവുന്ന പള്ളിക്ക് ഒന്നര മില്യന്റെ മദ്ബഹ നിർമ്മിക്കുന്നു. പള്ളിയുടെ ബേസ്മെന്റിലെ ഹാളിൽ 400 ൽ പരം പേർക്കിരിക്കാം. ഇത് മലയാളികളുടെ വിവിധ പരിപാടികൾ നടത്താൻ ചെറിയ തുകക്ക് ലഭ്യമാണ്.

സ്പെക്ട്രം ഓട്ടോയുടെ ലോയൽറ്റി പ്രോഗ്രാം വഴി ആളുകൾക്ക് സ്ഥിരവും ചെലവ് കുറഞ്ഞതുമായ സേവനം നൽകാൻ കഴിയുമെന്ന് ബിനു ബേബി പറഞ്ഞു. വെസ്റ്റ് നയാക്കിലും മോൺട്രോസിലുമുള്ള ഷോപ്പുകൾ ടെസ്ല സർട്ടിഫൈഡ് കൊളീഷൻ സെന്ററുകൾ ആണെന്നും ബിനു ബേബി പറഞ്ഞു 1600 ഓളം ഫൈവ് സ്റ്റാർ റിവ്യൂ സ്ഥാപനത്തെപ്പറ്റി കണ്ടുവെന്ന ഫാ ജെറി ജേക്കബ് പറഞ്ഞു. നമ്മുടെ ആളുകളുടെ സ്ഥാപനങ്ങൾ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോയൽറ്റി പ്രോഗ്രാമിൽ സഭാംഗങ്ങൾ പങ്കെടുക്കുന്നു.



Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ലാഹോർ മിൻഹാജ് സർവകലാശാലയിൽ ഫാദർ ജോസഫ് വർഗീസ് പ്രസംഗിക്കുന്നു; ലോക മതങ്ങളെക്കുറിച്ച എട്ടാമത് അന്താരാഷ്ട്ര സമ്മേളനം ഒക്ടോബർ 25,26 തീയതികളിൽ

ജോർജ് തുമ്പയിൽ

പാക്കിസ്ഥാനിലെ ലാഹോറിൽ ഒക്ടോബർ 25,26 തീയതികളിൽ നടക്കുന്ന ലോക മതങ്ങളെക്കുറിച്ച എട്ടാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ (ICWR-2025). ഫാ. ഡോ. ജോസഫ് വർഗീസ് പ്രസംഗിക്കുന്നു. 'വിശിഷ്ട അതിഥി'യെന്ന നിലയിൽ സമ്മേളനത്തിൽ പ്രസംഗിക്കാൻ ക്ഷണിച്ചുകൊണ്ടുള്ള സർവകലാശാലയുടെ കത്ത് ഫാ. ജോസഫ് വർഗീസിന് ലഭിച്ചു. മിൻഹാജ് സർവകലാശാലയിൽ നടക്കുന്ന കോൺഫറൻസിന്റെ വിഷയം 'തീവ്രവാദത്തെ അതിന്റെ വേരുകളിൽ തടയുക, പ്രതിരോധശേഷിയുള്ള സമൂഹങ്ങൾ കെട്ടിപ്പടുക്കുക' എന്നതാണ്. മിൻഹാജ് സർവകലാശാലയും പാകിസ്ഥാൻ സർക്കാരും ചേർന്നാണ് കോൺഫറൻസ് സ്പോൺസർ ചെയ്യുന്നത്.

ഫാ. ഡോ. ജോസഫ് വർഗീസ് ലോകമെങ്ങുമുള്ള മതാന്തര പ്രവർത്തനങ്ങൾക്ക് നൽകിയ മികച്ച സംഭാവനകളും അദ്ദേഹത്തിന്റെ യുഎസ്എയിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ച് പ്രവർത്തനങ്ങളും പരിഗണിച്ചാണ് ഈ അംഗീകാരം.

പ്രശസ്ത ഇസ്ലാമിക സർവകലാശാലയായ മിൻഹാജ് സർവകലാശാല പാക്കിസ്ഥാനിലെ ഉന്നത പഠനത്തിനുള്ള മുൻനിര വിദ്യാഭ്യാസ സ്ഥാപനമായി അംഗീകരിക്കപ്പെടുന്നു. മതാന്തര തലത്തിലുള്ള പ്രവർത്തനങ്ങളുടെയും മതതീവ്രവാദത്തിനെതിരായ ശക്തമായ നിലപാടുകളുടെയും പേരിൽ സർവകലാശാല പ്രശസ്തമാണ്. ഷെയ്ഖ് ഉൽ ഇസ്ലാമും പ്രൊഫ. ഡോ. മുഹമ്മദ് താഹിർ-ഉൽ-ഖാദ്രിയും ചേർന്ന് 1986 ൽ സ്ഥാപിച്ച മിൻഹാജ് യൂണിവേഴ്സിറ്റി ലാഹോർ (എംയുഎൽ) സർക്കാർ ചാർട്ടേർഡ് സ്ഥാപനമാണ്, പാക്കിസ്ഥാൻ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സർവകലാശാലയ്ക്ക് മികച്ച വിഭാഗത്തിൽ സ്ഥാനം നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള 36 അക്കാദമിക് സ്കൂളുകൾക്കും പതിനൊന്ന് ഫാക്കൽറ്റികൾക്കും കീഴിൽ അണ്ടർ ഗ്രാജുവേറ്റ്, ഗ്രാജുവേറ്റ്, ഡോക്ടറൽ പ്രോഗ്രാമുകളിലായി 15000ലേറെ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, വിവിധ മതങ്ങളുടെ ദൈവശാസ്ത്രം സംബന്ധിച്ച് അക്കാദമിക് ഗവേഷണവും സംവാദവും പ്രോത്സാഹിപ്പിക്കുന്ന അന്തർദ്ദേശീയ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ ഈ സർവകലാശാല അന്താരാഷ്ട്ര തലത്തിൽ മികച്ച അംഗീകാരം നേടിയിട്ടുണ്ട്. മതപരമായ ബഹുസ്വരതയും ലോക സമാധാനവും (2017), ലോക മതങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം (2018), ശാസ്ത്രം, കാരണം, മതം (2019), ആത്മീയതയും മതവും (2021 ൽ- വെർച്വൽ), മതപരമായ വ്യത്യാസങ്ങൾ; മതാന്തര സംഭാഷണത്തിനുള്ള പുതിയ സാധ്യതകൾ (2022), ഉത്തരാധുനിക ലോകത്തിലെ മതങ്ങൾ-കാഴ്ചപ്പാടുകളും വെല്ലുവിളികളും (2023), മതത്തിന്റെ പേരിലുള്ള രാഷ്ട്രീയവും അക്രമവും (2024) എന്നിവയായിരുന്നു മുൻ കോൺഫറൻസുകളുടെ വിഷയങ്ങൾ.

സമാധാന ദൗത്യ യാത്രകളിലൂടെ ശ്രദ്ധിക്കപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ടവർക്കു വേണ്ടി സംസാരിക്കുന്ന ഫാ. ജോസഫ് വർഗീസ് ആത്മീയ പാതകളിലെ അനുകരണീയ വ്യക്തിത്വമാണ്. മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വിവിധ തലങ്ങളിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ജോസഫ് വർഗീസ് അച്ചൻ മലയാളികൾക്ക് സുപരിചിതനാണ്. നിലപാടുകളിലെ വ്യതിരിക്തത ഈ വൈദികന്റെ പ്രവർത്തന വഴികളെ വേറിട്ടതാക്കുന്നു. അന്ത്യോഖ്യ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് പത്തനംതിട്ട സ്വദേശിയായ ഫാ. ജോസഫ് വർഗീസ്. ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനക്രമ പഠനത്തിന്റെ പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (IRFT-New York), എക്സിക്യൂട്ടീവ് ഡയറക്ടറായും ഫാ. ജോസഫ് വർഗീസ് സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിൽ (RFP-USA) അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യുഎസ്എയുടെ ഇന്റർ റിലീജിയസ് ഡയലോഗു (NCC-USA) കളുടെ കോ കൺവീനറായും പ്രവർത്തിക്കുന്നു. മുപ്പത്തി ഏഴ് അംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിങ് ടേബിളിന്റെ കോ കൺവീനറുമാണ് ഫാ. ജോസഫ് വർഗീസ്.


സത്യവും സാമൂഹിക നീതിയും നടപ്പാക്കുന്നത് ലക്ഷ്യമിട്ട നാഷണൽ കൗൺസിൽ ഓഫ്



ചർച്ചസിന്റെ ഉപദേശക സമിതിയിലേക്ക് 2017 ൽ ഫാ. ജോസഫ് വർഗീസ് നോമിനേറ്റ് ചെയ്യപ്പെട്ടു. 2017 ഫെബ്രുവരി 5ന് മതങ്ങളുടെയും സർക്കാരുകളുടെയും ഉത്തരവാദിത്വം എന്ന വിഷയത്തെക്കുറിച്ച് ന്യൂയോർക്കിലെ യുഎൻ പ്ലാസയിൽ നടന്ന യുഎൻ കോൺഫറൻസിൽ ഫാ. ജോസഫ് വർഗീസ് പ്രത്യേക ക്ഷണിതാവായിരുന്നു. 2018 നവംബർ 2 മുതൽ 6 വരെ കാനഡയിലെ ടൊറന്റോയിൽ നടന്ന ലോകമതങ്ങളുടെ പാർലമെന്റിൽ ഫാ. ജോസഫ് വർഗീസ് മോഡറേറ്ററായിരുന്നു. മതപരമായ ബഹുസ്വരതയുമായി ഇടപഴകുന്നതിലെ വെല്ലുവിളികളും അവസരങ്ങളും എന്ന വിഷയത്തിൽ വേൾഡ് പാർലമെന്റിൽ നടന്ന ചർച്ചയിലും 2023 ഓഗസ്റ്റ് 1418 തീയതികളിൽ ഷിക്കാഗോയിലെ മക്കോർമിക് കൺവെൻഷൻ സെന്ററിൽ നടന്ന ചർച്ചയിലും ഫാ. ജോസഫ് വർഗീസ് മോഡറേറ്ററായി. ന്യൂയോർക്കിലെ യുഎൻ പ്ലാസ ആസ്ഥാനമായ സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് 2018 ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഫാ. ജോസഫ് വർഗീസ് എക്സിക്യൂട്ടീവ് കൗൺസിലിൽ തുടരുന്നു.

ഇറാഖ് യുദ്ധ വേളയിലും അതിനുശേഷമുണ്ടായ അഭയാർത്ഥി പ്രതിസന്ധി സമയത്തും അച്ചനോടൊപ്പം യുഎസ് പുരോഹിതരും പാസ്റ്റർമാരും ദുരിതാശ്വാസ ദൗത്യത്തിന്റെ ഭാഗമായി ജോർദാൻ, ലെബനൻ, സിറിയ എന്നിവിടങ്ങളിലേക്ക് സഹായങ്ങളുമായി യാത്ര ചെയ്തു. യുദ്ധ കാലത്ത് സമാധാന ദൗത്യത്തിനായി ലോക മതനേതാക്കളുമായുള്ള സന്ദർശനത്തിനുശേഷം യുക്രെയ്നിലെ കീവിൽ നിന്ന് മടങ്ങി. 2018 ഡിസംബർ 1719 തീയതികളിൽ തിരുപ്പതിയിൽ നടന്ന ഇന്റർനാഷണൽ ഹിന്ദു ക്രിസ്ത്യൻ കോൺഫറൻസിൽ ഫാ. ജോസഫ് വർഗീസ് ക്രിസ്ത്യൻ മതത്തെ പ്രതിനിധീകരിച്ചു. മതങ്ങളുടെയും സർക്കാരുകളുടെയും ഉത്തരവാദിത്വം എന്ന വിഷയത്തെക്കുറിച്ച് ന്യൂയോർക്കിലെ യുഎൻ പ്ലാസയിൽ നടന്ന കോൺഫറൻസിൽ അച്ചൻ പ്രത്യേക ക്ഷണിതാവായിരുന്നു.


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com



In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ലീലാമ്മ ചാക്കോ**

അഞ്ചൽ: മണക്കോട് ചരുവിള പുത്തൻ വീട്ടിൽ പി. സി.ചാക്കോയുടെ (ബേബിച്ചാൻ) ഭാര്യ ലീലാമ്മ ചാക്കോ (71) അന്തരിച്ചു. മക്കൾ:ജോളി ചാക്കോ (യു എസ് എ) ലാലി വറുഗീസ് (ഓസട്രേലിയ) ബിന്ദു ചാക്കോ (ഡൽഹി), ഷിബു ചാക്കോ (ഡാളസ്), ഇമ്മാനുവേൽ ചാക്കോ (അഞ്ചൽ). മരുമക്കൾ:ജോൺസൺ കോശി, ജോർജ് വറുഗീസ്,ജിജു എബ്രഹാം, രേഖാ ചാക്കോ, നീനു ചാക്കോ.

**സാറമ്മ ഏബ്രഹാം**

പുളിക്കൽകവല:വാഴവേലിൽ സാറമ്മ ഏബ്രഹാം (84) ചെന്നൈയിൽ അന്തരിച്ചു. ഭർത്താവ്: പരേതനായ കെ. പി. ഏബ്രഹാം . മക്കൾ: ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റിയംഗം ഫാ.ഫിലിപ് ഏബ്രഹാം (കലിഫോർണിയ), ബിനു), റെമി (ചെന്നൈ).



**ബേബി ജോർജ്**

ഡാളസ് : ബേബി ജോർജ് (90) കോട്ടയം താഴത്തങ്ങാടി പത്തിൽ കുടുംബാംഗം) ഡാളസിൽ അന്തരിച്ചു.പരേതനായ റവ. ഡോ. കെ.എസ്.ജോർജിന്റെ (തമ്പിഅച്ചന്റെ)ഭാര്യയും. സി എസ് ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് അംഗ വുമാണ്. സാം കെ. ജോർജ്, ആനി എബ്രഹാം (ആനി കെ. ജോർജ്) എന്നിവർ മക്കളും , ജിജുമോൻ എബ്രഹാം മരുമകളും. ജിന്നി എബ്ര ഹാം കൊച്ചുമകളുമാണ്.

**സാറാമ്മ ഉലഹന്നാൻ**

കോത്തല:തറക്കുന്നേൽ ഇടയ്ക്കാട്ടുകുന്ന് ഗവ. യുപിഎസ് റിട്ട. ടീച്ചർ സാറാമ്മ ഉലഹന്നാൻ (96) അന്തരിച്ചു. ഭർത്താവ്: പരേതനായ ടി.എസ്.ഉലഹന്നാൻ (എസ്ബിടി റിട്ട.). മകൻ: ഡോ. ടി.യു.സഖറിയാസ് (ബിലീവേഴ്സ് ആശുപത്രി തിരുവല്ല).



**ഷീന ഷാജൻ**

ന്യൂയോർക്ക്: കൈപ്പുഴ കൊച്ചുപുത്തൻപുരയ്ക്കൽ ഷാജൻ ബേബിയുടെ ഭാര്യ ഷീന ഷാജൻ (52) ന്യൂയോർക്കിൽ അന്തരിച്ചു.



**ജോബി ഫിലിപ്പ്**

കൈപ്പുഴ: പാലത്തുരുത്ത് പോളപ്രായിൽ പരേതനായ പി.ജെ.ഫിലിപ്പിന്റെ മകൻ ജോബി ഫിലിപ്പ് (46) അന്തരിച്ചു. ഭാര്യ: മരിയ ജോബി മുരിയംകോട്ട് (അരീക്കര). മക്കൾ: സാനിയ ജോബി, സച്ചിൻ ജോബി.



**അന്ന ജോയ്**

ഡാളസ്: ചെങ്ങന്നൂർ വെണ്മണി പരേതനായ എ ഓ ജോയിയുടെ ഭാര്യ അന്ന ജോയ് (കുഞ്ഞുമോൾ) ഡാലസിൽ അന്തരിച്ചു. ഏഴംകുളം കൈതപ്പറമ്പ് തെക്കേവിളയിൽ കുടുംബാംഗമാണ്. ഡാലസ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗമാണ്. മക്കൾ: ടീന ജോയ്, ടോണി ജോയ്, ടിജോ ജോയ് .മരുമക്കൾ: ബിജു കുര്യൻ, ബിൻസി ജോയ്, ജീന ജോയ്. കൊച്ചുമക്കൾ: ബെർണീസ് കുര്യൻ, ബ്ലെസി കുര്യൻ, ജോസായ ജോയ്, ലുക്ക് ജോയ്, നിക്കോളാസ് ജോയ്, ലിയാം ജോയ്.

**അലക്സ്സി.മാർക്കോസ്**

ഇത്തിത്താനം:ചിറത്തലാട്ട് മലേപ്പറമ്പ് അലക്സ് സി.മാർക്കോസ് (76) അന്തരിച്ചു. ഭാര്യ: മുത്തൂർ പുതുശേരിൽ പുത്തൻവീട്ടിൽ പരേതയായ മറിയാമ്മ.




**ജോർജ് കുരുവിള**

ചിക്കാഗോ : കൈപ്പുഴ മാന്തുരുത്തിൽ ജോർജ് കുരുവിള ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ മേരിക്കുട്ടി കുറുമുള്ളൂർ ഐക്കരപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സ്വപ്നാ കുരുവിള, വിനോദ് കുരുവിള. മരുമകൾ: എൽസി ചക്കാലയ്ക്കൽ (ഡാലസ്) കൊച്ചുമക്കൾ: കെന്നി, കെയ്സൺ.സഹോദരങ്ങൾ: ബ്രദർ ഏബ്രഹാം, പരേതനായ സൈമൺ & ഗ്ലോറി, ബ്രദർ മാത്യു, തോമസ് & ഷേർളി, പരേതനായ ആന്റണി & കരോളിൻ, ബിബി & സലിം, സിബി & വിജി, മിനി & ഏബ്രഹാം ചാലുപറമ്പിൽ, ജോസഫ് (ജോയ്) & ബെറ്റ്സി.

**രാധാദേവി**

തിരുവല്ല:കവിയൂർ കോട്ടൂർ വേങ്ങശേരി ഇല്ല ത്ത് അജിത്കുമാറിന്റെ ഭാര്യ രാധാദേവി (59) അന്തരിച്ചു. മക്കൾ: ശ്രീജിത്, ശ്രീഹരി.



**സൈമൺകുട്ടി**

താമ്പാ,ഫ്ളോറിഡ: കൊങ്ങാണ്ടൂർ ചാരാത്ത് കുടുംബാംഗമായ സൈമൺകുട്ടി (82) താമ്പയിൽ അന്തരിച്ചു. പുന്നത്തറ സെന്റ് സ്റ്റീഫൻസ് പള്ളി ഇടവകാംഗമായിരുന്ന കെ.ജെ.തോമസിന്റെയും ചിന്നമ്മ തോമസിന്റെയും (പരേതർ) സീമന്ത പുത്രനായ സൈമൺകുട്ടി, 1993 ൽ ചിക്കാഗോയിൽ എത്തി. ഭാര്യ പരേതയായ ശോശാമ്മ സൈമൺകുട്ടി, ചെങ്ങളം നെടുംചിറ കുടുംബാംഗമാണ്.മക്കൾ: നോയൽ ചാരാത്ത് (ബോസ്റ്റൺ), സോയാൽ ചാരാത്ത്, ആൻ സൽ തോമസ് (ഇരുവരും താമ്പ). മരുമക്കൾ: ജീഷ ചാരാത്ത്, റോസിലിൻ ചാരാത്ത് , സുജിത് തോമസ്.

**ഷീല അനിൽകുമാർ**

കുറിച്ചി:കുന്നത്തുപറമ്പിൽ ഭാര്യ ഷീല അനിൽകുമാർ (55) അന്തരിച്ചു.



**വി.ജി ബെയ്സിൽ**

കരോൾട്ടൻ (ടെക്സാസ്) കൊല്ലം കുണ്ടറ പടപ്പക്കര വി.ജി ബെയ്സിൽ (94, റിട്ട. അദ്ധ്യാപകൻ, സെന്റ് മൈക്കിൾസ് ഹൈസ്കൂൾ കുമ്പളം) ഡാളസിൽ കരോൾട്ടണിൽ അന്തരിച്ചു. ഭാര്യ: പടപ്പക്കര സരസുപുറത്തിൽ പരേതയായ ഫ്രീറ്റാമ്മ ബെയ്സിൽ.മക്കൾ: സാലു ബെയ്സിൽ, സെർജി ബെയ്സിൽ, സാജൻ ബെയ്സിൽ, സൂസൻ രാജു (എല്ലാവരും കരോൾട്ടൻ, യുഎസ്). മരുമക്കൾ: സിന്ധു സാലു, ജോസ്‌ലിൻ സെർജി, സിനി സാജൻ, രാജു ജോസഫ് (എല്ലാവരും കരോൾട്ടൻ, യുഎസ്).

**കുഞ്ഞുമോൾ**

നീണ്ടൂർ: നാരായണന്റെ ഭാര്യ കുഞ്ഞുമോൾ (80) അന്തരിച്ചു.മക്കൾ: ഷൈല, സുനിൽ. മരുമക്കൾ: പരേതനായ മോഹനൻ കടുത്തുരുത്തി, ലൈല കുമരകം.



**സതീഷ് തോമസ്**

പത്തനംതിട്ട: നാട്ടിലേക്കുള്ള യാത്രയ്ക്കിടെ അമേരിക്കൻ മലയാളി സതീഷ് തോമസ് (61) ദേഹാസ്വാസ്ഥ്യം മൂലം അബുദാബിയിൽ വച്ച് അന്തരിച്ചു. പത്തനംതിട്ട ചായലോട് പുത്തൻ വീട്ടിൽ കുടുംബാംഗമാണ്. .ഭാര്യ. സൂസൻ തോമസ്. മക്കൾ. ഷെറീന, ഷെറിൻ (യുഎസ്).

**കെ.വി.ജോസഫ്**

വാകക്കാട്:അഞ്ചുമല കാവനാപറമ്പിൽ കെ.വി. ജോസഫ് (അപ്പച്ചൻ-77) അന്തരിച്ചു. ഭാര്യ: അടിമാലി വെട്ടത്തുകുടിയിൽ മേരി. മക്കൾ: ജോമോൻ, ജോഷ്മോൻ, ജോഷ്മി, ജോൺസി, മോളി. മരുമക്കൾ: ബിൻസി ആലാകുന്നേൽ മലങ്കര, വിൽസൺ പലകചാരിക്കൽ മൂന്നിലവ്, മനോജ് തെക്കേടത്ത്, പരേതനായ ജയിംസ് കായാപനച്ചിക്കൽ.



**ശോശാമ്മ തോമസ്**


കോൺറോ (ടെക്സാസ്) :സെലിബ്രേഷൻ ചർച്ച് ഷിക്കാഗോ സഭയുടെ ആദ്യ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ കെ.എ. തോമസിന്റെ ഭാര്യ ശോശാമ്മ തോമസ് (82) ടെക്സസിലെ കോൺറോയിൽ അന്തരിച്ചു.

**കുട്ടിയമ്മ സ്കറിയ**

പുന്നത്തുറ: പരേതനായ സ്കറിയയുടെ മകൾ കുട്ടിയമ്മ സ്കറിയ (67) അന്തരിച്ചു.

**പി.ബി.അരുൺ**

മുണ്ടക്കയം:വണ്ടൻപതാൽ പെരുമാനമഠം പ്ലാന്റർ പി.എൻ.ഭാസിയുടെയും നിർമലയുടെയും മകൻ പി.ബി.അരുൺ (കണ്ണൻ-45) അന്തരിച്ചു. ഭാര്യ: ഡോ. സിമി മോഹൻദാസ് കിഴകൂട്ട് മുരിയാട് ഇരിങ്ങാലക്കുട മക്കൾ: അനുരാധ, അരുന്ധതി.



**കുര്യൻ വർഗീസ്**

കണക്കിക്കട്ട്: കുര്യൻ വർഗീസ് (കുഞ്ഞാമൻ, 80) പാലത്തുംതലയ്ക്കൽ കണക്കിക്കട്ടിൽ അന്തരിച്ചു. ഫോമയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം ന്യൂ ഇംഗ്ലണ്ട് റീജിയണിന്റെ ആർ. വി.പി ആയും നാഷണൽ കമ്മിറ്റി അംഗമായും സേവനമനുഷ്ഠിച്ചു.കേരള അസോസിയേഷൻ ഓഫ് കണക്റ്റിക്കട്ടിന്റെ മുൻ പ്രസിഡന്റും സജീവ അംഗവുമായിരുന്നു. ഭാര്യ: മറിയാമ്മ വർഗീസ് (ലിസി). മക്കൾ: അനിത വർഗീസ്, റൂബി വർഗീസ്, ജെസീക്ക വർഗീസ്. മരുമകൻ: രവി ശ്രീനിവാസൻ).

**ടി.കെ.രാമചന്ദ്രൻ**

കുറവിലങ്ങാട്:കാളികാവ് തുണ്ടത്തിൽ ടി.കെ.രാമചന്ദ്രൻ (80) അന്തരിച്ചു. ഭാര്യ: മേവട പുറക്കാട്ട് ശാന്തകുമാരി. മക്കൾ: ഹരിദാസൻ നായർ, രാജേഷ്.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News